ജനകീയാസൂത്രണം



സമഗ്രവികസനരേഖ

മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്.

31-7

ഒൻപതാം പദ്ധതി ജനകീയ പദ്ധതി

മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്

ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

സമഗ്ര വികസന രേഖ





കെ. ജി. സുരേഷ്
(വൈസ്പ്രസിഡൻറ്)

ജഗദമ്മ സോമൻ
(പ്രസിഡൻറ്)



ബി. അനിൽലാൽ
(സ്റ്റാന്റിംഗ്കമ്മറ്റി ചെയർമാൻ)



ററി. പി. ഗോപകുമാർ

എ,ലിസബത്ത് അബ്ദു



എൻ. പ്രസന്നകുമാരൻനായർ

എം. ജി. സുരേഷ്

എം. ആർ. ശാന്തകുമാരി



കെ. സജികുമാർ

ഉള്ളടക്കം.

1. ആമുഖം.

2. പഞ്ചായത്ത് പൊതുവിവരണം.
പഞ്ചായത്ത് ഭരണസമിതികൾ.

3. സാമൂഹിക-സാംസ്ക്കാരികചരിത്രപശ്ചാത്തലം.
ഭൂപ്രകൃതി.

4. സാമൂഹിക-സാമ്പത്തികമേഖലകൾ.
4—1 കൃഷിയും ജലസേചനവും.
4—2 മൃഗസംരക്ഷണം.
4—3 വ്യവസായം.
4—4 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്.
4—5 വിദ്യാഭ്യാസം.
4—6 പാർപ്പിടവും സാമൂഹ്യക്ഷേമവും.
4—7 കുടിവെള്ളവും പൊതുജനാരോഗ്യവും.
4—8 പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം.
4—9 സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തികപദവി.
4—10 സംസ്ക്കാരം.
4—11 സഹകരണം.
4—12 വിഭവസമാഹരണം.

1

ആമുഖം.

ഒരിക്കൽക്കൂടി ഈ കൊച്ചുകേരളം ഇന്ത്യയ്ക്കാകെ മാതൃകയാകാൻപോകുന്നു. നമ്മുടെ 9-ാംപഞ്ചവത്സരപദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ ഇടതുപക്ഷജനാധിപത്യമുന്നണി ഗവണ്മെൻറ് തീരുമാനിക്കുകയും അതനുസരിച്ച് ആസൂത്രണപ്രക്രിയ നടന്നുവരികയുമാണല്ലോ. കഴിഞ്ഞ എട്ട പദ്ധതികളിലും നമ്മുടെ ഗ്രാമത്തിൽ എന്തു നടപ്പാക്കണമെന്നു തീരുമാനിച്ചിരുന്നതു് ഡൽഹിയിലും തിരുവനന്തപുരത്തുമായിരുന്നു. പദ്ധതികൾ പലതും പരാജയപ്പെട്ടതിൻെറ പ്രധാനകാരണം ഇതായിരുന്നു. ഇനിയിപ്പോൾ നമ്മുടെ പദ്ധതികൾ നാംതന്നെ തീരുമാനിച്ച് നടപ്പാക്കാനുള്ള സുവർണ്ണാവസരമാണു് കൈവന്നിരിക്കുന്നതു്. പഞ്ചായത്തുകൾക്കു് അധികാരവും സമ്പത്തും ലഭിക്കുകയാണു്. നാടിൻെറ വികസനത്തിനായി ഈ അധികാരവും സമ്പത്തും വിനിയോഗിക്കപ്പെടണം. അല്പംപോലും ചോർച്ചയോ ദുർവിനിയോഗമോ ഉണ്ടായിക്കൂടാ. ജനപങ്കാളിത്തം ഇതിനു് അനിവാര്യമാണു്.

1996 ഒക്ടോബർ 2-നു് നാം പഞ്ചായത്തുതലശില്പശാലയും, ഒക്ടോബർ 10 മുതൽ 14 വരെ വിശേഷാൽ ഗ്രാമസഭകളും നടത്തി. പ്രതീക്ഷിച്ചതു ജനപങ്കാളിത്തം ഗ്രാമസഭകളിൽ ഉണ്ടായിരുന്നു എന്നു പറഞ്ഞുകൂടാ. എങ്കിലും വാർഡുതലപ്രശ്നങ്ങളാകെ ഉയർന്നുവരികയും പട്ടികപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. വികസന സെമിനാറിലൂടെ ഈ പ്രശ്നങ്ങൾക്കു് കൂടുതൽ വ്യക്തത ഉണ്ടാക്കാനാവും. തുടർന്നുള്ള സ്കീം തയ്യാറാക്കലും പദ്ധതി രൂപീകരിക്കലും വളരെ പ്രധാനമാണു്. ജനകീയാസൂത്രണവും നിർവ്വഹണവും ഫലപ്രാപ്തിയിലെത്തിക്കാൻ നമുക്കു് ഒത്തൊരുമിക്കാം.

2

പഞ്ചായത്ത്
പൊതുവിവരണം.

പഞ്ചായത്തിന്റെ പേര്	:	മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്.
ഉൾപ്പെടുന്ന വില്ലേജുകൾ	:	മലയാലപ്പുഴ, കോന്നിതാഴം, പത്തനംതിട്ട, വടശ്ശേരിക്കര.
ബ്ലോക്ക് പഞ്ചായത്ത്	:	കോന്നി.
ജില്ലാപഞ്ചായത്ത്	:	പത്തനംതിട്ട.
താലൂക്ക്	:	കോഴഞ്ചേരി.
അസംബ്ലി മണ്ഡലം	:	കോന്നി.
വിസ്തീർണ്ണം	:	27.53 ച: കി: മീ:
ജനസംഖ്യ	:	20100.
പുരുഷന്മാർ	:	9653.
സ്ത്രീകൾ	:	10447.
ജനസാന്ദ്രത	:	730.
വാർഡുകൾ	:	9.
പ്രസിഡൻറിന്റെ പേര്	:	ജഗദമ്മ സോമരാജൻ.
വൈസ് പ്രസിഡൻറ്	:	കെ. ജി. സുരേഷ്.
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ	:	ബി. അനിൽലാൽ.

2

പഞ്ചായത്ത് ഭരണസമിതികൾ.

കൊല്ലവർഷം 1123 കർക്കിടകം 23-നു് മലയാലപ്പുഴയിൽ വില്ലേജ് യൂണിയൻ രൂപീകരിക്കപ്പെട്ടു. ആദരണീയനായിരുന്ന താനുവേലിൽ ശ്രീ. ഗോവിന്ദക്കുറുപ്പായിരുന്നു പ്രസിഡൻറ്. ശ്രീ. കെ. ഗോപാലപിള്ള, ഡി. നാരായണൻനമ്പ്യാതിരി, പി. എം. തോമസ്, കെ. ഗോവിന്ദപ്പിള്ള, കെ. കിട്ടൻ, എം. കെ. ഗോപാലൻ എന്നിവർ അംഗങ്ങളും. പൊതുപ്രാധാന്യമുള്ള എല്ലാക്കാര്യങ്ങളിലും സജീവമായി ഇടപെടുന്ന ആളായിരുന്നു ഗോവിന്ദക്കുറുപ്പ്.

1953-ൽ ആദ്യത്തെ പഞ്ചായത്തു തെരഞ്ഞെടുപ്പ് നടന്നു. ആനചാരിക്കൽ ശ്രീ. കെ. എസ്. കേശവൻ (പ്രസിഡൻറ്) എൻ. കെ. നീലകണ്ഠൻ (വൈ: പ്രസിഡൻറ്) T. N. നാണുനായർ, N. പരമേശ്വരൻപിള്ള, K. രാഘവൻനായർ, P. G. ഫിലിപ്പ്, V. A. കരുണാകരൻ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. K. S. കേശവൻറെ പരിശ്രമഫലമായാണു് കുമ്പഴഎസ്റ്റേറ്റ് (ഇന്നത്തെ 6-ാംവാർഡു്) മലയാലപ്പുഴയോടുചേക്കാൻ കഴിഞ്ഞതു്. കെ. എസ്. കേശവൻ 1—1—1955-ൽ പ്രസിഡൻറുസ്ഥാനവും ഏതാനും മാസങ്ങൾക്കുശേഷം മെമ്പർസ്ഥാനവും രാജിവച്ചു. 25—9—1955-ൽ റവ. എൻ. നാണുനായർ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടു. വി. എ. കരുണാകരൻ, എൻ. കെ. നീലകണ്ഠൻ എന്നിവർ രാജിവച്ചുപോയതിനെത്തുടർന്നു് എം. ജി. നാരായണൻനായർ, കെ. ഗോപാലപിള്ള, കെ. എ. അയ്യപ്പൻ എന്നിവർ മെമ്പർമാരായി. മലയാലപ്പുഴ പഞ്ചായത്തിൻറെ ഭാഗമായിരുന്ന പള്ളിക്കുഴി, മയിലാടുപാറ പ്രദേശങ്ങൾ പത്തനംതിട്ട പഞ്ചായത്തിനോടു കൂട്ടിച്ചേർക്കപ്പെട്ടതു് നമുക്കു് വലിയ നഷ്ടം ഉണ്ടാക്കിയിട്ടുണ്ടു്.

1963 അവസാനം നടന്ന തെരഞ്ഞെടുപ്പിൽ M. N. മാധവൻനായർ, V. R. വേലായുധൻനായർ, K. A. അയ്യപ്പൻ, N. N. സദാനന്ദൻ, P. M. തോമസ്, P. G. ഫിലിപ്പ് V. K. വാസുപിള്ള, T. N. നാണുനായർ എന്നിവർ വിജയികളായി. പ്രസിഡൻറായി N. N. സദാനന്ദനേയും, വൈസ് പ്രസിഡൻറായി P. M. തോമസിനേയും തെരഞ്ഞെടുത്തു. ശ്രീമതി കെ. കെ. സുമതിയമ്മയെ വനിതാ പ്രതിനിധിയായി നോമിനേറ്റുചെയ്തു. അവർ രാജിവച്ചതിനെത്തുടർന്നു് ഈ. കെ. ചെല്ലമ്മ നോമിനേറ്റുചെയ്യപ്പെട്ടു. പഞ്ചായത്തിനു് സ്വന്തമായി ആഫീസ്കെട്ടിടം പണിയുകയും ഹൈസ്കൂൾ സ്ഥാപിക്കുകയും ഉൾപ്പെടെ നിരവധി വികസനപ്രവർത്തനങ്ങൾ ഈ കമ്മറിയുടെകാലത്തു് നടന്നിട്ടുണ്ടു്. പതിനഞ്ചിലധികം വർഷം ഈ കമ്മറി ഭരണം നടത്തി.

ശ്രീ. എൻ. എൻ. സോമരാജൻ പ്രസിഡൻറും, എം. ജി. നാരായണൻനായർ വൈസ് പ്രസിഡൻറും, വി. കെ. വാസുപിള്ള, വറുഗീസ് തോമസ്, തോമസ് വറുഗീസ്, എം. എം. തോമസ്, എൻ. എൻ. സദാനന്ദൻ, എ. എസ്. ചെല്ലയ്യ, ശ്രീമതി വി. എൻ. രത്നമ്മ എന്നിവർ അംഗങ്ങളുമായുള്ള കമ്മറ്റി 1-10-1979-ൽ ഭരണം ഏറ്റു. കൃത്യം 5 വർഷം തികയുന്ന 30-9-1984-ൽതന്നെ സർക്കാർ ഈ കമ്മറ്റിയെപിരിച്ചുവിട്ട്. പിന്നീട് 8-2-1988 വരെ സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും Spl. ആഫീസർമാർ ഭരണം നടത്തി.

8-2-1988-ൽ പുതിയ കമ്മറ്റി നിലവിൽവന്നു. ശ്രീ മലയാലപ്പുഴ ഗോപാലകൃഷ്ണൻ (പ്രസിഡൻറ്) ശ്രീമതി മോളിക്കുട്ടി ജോർജ്ജ് (വൈസ് പ്രസിഡൻറ്) എം. എം. തോമസ്, കെ. എൻ. രാധാകുമാരിയമ്മ, എൻ. എൻ. ദാമോദരൻ, ജോർജ്ജ് തോമസ്, എസ്. കുഞ്ഞയ്യ, കെ. കെ. വാസുദേവൻനായർ, ശമുവൽ കിഴക്കുപുറം ഇവരായിരുന്നു അംഗങ്ങൾ. മലയാലപ്പുഴ ഗോപാലകൃഷ്ണൻ പ്രസിഡൻറുപദം രാജിവച്ചതിനെത്തുടർന്ന് 4-11-1991-ൽ ശ്രീ. എം. എം. തോമസ് പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടു.

ഇപ്പോഴത്തെ ഭരണസമിതി 1995 ഒക്ടോബർ 2-നു് സത്യപ്രതിജ്ഞചെയ്ത് അധികാരമേറ്റു.

3

സാമൂഹിക–സാംസ്കാരിക ചരിത്രപശ്ചാത്തലം.

വളരെ പുരാതനമായ ഒരു ചരിത്രമാണ് മലയാലപ്പുഴയ്ക്കുള്ളത്. മഹാശിലായുഗമെന്നു് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ള 3000 വർഷത്തോളം പഴക്കംവരുന്ന പ്രാചീന സംസ്കാരം ഇവിടെ നിലനിന്നിരുന്നു. മയിലാട്ടുപാറ കോട്ടമുക്കുഭാഗത്തും കുമ്പളത്താമണ്ണിലും കാണുന്ന തൊപ്പിക്കല്ലുകളും ഇതിനു് തെളിവുകളാണു്. ചീങ്കൽത്തടത്തിൽ ഏതാനും വർഷങ്ങൾക്കുമുമ്പു് റോഡ് നിർമ്മിച്ചുകൊണ്ടിരിക്കുമ്പോൾ ചില മൺകുടങ്ങൾ കണ്ടെത്തുകയുണ്ടായി. അഞ്ചടി പൊക്കവും 3 ഇഞ്ച് കനവും ഉണ്ടായിരുന്ന ഈ കുടങ്ങളിൽ ചെറിയ വാളിന്റെയും മറ്റായുധങ്ങളുടെയുമൊക്കെ അവശിഷ്ടങ്ങളുണ്ടായിരുന്നു. ഈ കലങ്ങൾക്കു് 2700 വർഷത്തെ പഴക്കമുണ്ടെന്നു് കേരളാ യൂണിവേഴ്സിറ്റിയുടെ ചരിത്രവിഭാഗം പറയുന്നു. പൊതീപ്പാട്ട് സ്കൂളിന്റെസമീപത്തും ഇത്തരം കുടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇറമ്പാത്തോട്ടഭാഗത്തു് മുമ്പുകാണാനുണ്ടായിരുന്ന ആഴവും വിസ്താരവുമേറിയ ശിലാഗുഹകളും ഈ സംസ്കാരത്തിന്റെ ഭാഗംതന്നെയാണു്.

മദ്ധ്യതിരുവിതാംകൂറിലെ പ്രശസ്ത ക്ഷേത്രങ്ങളിലൊന്നാണു് മലയാലപ്പുഴ ദേവീക്ഷേത്രം. ആയിരത്തിലധികം വർഷത്തെ പഴക്കം ഇതിനുണ്ട്. ക്ഷേത്രത്തിന്റെ ബലിക്കല്ലിൽ കൊല്ലവർഷം 90 എന്നു് രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. ക്ഷേത്രപുനഃരുദ്ധാരണവേളയിൽ ഈ ശില എങ്ങനെയോ തകർന്നുപോയി. ദീർഘകാലം പന്തളം രാജാക്കന്മാരുടെ അധീനതയിലായിരുന്ന മലയാലപ്പുഴ കാലാന്തരത്തിൽ എളങ്ങല്ലൂർ (ഇടപ്പള്ളി) സ്വരൂപത്തിന്റെ ദേശങ്ങളിലൊന്നായിത്തീർന്നു.

ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾവരെ ശക്തമായ ജന്മിത്വം ഇവിടെ നിലനിന്നിരുന്നു. തോമ്പിൽകൊട്ടാരത്തിലേക്കു് വാരവും, ഇടപ്പള്ളിസ്വരൂപത്തിലേക്കു് മിച്ചവാരവും ജനങ്ങൾ നൽകിയിരുന്നു. കാലത്തിന്റെ കുത്തൊഴുക്കിൽ പ്രതാപൈശ്വര്യങ്ങൾ ഒന്നൊന്നായി നഷ്ടപ്പെട്ടുകൊണ്ടിരുന്നപ്പോൾ ഗ്രാമത്തിന്റെ ഒരുഭാഗം വഞ്ഞിപ്പുഴമഠത്തിനു കൈമാറ്റംചെയ്യപ്പെട്ടു. കണ്ടത്തിൽ ചെറിയാൻ മാമ്മൻ എക്കറിന് 15 രൂപാ ക്രമത്തിൽ മഠത്തിൽനിന്നും വാങ്ങിയ സ്ഥലം 1088 കന്നി 13-നു് ഹാരിസൺ ആൻഡ് ക്രോസ്ഫീൽഡ് കമ്പനിക്കു് 95 രൂപാക്രമത്തിൽ വില്പന നടത്തി. ഈ ക്രയവിക്രയത്തിൽനിന്നു് ലഭിച്ച ആദായമാണു് കണ്ടത്തിൽ കുടുംബത്തെ ധനികരാക്കിയതെന്നകാര്യം അധികമാർക്കും അറിഞ്ഞുകൂടാ. അനാഥമായിത്തീർന്ന തോമ്പിൽ കൊട്ടാരത്തിന്റെ ചില ഭാഗങ്ങൾ മാത്രമേ ഇപ്പോൾ അവശേഷിച്ചിട്ടുള്ളൂ. ചരിത്ര സ്മാരകമായി ഈ കൊട്ടാരം സംരക്ഷിക്കപ്പെടുകതന്നെവേണം.

ദേശീയപ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്ത നിരവധിയാളുകൾ ഇന്നാട്ടിൽ ഉണ്ടായിരുന്നു. നിവർത്തനപ്രക്ഷോഭത്തിൽ പങ്കെടുത്തു് അറസ്റ്റുവരിച്ച കല്ലിട്ടക്കിൽ കിട്ടൻ സാർ ജയിൽ വിമുക്തനായപ്പോൾ വീരോചിതമായ സ്വീകരണമാണു് ലഭിച്ചതു്. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ഒരുകാലത്തു് ഇവിടെ ശക്തമായിരുന്നു. ശ്രീനാരായണ പ്രസ്ഥാനങ്ങളുടെ വളർച്ചയും വൈക്കം സത്യാഗ്രഹത്തിന്റെയും പുരോഗമനപ്രസ്ഥാനങ്ങളുടേയും കലാസാംസ്കാരിക സമിതികളുടേയും സ്വാധീനവും ക്ഷേത്രപ്രവേശന വിളംബരവുമൊക്കെ ഈ അസ്പൃശ്യത വളരെവേഗം അപ്രത്യക്ഷമാകാൻ സഹായിച്ചു.

1940-കളിൽതന്നെ കുമ്പഴ എസ്റ്റേറ്റിൽ ട്രേഡ്യൂണിയൻ പ്രസ്ഥാനം ശക്തിപ്പെട്ടു. ആദ്യം A I T U C-യും തുടർന്നു് I N T U C-യും രൂപീകരിക്കപ്പെട്ടു. തൊഴിലാളികളുടെ അവകാശങ്ങൾ സ്ഥാപിച്ചെടുക്കുന്നതിനു് ഈ സംഘടനകൾ വലിയ സംഭാവനകൾ നൽകിയിട്ടുണ്ടു്. അൻപതുകളുടെ ഉത്തരാർദ്ധത്തിൽ വലിയൊരു കർഷകപ്രസ്ഥാനം മലയാലപ്പുഴയിൽ രൂപംകൊണ്ടു. മഹിളാപ്രസ്ഥാനവും ഈ കാലഘട്ടത്തിലാണു് ആരംഭിച്ചതു്. കർഷക, മഹിളാസംഘടനകൾക്കു് അന്നുണ്ടായിരുന്ന വളർച്ചയും സ്വാധീനവും തുടർന്നു് നിലനിർത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന സംശയമാണു്.

മലയാലപ്പുഴയിലെ ആദ്യത്തെ വിദ്യാഭ്യാസസ്ഥാപനം കൊല്ലവർഷം 1091 മിഥുനം 1-ാംതീയതി സ്ഥാപിതമായ മലയാലപ്പുഴ ഗവൺമെന്റു് L. P. സ്കൂളാണു്. തോമ്പിൽ കൊട്ടാരത്തിൽ നിന്നും സൗജന്യമായി നൽകിയ 30 സെന്റു സ്ഥലത്തു് താനവേലിൽ ശ്രീ. ഗോവിന്ദക്കുറുപ്പിന്റെ നേതൃത്വത്തിൽ ഉല്പതിഷ്ണുക്കളായ ഏതാനും ആളുകൾചേർന്നു് കെട്ടിടം പണിഞ്ഞു സ്കൂൾ ആരംഭിച്ചു. കോന്നി സ്വദേശിയായ ശ്രീ. കൃഷ്ണൻനായരായിരുന്നു ആദ്യ ഹെഡ്മാസ്റ്റർ. 1936-ൽ സഹകരണസംഘംവക കെട്ടിടത്തിൽ മലയാളം മിഡിൽസ്കൂൾ ആരംഭിച്ചു. ചക്കാലേത്തുകിഴക്കേതിൽ നാരായണൻ കൃഷ്ണൻ - സംഭാവനചെയ്ത 90 സെന്റു സ്ഥലത്തേക്കു് സ്കൂൾ പിന്നീടു മാറ്റിസ്ഥാപിച്ചു. അതാണു് ഇന്നത്തെ N. S. S. U. P. S. 1940-ൽ പൊതിപ്പാടു് S N D P L P S ആരംഭിച്ചു. 1960-ൽ അതു് U. P. സ്കൂളായി അപ്ഗ്രേഡുചെയ്തു. 1966 ജൂൺ 1-ാംതീയതി പ്രവർത്തനം തുടങ്ങിയ J M P H S-നു വേണ്ടിയിരുന്ന $3\frac{1}{2}$ ഏക്കർ സ്ഥലവും നാട്ടുകാർ സൗജന്യമായി നൽകിയതാണു്. 9 L P സ്കൂളുകളും 3 U P സ്കൂളുകളും ഒരു ഹൈസ്കൂളുമടക്കം ആകെ 13 വിദ്യാലയങ്ങളും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി ഇന്നുണ്ടു്. ഇവയിൽ 5 എണ്ണം സർക്കാർ വിദ്യാലയങ്ങളും, 7 എണ്ണം സ്വകാര്യവിദ്യാലയങ്ങളും, ഹൈസ്കൂളും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുമാണു്. കുമ്പഴ എസ്റ്റേറ്റിൽ അതിലെ തൊഴിലാളികളുടെ മക്കൾക്കായി നടത്തുന്ന ഒരു L P സ്കൂളും ഒഴിച്ചാൽ പഞ്ചായത്തിൽ വേറെ അൺഎയിഡഡു് വിദ്യാലയങ്ങളും ഇല്ല.

ആയുർവ്വേദചികിത്സാരംഗത്തു് ഒരു നല്ല പാരമ്പര്യം ഈ നാടിനുണ്ടായിരുന്നു. കൊട്ടാരം വൈദ്യൻ ശ്രീ രാമവാര്യരുടെ ശിഷ്യൻ കൈപ്പുഴവിൽ ശ്രീ പരമേശ്വരൻനമ്പൂതിരി ഈ രംഗത്തെ ഒരു അതികായനായിരുന്നു. ഇറമ്പാത്തോട്ടിൽ നാണുപിള്ളവൈദ്യർ, പത്തിശ്ശേരിൽ നീലകണ്ഠൻവൈദ്യർ, പുതുക്കുളം പദ്മനാഭൻവൈദ്യർ, വട്ടമൺക്കുഴിയിൽ കേശവൻവൈദ്യർ എന്നിവരൊക്കെ അറിയപ്പെട്ട ഭിഷഗ്വരന്മാരായിരുന്നു. അത്രത്തോളം

പ്രഗത്ഭരായവർ ഇന്നീ രംഗത്ത് ചുരുക്കമാണ്. ഒരു P. H. സെൻറർ ഉണ്ടെന്നതൊഴിച്ചാൽ അലോപ്പതിമേഖലയിലും കാര്യമായ പുരോഗതിയൊന്നുമില്ല. നിസ്സാര രോഗങ്ങൾക്കുപോലും പത്തനംതിട്ടയിലും സമീപപ്രദേശങ്ങളിലുമുള്ള ആശുപത്രികളെ സമീപിക്കേണ്ട ഒരവസ്ഥയാണിന്നുള്ളത്. വെട്ടൂരിൽ ഗവൺമെൻറ് ആയുർവ്വേദാശുപത്രി പ്രവർത്തിക്കുന്നു. 1944-ൽ ചീങ്കൽത്തടത്തിൽ കാക്കവൈദ്യൻ ആരംഭിച്ച മണ്ണുചികിത്സാകേന്ദ്രം 1971 വരെ വളരെ നല്ല നിലയിൽ പ്രവർത്തിച്ചു.

മലയാലപ്പുഴയ്ക്ക് പുറംലോകവുമായി ബന്ധപ്പെടാൻ ആദ്യകാലത്ത് രണ്ടുനടപ്പാതകളും മാത്രമാണുണ്ടായിരുന്നത്. മുള്ളൂട്ടുങ്കൽ—കണ്ണൻപാറവഴിയുള്ള പാതയും, പത്തിയം—വെട്ടൂർവഴിയുള്ള പാതയും. കയറ്റങ്ങളും ഇറക്കങ്ങളും തോടുകളും പാറക്കെട്ടുകളുംകൊണ്ട് അവ ദുർഘടങ്ങളായിരുന്നതാണും. 1914-ൽ നാട്ടുകാർ ഒത്തുകൂടി കുമ്പഴ—മലയാലപ്പുഴ റോഡുനിർമ്മിച്ചു. ഇതും നടക്കാൻമാത്രം ഉപകരിക്കുന്ന വഴിയായിരുന്നു. 1957-ൽ കുമ്പഴ—മലയാലപ്പുഴറോഡും തുടർന്ന് മണ്ണാരക്കുളഞ്ഞി—പുതുക്കുളംറോഡും P W D ഏറ്റെടുക്കുകയും, 1963 അവസാനത്തോടെ മെറ്റിലിട്ട ഗതാഗതയോഗ്യമാക്കുകയും ചെയ്തു. 1964 ജനുവരി 1-ൽ കുമ്പഴ—മലയാലപ്പുഴ—പുതുക്കുളം റൂട്ടിൽ ബസ്സ്ഗതാഗതം ആരംഭിച്ചു. 1968-ൽ കുമ്പഴ—മലയാലപ്പുഴ റോഡ് ടാർ ചെയ്തു. കാഞ്ഞിരപ്പാറ—കിഴക്കുപുറം—വെട്ടൂർ റോഡ് 1968-ൽ ഗവണ്മെൻറ് ഏറ്റെടുത്തു. റോഡിൻെറ വീതി കൂട്ടി മൺവേലകളും മുഴുവൻ നടത്തിയാണ് നാട്ടുകാർ P W D-യെ റോഡ് ഏല്പിച്ചതു്. ഏതാണ്ട് 20000 മനുഷ്യാഹോരാത്രങ്ങൾ വേണ്ടിവന്ന ഈ പണി പൂർത്തിയാക്കാൻ. പാഴായിപ്പോകുന്ന മനുഷ്യവിഭവശേഷി വികസനപ്രവർത്തനങ്ങൾക്ക് ഫലപ്രദമായി എങ്ങനെ വിനിയോഗിക്കാമെന്നതിനു് ഒരു നല്ല മാതൃകയായിരുന്നു ഈ മഹായജ്ഞം.

ആദ്യകാലവീടുകൾ മുഴുവൻ പുല്ലുമേഞ്ഞവയായിരുന്നു. മുള, ഈറ, മറ്റു കഴകൾ ഇവ ഉപയോഗിച്ചാണ് വീടുകൾ നിർമ്മിച്ചിരുന്നതു്. മണ്ണുകൊണ്ട് ചുമരും ഉണ്ടാക്കിയിരുന്നു. വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നു രക്ഷപ്പെടാൻ ചുറ്റോടുചുറ്റും അഴികളുണ്ടാക്കി അതിൻ മേലാണ് മേൽക്കൂരകൾ ഉറപ്പിച്ചിരുന്നതു്. കാലക്രമത്തിൽ അറകളും നിരകളുമുള്ള പരിഷ്കൃത ഭവനങ്ങൾ ഉണ്ടായിത്തുടങ്ങി. നാലുകെട്ടുകളും ധാരാളം ഉണ്ടായിരുന്നു. ഈ നൂറ്റാണ്ടിൻെറ മദ്ധ്യമായപ്പോഴേക്കും വീടുകളുടെ നിർമ്മാണത്തിലാകെ മാറ്റംവന്നു. പുല്ലിൻെറ സ്ഥാനത്ത് ഓലയും ക്രമേണ ഓടും ഉപയോഗിച്ചുതുടങ്ങി. ഭിത്തികെട്ടാൻ വെട്ടുകല്ലാണ് ഇക്കാലത്ത് ഉപയോഗിച്ചതു്. ഇപ്പോൾ നിർമ്മിക്കുന്ന വീടുകൾ മിക്കതും കോൺക്രീറ്റുകെട്ടിടങ്ങളാണ്. ഓലമേഞ്ഞവീടുകൾ താരതമ്യേന കുറവാണ്.

സാമൂഹ്യക്ഷേമ രംഗങ്ങളിലാകെ ഒട്ടൊക്കെ പുരോഗതി കഴിഞ്ഞകാലത്തുണ്ടായിട്ടുണ്ട്. എന്നാൽ ഉല്പാദനമേഖല വർഷങ്ങളായി മുരടിച്ചുനിൽക്കുന്നു. കാര്യമായ വ്യവസായങ്ങളൊന്നുംതന്നെ ഇവിടെയില്ല. കാർഷികമേഖലയിൽ വലിയ തളർച്ച അനുഭവപ്പെടുന്നു. ഈ അവസ്ഥ തുടർന്നാൽ നേടിയ പുരോഗതിപോലും നിലനിർത്താനാവാതെവരും. അതിരൂക്ഷമായ തൊഴിലില്ലായ്മയാണ് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നതു്. അഭ്യസ്തവിദ്യരായ ബഹുഭൂരിപക്ഷത്തിനും തൊഴിലില്ല; വിശേഷിച്ചും സ്ത്രീകളിൽ. പാഴായിപ്പോകുന്ന ഈ ജനശക്തി ഉല്പാദനമേഖലകളിലേക്ക് തിരിച്ചുവിടേണ്ടിയിരിക്കുന്നു. അതിനുവേണ്ട സാഹചര്യങ്ങളും ഒരുക്കാനായി നമുക്ക് ഒത്തൊരുമിക്കാം.

3

ഭൂപ്രകൃതി

അവലംബം: പഠനപര്യടനം, റവന്യൂരേഖകൾ, കൃഷിഭവൻ രേഖകൾ.

മനോഹാരിത വഴിഞ്ഞൊഴുകുന്ന പ്രദേശമാണ് മലയാലപ്പുഴ. ഇരുവശത്തും പുഴകളുള്ള മലകളും നിറഞ്ഞ പ്രദേശം എന്ന അർത്ഥത്തിലാകാം മലയാലപ്പുഴ എന്ന് പേർ വന്നത്. ഭൂവിസ്തൃതിയുടെ ഏതാണ്ട് 93% വരും ഈ മലകളും. വടക്കുപടിഞ്ഞാറുഭാഗത്തുനിന്നും തെക്കുകിഴക്കുഭാഗത്തേക്ക് ചരിഞ്ഞാണ് പഞ്ചായത്തിന്റെ കിടപ്പ്. വടക്ക് കല്ലാറും വടശ്ശേരിക്കര പഞ്ചായത്തും, തെക്ക് അച്ചൻകോവിലാറും, കിഴക്ക് കോന്നി പഞ്ചായത്തും, പടിഞ്ഞാറ് മൈലപ്രാ പഞ്ചായത്തുമാണ് അതിരുകൾ.

ഭൂപ്രകൃതി.

ഭൂപ്രകൃതിയനുസരിച്ച് പൊതുവെ അഞ്ച് മേഖലകളായി ഈ പ്രദേശത്തെ തിരിക്കാം.

1. ഉയർന്ന മലകൾ.
2. കുത്തനെയുള്ള ചരിവുകൾ.
3. ചെറിയ ചരിവുകൾ.
4. ഇടുങ്ങിയ താഴ്വരകൾ.
5. നദീതീരസമതലം.

ഉയർന്ന മലകൾ.

പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറുഭാഗങ്ങളിൽ വളരെ പൊക്കംകൂടിയ മലകളാണുള്ളത്. 850–900 അടി വരെ പൊക്കമുള്ള മലകൾ ഈ ഭാഗത്തുണ്ട്. ഇതോടൊപ്പമെത്തുന്ന കുന്നുകൾ മറ്റു പ്രദേശങ്ങളിലുമുണ്ട്. കുമ്പഴ എസ്റ്റേറ്റിലെ 19-ാംഡിവിഷൻ, ബംഗ്ലാംമുരുപ്പ്, ചീങ്കൽത്തടം, കോട്ടമല, നീളാത്തിമുരുപ്പ്, ചെറുകുന്നുമല, മോളത്തറമുരുപ്പ്, മുണ്ടയ്ക്കൽമുരുപ്പ്, മണലൂർമുരുപ്പ്, ഉപ്പിടംപാറ, വെള്ളറമുരുപ്പ്, പാറപ്പള്ളിൽമുരുപ്പ് തുടങ്ങിരണ്ട് ഡസനിലധികംവരുന്ന ഈ വലിയ മലകൾ. ഇവയുടെ വശങ്ങൾ കുത്തനെയുള്ള ചരിവുകളാണ്. പല പ്രദേശങ്ങളിലും കയ്യാലകൾ നിർമ്മിക്കാത്തതുകൊണ്ട് മണ്ണൊലിപ്പ് വളരെ കൂടുതലായുണ്ട്. ചില പ്രദേശങ്ങൾ മണ്ണൊലിച്ചുപോയി പാറക്കെട്ടുകൾ തെളിഞ്ഞിരിക്കുന്നു.

കുന്നിൻചരിവുകളിൽ അധികവും റബ്ബർകൃഷി നടത്തുന്നതായിട്ടാണ് കാണുന്നത്. ചെറിയ ചരിവുകളിൽ മണ്ണൊലിപ്പ് താരതമ്യേന കുറവാണ്.

മലകൾക്കിടയിലുള്ള താഴ്വരകൾ പൊതുവെ ഇടുങ്ങിയവയാണ്. ചുരുക്കം ചില താഴ്വരകൾമാത്രം വാലുകളായി രൂപാന്തരപ്പെട്ടിട്ടുണ്ട്. വെള്ളറ, കിഴക്കുപുറം, പൊതീപ്പാട്, മുണ്ടയ്ക്കൽ ഭാഗങ്ങളിലായി ഏതാണ്ട് 65 ഹെക്ടർ വിസ്തീർണ്ണം വരുന്ന വയലുകൾ ഈ പട്ടികയിൽപ്പെടുത്താവുന്നതാണ്. വെട്ടൂർ 8, 9 വാർഡുകളിലായി അച്ചൻകോവിലാറിന്റെ തീരമാണ് നദീതീരസമതലം. ഫലഭൂയിഷ്ഠമായ ഈ പ്രദേശത്തിന്റെ നല്ലൊരുഭാഗം ഇഷ്ടികക്കളങ്ങളായി മാറിയിരിക്കുന്നു.

കാലാവസ്ഥ.

ജില്ലയിൽ അനുഭവപ്പെടുന്ന കാലാവസ്ഥയാണ് പൊതുവെ പഞ്ചായത്തിലും ഉള്ളത്. എന്നാൽ ഉയർന്ന പ്രദേശമെന്നനിലയിൽ ചൂട് അല്പം കുറവുണ്ട്. നല്ല മഴയും കിട്ടുന്നുണ്ട്. ജൂൺ മുതൽ സെപ്തംബർ വരെ കാലവർഷവും, ഒക്ടോബർ, നവംബർ മാസങ്ങളിൽ തുലാവർഷവും ലഭിക്കുന്നു. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ കഠിനമായ ചൂട് അനുഭവപ്പെടുന്നു. മെയ്മാസത്തിൽ വേനൽമഴയും കുറെയൊക്കെ ലഭിക്കുന്നുണ്ട്. ഡിസംബർ, ജനുവരി മാസങ്ങളിൽ നല്ല തണുപ്പാണ് മുൻകാലങ്ങളിൽ അനുഭവപ്പെട്ടിരുന്നത്. ഇന്ന് അത്രത്തോളം തണുപ്പ് ഇല്ല.

ജലലഭ്യത.

പഞ്ചായത്തിന്റെ തെക്കും വടക്കും അതിർത്തികളിൽക്കൂടി അച്ചൻകോവിലാറും കല്ലാറും ഒഴുകുന്നു. എന്നാൽ കൃഷിക്ക് ഈ നദികളിലെ വെള്ളം വേണ്ടത്ര പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. വെട്ടൂരിൽമാത്രം ഒരു ലിഫ്റ്റ് ഇറിഗേഷൻപദ്ധതി നിലവിലുണ്ട്. അതു് പലപ്പോഴും പ്രവർത്തനരഹിതമാണ്. മുള്ളൂട്ടുകൽതോട്, മീമ്മൂട്ടിക്കൽതോട് ,വെള്ളറത്തോട്, കിഴക്കുപുറം തോട്, വടക്കുപുറംതോട് എന്നിങ്ങനെ ഒരു ഡസനോളം വരുന്ന തോടുകൾ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ ഒഴുകുന്നുണ്ട്. വേനൽക്കാലത്തു് ഇവയെല്ലാം വറ്റി വരളുന്നു. ചെറുതും വലുതുമായ നിരവധി കുളങ്ങൾ പഞ്ചായത്തിലുണ്ട്. കാർഷികാവശ്യങ്ങൾക്കു് ഇവയൊന്നും പ്രയോജനപ്പെടുന്നില്ല. ഭൂഗർഭജലം നന്നേ കുറവാണ്. 18 കുഴൽ കിണറുകളാണ് ഇവിടെ നിർമ്മിച്ചിട്ടുള്ളതു്. എന്നാൽ വെള്ളം കിട്ടുന്നവ അവയിൽ ആറോ ഏഴോ മാത്രം.

മണ്ണ്.

പഞ്ചായത്തിന്റെ അധികം പ്രദേശങ്ങളിലും ചുവന്ന മണ്ണാണ് കാണുന്നത്. ഫലപുഷ്ടിയുള്ളതാണ് ഈ മണ്ണ്. വെട്ടൂരിൽ നദീതീരസമതലത്തിൽ എക്കൽമണ്ണുണ്ട്. കാറാടിഭാഗത്തു് ചീങ്കമണ്ണാണ് അധികവും. വെള്ളറ, കിഴക്കുപുറം, പൊതീപ്പാട് ഭാഗങ്ങളിലെ വയലുകളിൽ ചെളിമണ്ണാണുള്ളതു്. മൂന്നാം വാർഡിലെ നല്ലൂരിൽ വലിയൊരു ഭാഗം പാറക്കെട്ടുകളാണ്. എന്നാൽ അവയ്ക്കിടയിൽ നല്ല ഫലപുഷ്ടിയുള്ള കറുത്ത മണ്ണുണ്ട്.

ഭൂവിനിയോഗം.

6789 ഏക്കർ കൃഷിസ്ഥലമാണ് പഞ്ചായത്തിലുള്ളതു്. ഇതു കൂടാതെ 2500 ഏക്കർ വരുന്ന കമ്പനി എസ്റ്റേറ്റുവക റബ്ബർ പ്ലാന്റേഷനുമുണ്ട്. 160 ഏക്കറാണ് നിലത്തിന്റെ വിസ്തൃതി. പ്രധാന കൃഷി റബ്ബറാണ്. മൂവായിരം ഏക്കറോളംവരും ഇതു്. 48 ഏക്കർ സ്ഥലം തരിശുഭൂമിയാണ്. 135 ഏക്കർ സ്ഥലം കാർഷികേതര ആവശ്യങ്ങൾക്കു് ഉപയോഗിക്കുന്നു.

ജൈവസമ്പത്തു്.

വിപുലമായ ഒരു ജൈവസമ്പത്താണ് ഇവിടെ ഉണ്ടായിരുന്നതു്. എന്നാൽ കാലം ചെല്ലുംതോറും ഇവ കുറഞ്ഞുവരുന്നു. വിപുലമായ ഒരു ഔഷധസസ്യസമ്പത്തു് ഇന്നും ഇവിടെ ഉണ്ടു്. കുതിരാംകളം ഭാഗത്തു് കാവുകളുടെ ഒരു സമുച്ചയംതന്നെ ഉണ്ടു്. മറ്റു പ്രദേശങ്ങളിലും അങ്ങിങ്ങു് കാവുകൾ കാണാം. ഈ കാവുകളിൽ അപൂർവ്വസസ്യങ്ങൾ ധാരാളം ഉണ്ടു്. മരപ്പട്ടി, വെരുകു് തുടങ്ങിയ മൃഗങ്ങളും പലതരം പക്ഷികളും ഇവിടെ ജീവിക്കുന്നു. മുകൾഭാഗത്തു് മൂങ്ങ, മയിൽ, വേഴാമ്പൽ തുടങ്ങിയ പക്ഷികളെ ചിലകാലങ്ങളിൽ കാണാം.

മനുഷ്യവിഭവം.

പഞ്ചായത്തിലെ ജനസംഖ്യ 20100 ആണ്. ഇതിൽ 9653 പേർ പുരുഷന്മാരും 10447 പേർ സ്ത്രീകളുമാണ്. ഇതു് 1996-ലെ കണക്കാണ്. ;1991-ലെ സെൻസസ് അനുസരിച്ചു് 8643 പുരുഷന്മാരും 9280 സ്ത്രീകളുമായി 17923 പേരാണ് ആകെ ഉണ്ടായിരുന്നതു്. ഇതിൽ 14858 പേർ സാക്ഷരരായിരുന്നു. 2195 പട്ടികജാതിക്കാരും 11 പട്ടികവർഗ്ഗക്കാരും അന്നുണ്ടായിരുന്നു. തൊഴിലെടുക്കുന്നവരുടെ എണ്ണം 5283. അതിൽ സ്ത്രീകൾ 1008 മാത്രം. നാമമാത്രജോലിയുള്ളവർ 645 പേർ. 4279 പുരുഷന്മാരും 7716 സ്ത്രീകളും യാതൊരു തൊഴിലും ചെയ്യാൻ അവസരം ലഭിക്കാത്തവരാണ്. തൊഴിലില്ലായ്മയുടെ രൂക്ഷത ഈ കണക്കുകളിൽനിന്നും വ്യക്തമാകുന്നുണ്ടു്.

4

സാമൂഹിക-സാമ്പത്തിക മേഖലകൾ.

വികസനമേഖലകളുടെ അവലോകനം

കൃഷിയും ജലസേചനവും

മലയാലപ്പുഴ ഗ്രാമ പഞ്ചായത്ത് തികച്ചും ഒരു കാർഷിക ഗ്രാമമാണ്. 23 കുന്നിൻ പ്രദേശങ്ങളും നെൽവയലുകളും, നദീതീര പ്രദേശങ്ങളും, പാറക്കെട്ടുകളും, ചേന്ന ഒരു പ്രദേശമാണീ ഗ്രാമം. ഈ ഗ്രാമ പഞ്ചായത്തിന്റെ ഉയന്ന പ്രദേശങ്ങളും സമുദ്രനിരപ്പിൽ നിന്നും കൂടിയതു് 850 അടി ഉയരത്തിലും, താഴ്ന്ന പ്രദേശങ്ങളും 750 അടി ഉയരത്തിലും സ്ഥിതി ചെയ്യുന്നു. ഏറ്റവും ഉയരം കൂടിയ പ്രദേശം കുമ്പഴത്തോട്ടത്തിലെ 19–ാംഡിവിഷനും ഏറ്റവും താഴ്ന്ന പ്രദേശം വെട്ടൂർ നദീതടവുമാണ്. കൂടാതെ ചീങ്കൽതടം, ചെങ്ങറ, പരുത്തിയാനി, എന്നീ ഉയർന്ന പ്രദേശങ്ങളും ഉൾപ്പെടുന്നു. പഞ്ചായത്തിന്റെ തെക്കുഭാഗത്തുകൂടി അച്ചൻകോവിലാറും, വടക്കു കിഴക്കുഭാഗത്തുകൂടി കല്ലാറും ഒഴുകുന്നു.

പഴയകാലത്തു് ഈ ഗ്രാമത്തിലെ ജനങ്ങളുടെ പ്രധാന ഉപജീവനമാർഗം കൃഷിയും കന്നുകാലി വളർത്തലും ആയിരുന്നു. മുഖ്യ കൃഷി നെല്ലു്, തെങ്ങു്, കുരുമുളകു്, വാഴ, ഇഞ്ചി മരച്ചീനി എന്നിവയായിരുന്നു.

ഭൂരിഭാഗം ഭൂഉടമകളും ചെറുകിട, നാമമാത്ര കർഷകരാണ്. ഇതു സംബന്ധിച്ച വിശദവിവരം താഴെകൊടുക്കുന്നു.

നമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം
1	ഹെക്ടറിൽ താഴെ	3633
2	ഒരു ഹെക്ടറിനും 2 ഹെക്ടിനും ഇടയിൽ	1448
3	2 ഹെക്ടറിനു മുകളിൽ	24

ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റേതു് 0.07 ഹെക്ടറാണെങ്കിൽ പഞ്ചായത്തിന്റേതു് 0.19 ഹെക്ടർ ആണ്. ആദ്യ കാലത്തു് ശ്രദ്ധയും പരിചരണവും നൽകിയിരുന്നതു്, നെൽകൃഷിയ്ക്കും, മരച്ചീനി കൃഷിയ്ക്കും, കാലിവളർത്തലിനും ആയിരുന്നു. പണ്ടും ഇപ്പോഴും മഴയെ ആശ്രയിച്ചുമാത്രമാണ് കൃഷി.

ആദ്യകാലത്ത് ഈ പഞ്ചായത്തിലെ കൃഷിഭൂമിയുടെ ഉടമസ്ഥർ 70 ഓളം കൃഷി കുടുംബക്കാരായിരുന്നു. ഇന്നാട്ടിലെ കൃഷിക്കാർ പാടങ്ങളിലും, നാട്ടിൻപുറങ്ങളിൽ കരപുര യിടങ്ങളിലും നെൽകൃഷി ചെയ്തിരുന്നതു കൂടാതെ വനഭൂമി വെട്ടിത്തെളിച്ചും നെൽകൃഷി ചെയ്തിരുന്നു.

നാണ്യവിളകളുടെ ആവിർഭാവത്തോടുകൂടി നെൽകൃഷി പാടങ്ങളിൽ മാത്രമായി ഒതുങ്ങി. പല സവിശേഷതകളോടുകൂടിയ വിവിധയിനം നെൽവിത്തുകളും ഇവിടെ കൃഷി ചെയ്തിരുന്നു. അവയിൽ ചിലതാണ്, പെരുവാഴ, രാമരി, അരയക്കുറുവ, വടക്കൻ, ഭൂത കാളി എന്നിവ. വനപ്രദേശങ്ങളിൽ പടനവെള്ള, ഇഞ്ചക്കാടൻ മുതലായവ കൃഷി ചെയ്തി രുന്നു.

ഈ വിത്തിനങ്ങളെല്ലാം ജൈവവളം മാത്രം ഉപയോഗിച്ചാണ് കൃഷി ചെയ്തിരുന്നത്.

1972-- ഓടുകൂടി പുതിയ ഇനം വിത്തിനങ്ങളും, രാസവളങ്ങളും കൃഷിക്കാർ ഉപയോ ഗിക്കുവാൻ തുടങ്ങി. ഈ കാലഘട്ടത്തിനു മുൻപുതന്നെ വനം വെട്ടിത്തെളിച്ച് കര കൃഷി ചെയ്തിരുന്ന സമ്പ്രദായം അവസാനിച്ചിരുന്നു. നെൽകൃഷിയ്ക്കുശേഷം, മുതിര, പയറ് എന്നിവ കൃഷി ചെയ്തിരുന്നു.

എലികളെ നശിപ്പിയ്ക്കുന്നതിനായി, മുളങ്കുറ്റികെണി, ചാഴിയെ നശിപ്പിയ്ക്കു വാൻ മുറംവീശൽ, ചാഴിവിലക്കൽ, മുതലായ നാടൻ രീതികളും കൃഷിക്കാർ സ്വീകരി ച്ചിരുന്നു.

ആദ്യകാലങ്ങളിൽ കർഷകർക്ക് സമൂഹത്തിൽ കിട്ടിയിരുന്ന മാന്യത കുറഞ്ഞുവന്ന തോടെ, അവർ മറ്റു മേഖലകളിലേക്ക് തിരിയുവാൻ തുടങ്ങി. ഇതോടൊപ്പം, നിലവി ലുള്ള കൃഷിഭൂമി തരിശിടുവാനും, ജീവിത വരുമാനമാർഗം, നെൽകൃഷിയിൽ നിന്നും, താര തമ്യേന അദ്ധ്വാനഭാരം കുറവുള്ള, റബർ മുതലായ നാണ്യവിളകളുടെ മേഖലയിലേക്ക് തിരിയുവാനും തുടങ്ങി.

നെൽകൃഷി ലാഭകരമല്ലാതായതും, ആധുനിക വിദ്യാഭ്യാസം, സാർവ്വത്രികമായതും, കർഷക തൊഴിലാളികളുടെ പിൻതലമുറക്കാരെ ഇതര തൊഴിൽ മേഖലകളിലേക്ക് ആക ർഷിച്ചു. ഇതു കർഷക തൊഴിലാളികളുടെ, എണ്ണത്തെ സാരമായി ബാധിച്ചു എന്നുമാത്ര മല്ല, എല്ലാ കൃഷികളെയും നിർബന്ധമായും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പുരയിടങ്ങളിലെ റബർ ഒഴികെയുള്ള മറ്റ് കൃഷിയിനങ്ങളെല്ലാം, നാമാവിശേഷമായികൊണ്ടിരിക്കുക യാണ്. മറ്റ് കാർഷികവിളകളെ അപേക്ഷിച്ച് റബർ കൃഷി കൂടുതൽ ആദായകരമായ തിനാൽ നാമമാത്ര ഭൂവുടമകൾപോലും ആ വഴിക്കുതിരിഞ്ഞു.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 3358 ഹെക്ടറാണ്. കുന്നിൻപ്രദേശം, നദീതടം, ചരിവ്, നെൽപ്പാടം, എന്നിങ്ങനെയാണ് കാണപ്പെടുന്നത്. ഇതുമായി ബന്ധ പ്പെട്ട വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക–2–ഭൂപ്രകൃതി

നമ്പർ	ഭൂപ്രകൃതി	വിസ്തൃതി	ശതമാനം
1	നിലം	65 ഹെക്ടർ	2%
2	നദീതടം	33 ,,	1
3	ചരിവും, കുന്നും	3125 ,,	93
4	കൃഷിയോഗ്യമല്ലാത്തസ്ഥലം	135 ,,	4
	ആകെ	3358 ,,	

3000 ഏക്കർ സ്ഥലം മലയാളം പ്ലാന്റേഷൻ വകയായിട്ടുള്ളതു് ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

പട്ടിക–3

ഭൂവിനിയോഗം (ഹെക്ടറിൽ)

നമ്പർ	വിനിയോഗം	വിസ്തൃതി
1	റബർ	3000
2	തെങ്ങു്	420
3	വാഴ	120
4	കുരുമുളകു്	70
5	നെല്ലു്	50 X 2
6	മരച്ചീനി	43
7	കമുകു്	40
8	ഇഞ്ചി	26
9	കശുമാവു്	14
10	പച്ചക്കറി	12
11	കരിമ്പു്	5
12	വെറ്റിലക്കൊടി	2
13	കൊക്കോ	2
14	കൈത	2
15	കാപ്പി	6
16	ജാതി, ഗ്രാമ്പു	2
17	കിഴങ്ങുവർഗങ്ങൾ	100

നദീതടങ്ങളിലെ എക്കൽ മണ്ണൊഴിച്ചു് ബാക്കിയെല്ലാം ചെമ്മണ്ണാണു്.

മണ്ണിന്റെ ഗുണനിലവാരം താഴെപ്പറയും പ്രകാരമാണ്.

പട്ടിക–4

നമ്പർ	മണ്ണ്	ജൈവാംശം ശതമാനം കിലോ ഹെക്ടർ	ഭാവകം ശതമാനം കിലോ ഹെക്ടർ	ക്ഷാരഗുണം ശതമാനം കിലോ ഹെക്ടർ
1	ലാറ്ററേറ്റ്	.50	72	16.5
2	പാടശേഖരം	.46	60	30
3	നദീതടം	.40	72	30

അമിതമായ രാസവളപ്രയോഗം മൂലം മണ്ണിന്റെ അമ്ലസ്വഭാവം വർദ്ധിച്ചുവരുന്നതായിട്ടാണ് കാണുന്നത്.

ആകെ വസ്തൃതിയുടെ ഭൂരിഭാഗം പ്രദേശങ്ങളിൽ റബറും, താഴ്ന്ന പ്രദേശങ്ങളിൽ നെല്ലുമാണ് കൃഷിചെയ്തുവരുന്നത്. ശരിയായ രീതിയിൽ പരിചരണമില്ലാത്തതിനാൽ തെങ്ങുകൃഷി ഒരു ഉത്പാദനക്ഷമതയില്ലാത്ത ഇനമായി മാറിയിരിക്കയാണ്.

ഇടവിളകളായ പയർ, പച്ചക്കറികൃഷി, വാഴ, മരച്ചീനി ഇവ ഭാഗികമായി കൃഷി ചെയ്യുന്നുണ്ടെങ്കിലും മതിയായ പരിചരണവും വളപ്രയോഗവും ഇല്ലാത്തതിനാൽ ലാഭകരമല്ല.

നെൽകൃഷി

പട്ടിക 5

നമ്പർ	വിള	വിസ്തീർണ്ണം ഹെക്ടറിൽ
1	നെല്ല് (ഒന്നാംവിള)	50
2	നെല്ല് (രണ്ടാംവിള)	65
3	മൂന്നാംവിള പയർ, പച്ചക്കറി	15

നെൽകൃഷിയുടെ ഉത്പാദനം ഹെക്ടറിന് 2100 കിലോ ആകുന്നു. സങ്കരയിനം വിത്തിനങ്ങളോടാണ് കൃഷിക്കാർക്ക് ഏറെ ആഭിമുഖ്യം. അത്യുത്പാദനശേഷിയുള്ള നെൽവിത്തുകളും മതിയായ തോതിൽ ലഭിക്കുന്നില്ല. ഈ പഞ്ചായത്തിൽ നാടൻ വിത്തിനങ്ങളും ഉപയോഗിക്കാറില്ല.

ഇടവിളകൾ

പട്ടിക 6

നമ്പർ	വിള	വിസ്തീർണ്ണം ഹെക്ടറിൽ
1	പയർ	5
2	പച്ചക്കറി	12
3	മരച്ചീനി	43
4	വാഴ	110

തെങ്ങിന്റെ വാർഷിക ഉൽപ്പാദനക്ഷമത 25, 30 എണ്ണമാണ്. നല്ലയിനം തെങ്ങിൻതൈകളുടെ ദൗർലഭ്യം, രാസവളത്തിന്റെ ലഭ്യതക്കുറവ്, താങ്ങാനാവാത്ത വില, രോഗകീടബാധ എന്നിവയാണ് കാരണങ്ങൾ,

വളം

സഹകരണമേഖലയിലുള്ള ഒന്നും സ്വകാര്യമേഖലയിലുള്ള എട്ടും ഉൾപ്പെടെ 9 വള വിതരണകേന്ദ്രങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്.

കൃഷിക്കുപയോഗിക്കുന്നത് 90 ശതമാനവും രാസവളങ്ങളാണ്. വളപ്രയോഗം അശാസ്ത്രീയമായ രീതിയിലായാൽ കർഷകന് അനാവശ്യചെലവിനു കാരണമാകുന്നു. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്നില്ല. ആവശ്യമായ അളവിൽ ജൈവവളം ലഭ്യമല്ലാത്തതിനാൽ രാസവളത്തെ പൂർണ്ണമായും ആശ്രയിക്കേണ്ടിയിരിക്കുന്നു.

കൃഷിഭവൻ നിലവിൽ വന്നതിനുശേഷം ലഭ്യമായ വളംവിൽപ്പനയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

വളത്തിന്റെ ഉപയോഗം.

പട്ടിക 7

വർഷം	നൈട്രജൻ (N2)	ഫോസ്ഫോറസ് (P)	പൊട്ടാഷ് (K)
1993	84.3 Ton	80.2	90.4
1994	85.1	81.7	92
1995	96.5	85	98

കീടനാശിനികൾ.

നെല്ല്, പച്ചക്കറി, വാഴ, ഇഞ്ചി, റബർ എന്നീ വിളകൾക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിക്കുന്നത്. കീടനാശിനി തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ, ശാസ്ത്രീയമായ കീടനാശിനിപ്രയോഗം ഇവയെപ്പറ്റി കർഷകർ പൊതുവെ അജ്ഞരാണ്.

കാർഷികോപകരണങ്ങൾ.

പാടശേഖരകമ്മറ്റികൾക്കായി കൃഷിഭവൻ മുഖേന ട്രാക്ടറോ, ടില്ലറോ നൽകിയിട്ടില്ല. വിവിധ പാടശേഖരങ്ങളിലായി 22 നാപ്സാക് സ്പ്രേയറുകളും, 17 റോക്കർ സ്പ്രേയറുകളും ഒരു മെതിയന്ത്രവും സബ്സിഡി നിരക്കിൽ നൽകിയിട്ടുണ്ട്. 8 ജോഡി ഉഴവുകാളകളും കലപ്പയും ഈ പഞ്ചായത്തിൽ ഉപയോഗത്തിലുണ്ട്. ഇതുകൂടാതെ ഇലക്കുളം അംബേക്കർ കോളനിക്ക് സൗജന്യമായി ഒരു പവ്വർട്രില്ലറും നൽകിയിട്ടുണ്ട്.

പാടശേഖരസമിതികൾ.

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടി യോജിപ്പിച്ചുകൊണ്ട് രൂപീകരിക്കപ്പെട്ട 4 പാടശേഖരസമിതികളാണ് നിലവിലുള്ളത്.

പാടശേഖരസമിതിയും വിളക്രമങ്ങളും.

പട്ടിക 8

നമ്പർ	പാടശേഖരത്തിന്റെ പേര്	ഒന്നാംവിള	രണ്ടാംവിള	മൂന്നാംവിള
1	വെട്ടൂർവടക്കുപുറം	നെല്ല്	നെല്ല്	പയർ, പച്ചക്കറി
2	കിഴക്കുപുറം പൊന്നമ്പ്	നെല്ല്	നെല്ല്	പയർ, പച്ചക്കറി
3	വെള്ളറ ചാങ്ങോലിക്കൽ	നെല്ല്	നെല്ല്	പയർ, പച്ചക്കറി
4	പൊതീപ്പാട്—മുക്കുഴി	നെല്ല്	നെല്ല്	പയർ

കൂലിനിരക്ക്.

കാർഷികമേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. കർഷകനു് സമൂഹത്തിൽ മറ്റുവിഭാഗങ്ങളെ അപേക്ഷിച്ചുള്ള അംഗീകാരക്കുറവു്, വിദ്യാസമ്പന്നർക്കു് കൃഷിയോടുള്ള താൽപര്യക്കുറവു് തുടങ്ങിയവയുമാണ് ഇതിന്റെ കാരണങ്ങളിൽ ചിലതു്.

ആകെയുള്ള 4089 കുടുംബങ്ങളിൽ 3633 കുടുംബങ്ങളും കൃഷിയെ മുഖ്യഉപജീവനമാർഗമായി ആശ്രയിച്ചിരിക്കുന്നു. ഏകദേശം 464 പേരാണ് കർഷകതൊഴിലാളികളായി പഞ്ചായത്തിലുള്ളതു്.

കൂലിനിരക്കു് പുരുഷനു 100 രൂപയും സ്ത്രീകൾക്കു് 70—80 രൂപയുമാണ്. ഒരു ഏകീകൃത കൂലിനിരക്കു് നിലവിലില്ല.

കാർഷികവായ്പ.

ഒരു സഹകരണസ്ഥാപനമടക്കം 4 ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്നുമാണ് ഈ പഞ്ചായത്തിലെ കർഷകർക്കു് വായ്പ ലഭിക്കുന്നതു്.

വായ്പകളെ സംബന്ധിച്ച വിവരങ്ങൾ.

ഈ പഞ്ചായത്തിലെ 2, 5 എന്നീ വാർഡുകളും കുമ്പളാംപൊയ്ക ഫെഡറൽ ബാങ്കിന്റെ കീഴിലും, 7, 8 എന്നീ വാർഡുകളും പത്തനംതിട്ട ഇൻഡ്യൻ ഓവർസീസ് ബാങ്കിന്റെ പരിധിയിലും ബാക്കി വാർഡുകളും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ മലയാലപ്പുഴ, മലയാലപ്പുഴ സഹകരണസംഘം എന്നിവയുടെ പരിധിയിലും ഉൾപ്പെടുത്തി വായ്പകളും ലഭ്യമാക്കുന്നു.

പട്ടിക 9

നമ്പർ	സ്ഥാപനം	92—93	93—94	94—95	95—96
1	മലയാലപ്പുഴ SBT	1,80000	2,65,000	11,25,000	702000
2	പത്തനംതിട്ട IOB				
3	കുമ്പളാംപൊയ്ക ഫെഡറൽ ബാങ്ക്				
4	മലയാലപ്പുഴ സർവീസ് സഹകരണസംഘം				26,80,039

ജലസേചനം.

പ്രധാനമായും മഴയെമാത്രം ആശ്രയിച്ചു കൃഷി നടത്തുന്ന ഈ പഞ്ചായത്തിൽ രണ്ട് ഘട്ടങ്ങളിലായാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റുവരെ ലഭിക്കുന്ന കാലവർഷവും സെപ്റ്റംബർ മുതൽ നവമ്പർ വരെ ലഭിക്കുന്ന തുലാവർഷവും ശരാശരി വർഷത്തിൽ 267 സെ. മീറ്റർ മഴ ഇവിടെ ലഭിക്കുന്നു. കഴിഞ്ഞ 3 വർഷത്തെ ശരാശരി മഴയുടെപട്ടിക ചുവടേ ചേർക്കുന്നു.

മഴയുടെ അളവ്.

പട്ടിക 10

വർഷം	ജനു:	ഫെബ്രു:	മാർച്ച്	ഏപ്രി:	മെയ്	ജൂൺ	ജൂലൈ	ആഗ:	സെപ്തം:	ഒക്ടോ:	നവം:	ഡിസം:
1993	—	29.3	41.3	161.2	287.5	630.9	717.5	193.9	85.9	549.2	242.2	47.6
1994	34.3	68	45.5	142.3	281.1	507.3	593	404.4	168.4	664.7	242.3	62
1995	31	31.3	37.5	153.2	288	685.3	703.2	393.7	118.2	613.7	243	12.2

ജലവുമായി ബന്ധപ്പെട്ട ആസ്തികൾ

പട്ടിക 11

നമ്പർ	ആസ്തികം	വിസ്തീർണ്ണം (കി.മീ. / എണ്ണം)
1	അച്ചൻകോവിലാറ്	2 കി.മീ. (വെട്ടൂർ)
2	കല്ലാറ്	2.5 കി. മീ. (കടവുപുഴഭാഗം)
3	ലിഫ്റ്റ് ഇറിഗേഷൻ	2 കി. മീ. (വെട്ടൂർ)
4	തോട്ടകം	24.5 കി. മീ.
5	കുളങ്ങൾ	12 എണ്ണം
6	കുഴൽകിണർ	18 എണ്ണം

കുളങ്ങളെ സംബന്ധിച്ച വിവരം.

കുളങ്ങളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു,

പട്ടിക 12

നമ്പർ	കുളം	ഉൾപ്പെടുന്നവാർഡ്	സ്ഥിതിചെയ്യുന്നവില്ലേജ്
1	അമ്പലകുളം (ചിറ)	I	മലയാലപ്പുഴ
2	നിരവേൽക്കുളം (വള്ളിയാനി)	II	,,
3	കുതിരാംകുളം	III	,,
4	താനുവേലികുളം	III	,,
5	തുറുന്തിയിൽകുളം	III	,,
6	അഴകത്തുകുളം	III	,,
7	ചെറിയത്തുകുളം	IV	,,
8	വാലുമുരുപ്പേൽകുളം	IV	,,
9	വിലങ്ങുപാറകുളം	V	,,
10	മാമൂട്ടിൽകുളം	VII	,,
11	ചെറിയകുന്നിൽപടികുളം	VIII	കോന്നിതാഴം
12	വെട്ടൂർ അമ്പലക്കുളം	IX	,,

തോടുകൾ

ഈ പഞ്ചായത്തിൽ പ്രധാനപ്പെട്ട 5 തോട്ടുകളും ഉണ്ട്. ഇവയ്ക്ക് 24.5 കി: മീ: നീളമുണ്ട്. എന്നിരുന്നാലും ഈ തോട്ടുകൾക്ക് ഒന്നിനും ചീർപ്പുകളും ഇല്ല. കൃഷി പൂർണ്ണമായും മഴയെ ആശ്രയിച്ചാണ് നടത്തുന്നത്.

ലിഫ്റ്റ് ഇറിഗേഷൻപദ്ധതി

വെട്ടൂർ പ്രദേശത്ത് മുഖ്യമായും നെൽകൃഷിയെ ലക്ഷ്യമാക്കി ആരംഭിച്ച ലിഫ്റ്റ് ഇറിഗേഷൻപദ്ധതി നിലവിലുണ്ട്. പക്ഷേ ഇതിന്റെ പ്രയോജനം നെൽകൃഷിക്കാർക്ക് ഇതുവരെയും ലഭിച്ചിട്ടില്ല. ഇതിന്റെ അറ്റകുറ്റപണിക്കായി വർഷം തോറും ലക്ഷക്കണക്കിന് രൂപ ചെലവാക്കുന്നുവെന്ന് ഔദ്യോഗിക രേഖകളിൽനിന്ന് അറിയാൻ കഴിയുന്നു. ഇപ്പോഴും ഇത് പ്രവർത്തനക്ഷമമല്ല,

കുളങ്ങൾ

വലുതും ചെറുതുമായ 12 കുളങ്ങളും ഈ പഞ്ചായത്തിലുണ്ട്. ഇവ ഒന്നുംതന്നെ യഥാവിധി സംരക്ഷിക്കപ്പെടുകയോ, കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യുന്നില്ല.

കളങ്ങളിൽ ഭൂരിഭാഗവും വേനൽക്കാലത്തു് ജലസേചനത്തിനു് മാതിയായ തോതിൽ ജലം ലഭിയ്ക്കുന്നവയല്ല.

മണ്ണ്, ജലസംരക്ഷണം

മുൻകാലങ്ങളിൽ വരമ്പുകൾ ഇട്ടും, അതിരുകളിൽ മരങ്ങൾ വച്ചുപിടിപ്പിച്ചും, പുറമ്പുകൾ കൊത്തിക്കിളച്ചും മണ്ണു് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ജീവിത ക്രമത്തിലുണ്ടായ പരിവർത്തനങ്ങളും, ഭൂമിയുടെ തുണ്ടുവൽക്കരണവും, കാഷ്ടിക വൃത്തിയോടുള്ള വിമുഖതയും, മണ്ണു് ജലസംരക്ഷണ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചു.

നഴ്സറികൾ

ഈ പഞ്ചായത്തിൽ സർക്കാർ ഉടമയിലോ, സ്വകാര്യമേഖലയിലോ നേഴ്സറികളില്ല. ജല ഭൗർലഭ്യമാണു് നഴ്സറികൾ തുടങ്ങുവാൻ തടസ്സമായി നിൽക്കുന്നതു്.

കൃഷിഭവൻ

1987 സെപ്റ്റംബർ ഒന്നിനാണു് മലയാലപ്പുഴ കൃഷിഭവൻ നിലവിൽവന്നതു്. കാർഷിക മേഖലയായ പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന കൃഷിഭവനിൽ കൂടിയുള്ള വികസന പ്രവർത്തനം എല്ലാ പ്രദേശങ്ങളിലും വേണ്ടപോലെ എത്തുന്നില്ല. കൃഷിഭവനിലെ ഉദ്യോഗസ്ഥന്മാരുടെ, അപര്യാപ്തതയും, സ്ഥലത്തിന്റെ പ്രത്യേകതയും, ഗതാഗതസൗകര്യക്കുറവുമാണു് മുഖ്യകാരണം.

കാർഷികോത്പാദകസമിതികൾ

ഈ പഞ്ചായത്തിലെ നെൽകൃഷിക്കാരുടെ ഉന്നമനത്തിനായി 4 പാടശേഖരസമിതികളും, തെങ്ങുകൃഷിക്കാരുടെ ഉന്നമനത്തിനായി ഒരു കേരവികസന സമിതിയും നിലവിലുണ്ടു്. ഇതു് കൂടാതെ, കാർഷിക വികസനസമിതിയും, ഫാർമേഴ്സ് ക്ലബ്ബും നിലവിലുണ്ടു്. ഈ സമിതികളുടെ നിർദ്ദേശപ്രകാരമാണു് കൃഷിഭവനിലെ പദ്ധതികളും നടപ്പിലാക്കിവരുന്നതു്.

പ്രശ്നങ്ങൾ

1 വെട്ടൂർ പ്രദേശത്തുള്ള ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനക്ഷമമല്ല. അതുകൊണ്ടു് കർഷകർക്കു് പ്രയോജനമില്ല.

2 വെള്ളപ്പൊക്കകാലത്തു്, വെട്ടൂർഭാഗത്തെ കൃഷിയിടങ്ങളിലും, കടപുഴഭാഗത്തു് മിക്കവാറും എല്ലാ ഭാഗത്തും നദീ ജലം കയറി നാശനഷ്ടങ്ങൾ വൻതോതിൽ ഉണ്ടാകുന്നു.

3 ഈ പഞ്ചായത്തിന്റെ 93 ശതമാനവും ചരിഞ്ഞ പ്രദേശമായതിനാൽ മണ്ണൊലിപ്പു് വളരെ കൂടുതലാണു്.

4 തുടർച്ചയായുള്ള മണ്ണൊലിപ്പും, പ്രതികൂല കാലാവസ്ഥയും, ജലസേചനത്തിനുള്ള സൗകര്യമില്ലായ്മയും കൃഷിയെ സാരമായി ബാധിക്കുന്നു.

5 തുടർച്ചയായ മലവെള്ളപ്പാച്ചിൽ നെൽപ്പാടങ്ങളെ നാശോന്മുഖമാക്കി കൊണ്ടിരിക്കുന്നു.

6 രോഗകീടബാധ വിളവു കുറയ്ക്കുന്നതിനു കാരണമാകുന്നു.
ഉദാ. തെങ്ങിന്റെ കാറ്റുവീഴ്ച. റബറിന്റെ പട്ടമരവിപ്പ്,

7 രാസവളം, കീടനാശിനി ഇവയുടെ വിലവർദ്ധന കർഷകർക്കു താങ്ങാനാവുന്നതല്ല.

8 നല്ലയിനം നടീൽവസ്തുക്കളുടെ അഭാവം.

9 നിലവിലുള്ള കൃഷിരീതി അശാസ്ത്രീയമാണ്,

10 വന്യമൃഗങ്ങളുടെ തുടർച്ചയായുള്ള ഉപദ്രവം.

11 കർഷകതൊഴിലാളികളുടെ അഭാവം. കൂലിവർദ്ധനവ്.

12 കർഷകനു് സമൂഹത്തിൽ അർഹമായ അംഗീകാരത്തിന്റെ കാ[illegible]
മേഖലയിലേക്കു് ആളുകൾ കടന്നുവരുന്നതിനു് തടസമാകുന്നുണ്ടു്.

13 ജൈവവളം നിർമ്മിച്ചു് ഉപയോഗിക്കുന്നതിനു് സാങ്കേതികസാമ്പത്തികസഹായങ്ങൾ ലഭിക്കുന്നില്ല.

14 സമഗ്രമായ മണ്ണുപരിശോധനയുടെ അഭാവത്തിലുള്ള രാസവളപ്രയോഗം.

15 മണ്ണൊലിപ്പു് തടയുന്നതിനും കൃഷിയെ സംരക്ഷിക്കുന്നതിനുമുള്ള സാമ്പത്തികബാദ്ധ്യത കൃഷിക്കാർക്കു താങ്ങാനാവുന്നതല്ല.

16 കാർഷികോൽപ്പന്നങ്ങൾക്കു് അർഹമായ വില ലഭിക്കാത്തതും, വിപണി, സമീപപ്രദേശത്തില്ലാത്തതും കൃഷിക്കാരനു് പ്രശ്നം ഉണ്ടാക്കുന്നു.

17 ആധുനിക കാർഷികോപകരണങ്ങൾ ലഭ്യമല്ല.

18 നാണ്യവിളകളെ അപേക്ഷിച്ചു് ഭക്ഷ്യവിളകൾക്കു് ആദായം കുറവായതിനാൽ കൃഷിക്കാർ കൂട്ടത്തലും നാണ്യവിളകൾ കൃഷി ചെയ്യുവാൻ നിർബന്ധിതരാകുന്നു.

ഈ സാഹചര്യത്തിൽ, തെങ്ങ്, മരച്ചീനി, വാഴ, നെല്ലു് എന്നീ ഭക്ഷ്യവിളകളുടെ ഉൽപാദനം കുറയുകയും, റബർകൃഷി ക്രമാതീതമായി കൂടുകയും ചെയ്യുന്നു.

19 വിളകളുടെ രോഗങ്ങളും, കീടങ്ങളും

പട്ടിക–13

നമ്പർ	വിള	രോഗങ്ങൾ	കീടങ്ങൾ
1	റബർ	പട്ടമരവിപ്പു് ചീക്കു് ഇലപ്പുള്ളി	പുഴുക്കുത്തു്
2	തെങ്ങു്	കാറ്റുവീഴ്ച, കൂമ്പുചീയൽ ഓലചീയൽ	ചെല്ലി ഓലപ്പുഴു
3	കമുകു്	മഹാളി മഞ്ഞളിപ്പു് കാറ്റുവീഴ്ച	കൂരൻ
4	വാഴ	മണ്ടയടപ്പു് കൊക്കാൻ	പുഴുക്കുത്തു് മഞ്ഞപ്പുഴു
5	ഇഞ്ചി	മൂടചീയൽ ഇലപ്പുള്ളി	തണ്ടുതുരപ്പൻ ഇലപ്പുള്ളി
6	കുരുമുളകു്	വാട്ടരോഗം, പൊള്ളരോഗം	പുള്ളിവണ്ടു്
7	നെല്ലു്	പോളരോഗം കുലവാട്ടം ഇലപ്പുള്ളി	തണ്ടുതുരപ്പൻ ഇലചുരുട്ടി കുഴൽപുഴു–ഏഴി

നിർദ്ദേശങ്ങൾ

1 താഴെപ്പറയുന്ന പ്രദേശങ്ങളെ 'നീർമറി' പ്രദേശങ്ങളിൽ ഉൾപ്പെടുത്തി മണ്ണൊലിപ്പ് തടയുന്നതിനും ജലസേചനം വർദ്ധിപ്പിക്കുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും തദ്വാര കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

(a) കല്ലുങ്കൽതറപടി, മുക്കുഴി, മുക്കോലിഞ്ചൽ, പൊതീപ്പാട്, ചാത്തോലിഞ്ചൽ, വള്ളിയാനി, മീൻമുട്ടി പ്രദേശങ്ങൾ.

(b) ഇരമ്പാത്തോട്, വടക്കുപുറം വെട്ടൂർപ്രദേശം.

2 വെട്ടൂർ ഭാഗത്തുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അടിയന്തിരമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

3 വെട്ടൂർ ഭാഗത്തും കടവുപുഴ ഭാഗത്തും നദീതടങ്ങളിലുള്ള പ്രദേശങ്ങളെ വെള്ളപ്പൊക്കത്തിൽനിന്നും രക്ഷിക്കുവാൻ കരിങ്കൽഭിത്തി കെട്ടണം.

4 നിലവിലുള്ള കുളങ്ങൾ വിസ്തൃതിപ്പെടുത്തിയും ആഴമുള്ളതാക്കിയും, പുതിയ കുളങ്ങൾ കുഴിച്ചും ജലസേചനസൗകര്യങ്ങൾ ഉണ്ടാക്കുക.

5 നല്ലയിനം വിത്തിനങ്ങൾ പഞ്ചായത്തിന്റെ ചുമതലയിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യണം.

6 പച്ചക്കറിവിത്ത്, വളം എന്നിവ സാമ്പത്തികസഹായത്തോടുകൂടി കർഷകർക്ക് ലഭ്യമാക്കുക.

7 രോഗബാധിതമായ തെങ്ങുകൾ വെട്ടിമാറ്റി അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻതൈകൾ വയ്ക്കുന്നതിന് സാമ്പത്തികസഹായം അനുവദിക്കുക.

8 കേരവികസനസമിതി, ഗ്രൂപ്പ് ഫാമിംഗ്, ഫാർമേഴ്സ് ക്ലബ് എന്നീ സമിതികൾ കൂടുതൽ പ്രയോജനപ്രദമാക്കുക.

9 തോട്ടവരമ്പുകൾ കരിങ്കൽകൊണ്ട് കെട്ടി ബലപ്പെടുത്തി പാടശേഖരങ്ങളെ സംരക്ഷിക്കണം. അതോടൊപ്പം ആവശ്യമായ സ്ഥലങ്ങളിൽ തോട്ടുകളുടെ ആഴംകൂട്ടണം.

10 യന്ത്രവൽകൃത കൃഷിസമ്പ്രദായം നടപ്പിലാക്കുവാൻ വേണ്ട യന്ത്രോപകരണങ്ങൾ ലഭ്യമാക്കുക.

11 സമഗ്രമായ മണ്ണുപരിശോധന നടത്തുകയും വളപ്രയോഗത്തെപ്പറ്റി കർഷകരെ ബോധവാന്മാരാക്കുകയും വേണം.

12 മീൻമുട്ടിക്കൽ, വടക്കുപുറം, കിഴക്കുപുറം, പൊതീപ്പാട് എന്നീ സ്ഥലങ്ങളിൽ ചെക്കുഡാമുകൾ നിർമ്മിച്ച് കൃഷി അഭിവൃദ്ധിപ്പെടുത്തുക.

13 ഇഞ്ചി, മഞ്ഞൾ, കുരുമുളക്, വെറ്റിലക്കൊടി വാഴ മുതലായവയുടെ ഉൽപാദനം വർദ്ധിപ്പിയ്ക്കുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കുക.

14 പച്ചക്കറി ഉത്പാദനം

ഗുണമേന്മയുള്ള വിത്തിനങ്ങൾ ശേഖരിച്ച്, ജൈവ വളത്തിന് മുൻതൂക്കം നൽകി പച്ചക്കറി, വാർഡടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ കഴിയും. പച്ചക്കറിത്തോട്ട നിർമ്മാണത്തിൽ കർഷകരെ പ്രോത്സാഹിപ്പിക്കുക.

15 വളം, കീടനാശിനി

ഇവ ശരിയായ സുരക്ഷാ സംവിധാനത്തിലോ അളവിലോ അല്ല കർഷകർ ഉപയോഗിക്കുന്നത്. ഇതിനു മാറ്റം വരുത്തുന്നതിനായി കർഷകർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം.

16 ജൈവ വളനിർമ്മാണത്തിനാവശ്യമായ സഹായവും പരിശീലനവും കർഷകർക്ക് നൽകണം.

17 സമഗ്ര നാളികേരവികസനപദ്ധതി പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും തുടർന്നും നൽകുകയും, എല്ലാ കർഷകർക്കും അതു ലഭ്യമാക്കുകയും വേണം.

18 കൃഷിഭവൻ മുഖേന ഇപ്പോൾ നൽകികൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ തുടർന്നും ലഭ്യമാക്കണം.

19 മലയാളം പ്ലാറേറഷനിൽ അവർക്കാവശ്യമുള്ള അത്യുത്പാദനശേഷിയുള്ള റബർ തൈകൾ അവരുടെ നഴ്സറികൾ വഴിയാണ് ഉത്പാദിപ്പിക്കുന്നത്. പഞ്ചായത്തിടപെട്ട്, ഈ പഞ്ചായത്തിലെ ഭൂരിപക്ഷം വരുന്ന റബർ കർഷകരുടെ നന്മയെ ലക്ഷ്യമാക്കി, പ്ലാന്റേഷനിൽ നിന്നും, റബർ തൈകൾ കാലാകാലങ്ങളിൽ, ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണം.

20 സൗജന്യവിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കണം. അതോടൊപ്പം, നെല്ല്, തെങ്ങ്, കൊക്കോ എന്നി വിളകൾക്കു ജലസേചനത്തിനുള്ള വൈദ്യുതി സൗജന്യമായി നൽകണം.

21 കർഷകരുടെ ആവശ്യത്തിനുള്ള പോർട്ടബിൽ പമ്പു സെറ്റുകൾ പകുതിവിലയ്ക്ക് ലഭ്യമാക്കുക.

22 പൊതുവിപണി.

പ്രധാന കാർഷികോൽപ്പന്നങ്ങളായ ഇഞ്ചി, കുരുമുളക്, റബർ, നാളികേരം, വെറ്റില പച്ചക്കറി, വാഴക്കുലമുതലായ ഉൽപ്പന്നങ്ങൾക്ക് പഞ്ചായത്തുതലത്തിൽതന്നെ വിപണനകേന്ദ്രങ്ങൾ വേണം. ഇതു സഹകരണാടിസ്ഥാനത്തിലായാൽ ഏറ്റവും നന്ന്.

23 നിലവിലുള്ള കേരവികസനസമിതിയെ പ്രോത്സാഹിപ്പിച്ചാൽ കേര സംസ്കരണ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള എല്ലാ സാധ്യതകളും ഉണ്ട്. സഹകരണ യൂണിറ്റുകൾ ഉത്പന്നങ്ങൾ ശേഖരിച്ചാൽ ഇടത്തട്ടുകാരെ ഒഴിവാക്കി കർഷകരെ കൂടുതൽ സഹായിയ്ക്കുവാൻ കഴിയും.

24 തെങ്ങിൽ കരുമുളക് വച്ചുപിടിപ്പിയ്ക്കുന്ന സമ്പ്രദായം വ്യാപകമാക്കുവാൻ പ്രോത്സാഹിപ്പിക്കുക.

25 കർഷകരെ അംഗീകരിക്കുന്ന രീതിയിലുള്ള അവാർഡുകൾ പഞ്ചായത്തുതലത്തിൽ ഏർപ്പെടുത്തണം.

26 ഏകീകൃത കൂലി സമ്പ്രദായം കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടവയ്ക്ക് അത്യാവശ്യമായതിനാൽ അതു നടപ്പാക്കുക.

27 കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. കാർഷിക പരിശീലന സമ്പ്രദായം, വിപുലമാക്കുകയും, അഗ്രോക്ലിനിക്കുകൾ പ്രവർത്തനക്ഷമമാക്കുകയും വേണം.

28 തൊഴിൽരഹിതർ ധാരാളമുള്ള പഞ്ചായത്തായതിനാൽ തൊഴിൽസാദ്ധ്യതകളുള്ള താഴെപറയുന്ന കൃഷിയെ പ്രോൽസാഹിപ്പിക്കുക.

1 പുഷ്പകൃഷി

2 ക്ലൗൺകൃഷി

3 മാംബറി കൃഷി

മലയാലപ്പുഴ പഞ്ചായത്തിന്റെ കാർഷികപുരോഗതിയിൽ ഗണ്യമായ സ്വാധീനം ചെലുത്തുവാൻ കഴിയുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്. ഈ വികസന സംസ്ക്കാരം ഉൾക്കൊള്ളുവാൻ നാം തയ്യാറാവേണ്ടതാണ്.

4—2

മൃഗസംരക്ഷണം.

മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും നാടൻഇനത്തിലും, സങ്കരയിനത്തിലുമുള്ള കന്നുകാലികളെ വളർത്തുന്നു. അത്യുല്പാദനശേഷിയുള്ളവ ആകെ ഉള്ളതിന്റെ 50 ശതമാനത്തിൽ താഴെ മാത്രമേ ഉള്ളൂ. പശു, ആട് എന്നിവയാണ് കൂടുതലായി വളർത്തുന്നത്. കാർഷികരംഗത്തുണ്ടായ യന്ത്രവല്ക്കരണം ഉൾപ്പെടെയുള്ള മാറ്റങ്ങളും ഉഴവുമാടുകളായ കാള, പോത്ത് എന്നിവയുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുന്നതിനു കാരണമായി. കാലിവളർത്തൽ ഒരു മുഖ്യതൊഴിലായി സ്വീകരിക്കാൻ കർഷകർ വൈമുഖ്യം കാണിക്കുന്നതിനു ഒട്ടേറെ കാരണങ്ങളും ഉണ്ട്. കന്നുകാലിഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിടകർഷകരും, കർഷകതൊഴിലാളികളുമാണ്. മേച്ചിൽസ്ഥലങ്ങളും, വൈയ്ക്കോൽ, പുൽകൃഷി എന്നിവയുടെ കുറവുമൂലം മിക്കകർഷകരും കാലിത്തീറ്റ വിലകൊടുത്തു വാങ്ങേണ്ടിവരുന്നു. കാലികൾക്കു ഉണ്ടാകുന്ന രോഗങ്ങളും ചികിത്സിച്ചു ഭേദമാക്കുന്നതിനു പഞ്ചായത്തിലെ മൃഗാശുപത്രിക്കുപുറമേ സമീപപ്രദേശങ്ങളിലുള്ള മൃഗാശുപത്രികളേയും ആശ്രയിക്കുന്നു. കാലിവളർത്തലിനു വേണ്ടിവരുന്ന ചെലവു മുൻകാലങ്ങളേക്കാളും ഇപ്പോൾ കൂടുതലാണ്. ഇങ്ങനെ ചെലവാകുന്ന തുകയ്ക്കു ആനുപാതികമായി വരുമാനം ഉണ്ടാകുന്നില്ലാ എന്നുള്ളതു ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന ഒരു പ്രതിസന്ധിയാണ്.

മൃഗസംരക്ഷണവകുപ്പിൽ S L B P സ്കീം, ആടുവളർത്തൽ സ്കീം, ക്ഷീരവികസനമേഖലയിലുള്ള മാതൃകാക്ഷീരോല്പാദകയൂണിറ്റ്, കാലിതൊഴുത്ത് നിർമ്മാണപദ്ധതി, തീറ്റപ്പുൽ വികസനപദ്ധതി എന്നിവ കാലിവളർത്തൽ ഊർജ്ജിതപ്പെടുത്തുന്നതിനു നിലവിലുണ്ടെങ്കിലും ക്ഷീരകർഷകർക്കു വേണ്ടത്ര പ്രയോജനം കിട്ടുന്നില്ല.

ഗ്രാമപഞ്ചായത്തിലെ പ്രധാന വളർത്തുപക്ഷി കോഴിയാണ്. താറാവിനെ നാമമാത്രമായി വളർത്തുന്നു. കോഴിവളർത്തൽ തുച്ഛവരുമാനമാർഗ്ഗമായി മാറിയിട്ടില്ല. വീടുകളിൽ വളർത്തുന്ന കോഴികളിൽനിന്നും ലഭിക്കുന്ന മുട്ടയും മാംസവും ആവശ്യത്തിനു മതിയാകുന്നില്ല. താറാവു, മുയൽ, പന്നി എന്നിവയുടെ വളർത്തൽ പരിപോഷിപ്പിക്കപ്പെടണം. മിക്കവീടുകളിലും വിവിധ ഇനങ്ങളിൽപെട്ട നായ്ക്കളെ വളർത്തുന്നു.

1991-ലെ സെൻസസ് അനുസരിച്ച് ഈ ഗ്രാമപഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടേയും, പക്ഷികളുടേയും എണ്ണം പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 1.

വളർത്തുമൃഗങ്ങളും പക്ഷികളും.

	ഇനം	എണ്ണം
1	പശു	3794
	ഉല്പാദനശേഷിയുള്ളത്	2347
2	കാള	466
3	പോത്ത്	16
4	എരുമ	86
5	ആട് (ആൺ)	382
6	ആട് (പെൺ)	1035
7	പന്നി	9
8	പട്ടി	1074
9	കോഴി (നാടൻ)	12571
10	മെച്ചപ്പെട്ടയിനം കോഴി	339
11	താറാവ്	21

പ്രശ്നങ്ങൾ

1. അത്യുല്പാദനശേഷിയുള്ള കാലികളുടെ കുറവ്.
2. കാലിത്തീറ്റയുടെ ഗണ്യമായ വിലവർദ്ധനവ്.
3. തീറ്റപ്പുല്ലിന്റേയും വൈക്കോലിന്റേയും ദുർലഭ്യം.
4. പാൽ വിപണനസൗകര്യങ്ങളുടെ അപര്യാപ്തത.
5. കാലികളുടെ ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത.
6. കാലിവളർത്തലിനുവേണ്ട സാമ്പത്തികസഹായങ്ങളുടെ കുറവ്.
7. കാലിവളർത്തൽചെലവും അതിൽനിന്നുള്ള വരുമാനത്തിലും ഉള്ള ഗണ്യമായ വ്യത്യാസം.
8. മൃഗപരിപാലനം നടത്തുന്നതിനു ശാസ്ത്രീയമായ അറിവില്ലായ്മ.
9. കോഴികൾക്കു പിടിപെടുന്ന രോഗങ്ങൾ.

നിർദ്ദേശങ്ങൾ

1. മെച്ചപ്പെട്ട ഇനം പശുക്കളേയും കന്നുകുട്ടികളേയും ലഭ്യമാക്കുന്നതിനും അവയെ ശാസ്ത്രീയമായി വളർത്തുന്നതിനും കന്നുകുട്ടിവളർത്തൽകേന്ദ്രങ്ങളും ആരംഭിക്കുക.
2. ഗ്രാമപഞ്ചായത്തിൽ സ്പെഷ്യലൈസ്ഡ് ഡയറി ആരംഭിക്കുക.
3. തീറ്റപ്പുൽ വിത്തിനങ്ങളും സാമ്പത്തികസഹായവും നൽകി തീറ്റപ്പുൽകൃഷി വ്യാപകമാക്കുക.
4. പുറമ്പോക്ക് സ്ഥലങ്ങളിൽ വ്യാവസായികാടിസ്ഥാനത്തിൽ പുൽകൃഷി നടത്തുകയും ആവശ്യക്കാർക്ക് വിതരണംചെയ്യുകയും ചെയ്യുക.
5. കാലിത്തീറ്റഫാക്ടറി ആരംഭിക്കുക. ധാതുലവണമിശ്രിതങ്ങളും സൗജന്യമായി ലഭ്യമാക്കുക.
6. സഹകരണമേഖലയിൽ കൂടുതൽ പാൽവിപണന സൊസൈറ്റികളും രൂപീകരിക്കുകയും, നിലവിലുള്ള രണ്ട് സൊസൈറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുക.
7. പാലിന്റെ വിലക്കുറവ് പരിഹരിക്കുന്നതിനായി ക്ഷീരകർഷകർ അളക്കുന്ന പാലിനു് ലിറ്ററൊന്നിനു് എന്നുള്ള കണക്കിൽ ഇൻസെന്റീവ് ഏർപ്പെടുത്തുക.
8. പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ ക്ഷീരോല്പന്നനിർമ്മാണ വിപണനയൂണിറ്റുകളും ആരംഭിക്കുകയും ഉല്പന്നങ്ങളും അങ്കണവാടി, സ്കൂളുകളും എന്നിവയിലൂടെ വിറ്റഴിക്കുകയും ചെയ്യുക.
9. നിലവിലുള്ള മൃഗാശുപത്രി കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റുകയും പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുക.
10. കന്നുകാലികൾക്ക് ഉണ്ടാകുന്ന രോഗങ്ങളും യഥാസമയം ചികിത്സിക്കുന്നതിനു് വാർഡുതലത്തിൽ ചികിത്സാസൗകര്യങ്ങളും ഏർപ്പെടുത്തുക.
11. കന്നുകാലികൾക്ക് ഉണ്ടാകുന്നരോഗങ്ങൾക്ക് പ്രതിരോധനടപടികളും കാലാകാലങ്ങളിൽ സ്വീകരിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
12. കന്നുകാലിവളർത്തൽ ഊർജ്ജിതമാക്കുന്നതിനു് നിലവിലുള്ള പദ്ധതികളും കർഷകർക്ക് കൂടുതൽ പ്രയോജനപ്പെടത്തക്കരീതിയിൽ വ്യാപകമാക്കണം.
13. കാലികളെ വാങ്ങാനും, കാലിത്തൊഴുത്തുകളും നിർമ്മിക്കാനും, അറ്റകുറ്റപ്പണി നടത്താനും കൂടുതൽ സാമ്പത്തികസഹായം നൽകുക.
14. മൃഗസംരക്ഷണവകുപ്പിൽനിന്നും ബന്ധപ്പെട്ടവർ വീടുകൾതോറും പോയി കാലികളെ വളർത്താനുള്ള ശാസ്ത്രീയരീതികളും കർഷകരെ ബോദ്ധ്യപ്പെടുത്തുക.
15. ഗോബർഗ്യാസ് പ്ലാന്റുകളും വ്യാപകമായി സ്ഥാപിക്കാൻ ആവശ്യമായ നടപടികളും സ്വീകരിക്കുക.
16. കർഷകനു് വിവിധതരത്തിലുള്ള പരിശീലനവും ടൂർപരിപാടിയും സംഘടിപ്പിക്കുക.

17. ക്ഷീരവികസനസെമിനാറുകളും കന്നുകാലിപ്രദർശനങ്ങളും നടത്തുക.

18. കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്ന ഒരുയൂണിറ്റ് സഹകരണമേഖലയിൽ ആരംഭിക്കുക.

19. മെച്ചപ്പെട്ട ആട്ടിൻകുട്ടികളെ ശേഖരിച്ച് കർഷകന് വിതരണം ചെയ്യുക.

20. ഇറച്ചിക്കോഴി വളർത്തൽകേന്ദ്രങ്ങൾ ആരംഭിക്കുക.

21. മുയൽ, പന്നി, താറാവ് എന്നിവയുടെ വളർത്തലിന് പ്രോത്സാഹനം നൽകുക.

22. ബ്രോയിലർഫാം, ലേയർഫാം തുടങ്ങിയ സംവിധാനങ്ങൾ നടപ്പാക്കണം. ഇതിനായി ചെങ്ങന്നൂർ ഹാച്ചറിയിൽനിന്നും ആവശ്യമായ സഹായങ്ങൾ തേടണം.

23. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കണം.

4—3

വ്യവസായം.

ഒരു വ്യാവസായിക പിന്നോക്ക മലയോരപ്രദേശമാണ് മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്. കേവലം 153 ചെറുകിട കച്ചവടസ്ഥാപനങ്ങളും 3 ചെറിയ ചന്തകളും മാത്രമാണ് ഈ പഞ്ചായത്തിലെ വ്യാപാരകേന്ദ്രങ്ങൾ. എന്നാൽ ഒരു വൻകിടസ്വകാര്യ വ്യവസായ സ്ഥാപനം ഇവിടെ ഉണ്ടെന്നുള്ളതു് മലയാലപ്പുഴയുടെ വ്യവസായചരിത്രത്തിൽ എടുത്തുപറയേണ്ട ഒരുകാര്യം തന്നെ ആണ്. 1047.63 ഹെക്ടർ വിസ്തീർണ്ണമുള്ള ഈ എസ്റ്റേറ്റ് സ്ഥാപിച്ചതു് H & C എന്ന ബ്രിട്ടീഷ് കമ്പനിയാണ്. ആദ്യം തേയിലയും റബ്ബറും ഉല്പാദിപ്പിച്ചിരുന്ന ഈ എസ്റ്റേറ്റിൽ ഇപ്പോൾ റബ്ബർ മാത്രമാണ് ഉള്ളതു്. കമ്പഴ എസ്റ്റേറ്റ് എന്ന പേരിൽ അറിയപ്പെടുന്ന ഈ സ്ഥാപനം ഇപ്പോൾ മലയാളം പ്ലാന്റേഷൻസ് എന്ന കമ്പനിയുടെ ചുമതലയിൽ പ്രവർത്തിക്കുന്നു. ഒരു റബ്ബർ ഫാക്ടറിയും, C L ഫാക്ടറിയും ഇവിടെ നിലവിലുണ്ട്. വർഷങ്ങൾക്കു മുമ്പു് തമിഴ്നാട്ടിൽനിന്നും കുടിയേറി പാർത്തവരും അവരുടെ പിൻതുടർച്ചക്കാരുമായ തൊഴിലാളികളും മലയാലപ്പുഴയിലും പരിസരഗ്രാമങ്ങളിലുമുള്ള മലയാളികളായ തൊഴിലാളികളും ഇവിടെ പണിയെടുക്കുന്നു. മലയാലപ്പുഴ പഞ്ചായത്തിന്റെ 6-ം 7-ം വാർഡിൽ നിറഞ്ഞു നില്ക്കുന്നതാണ് ഈ വ്യവസായസ്ഥാപനം.

10 ചെറുകിടവ്യവസായങ്ങൾ നിലവിലുണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഇവയിൽ ഒന്നൊഴികെ മറ്റുള്ളതെല്ലാം ഓയിൽ മില്ലുകളും റൈസ് മില്ലുകളും ഫ്ളവർമില്ലുകളും സാമില്ലുകളുമാണ്. ഇവയിൽ 3 എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഉടമസ്ഥൻ മാത്രം പണിയെടുക്കുന്നതാണ് മറ്റുള്ളവയെല്ലാം.

D W C R A പദ്ധതിപ്രകാരം 8 വനിതകൾ ചേർന്ന് സഹകരണാടിസ്ഥാനത്തിൽ കാഞ്ഞിരപ്പാറയിൽ തുടങ്ങിയ റഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റ് പ്രാരംഭഘട്ടത്തിലാണ്. അതിനേറ്റതായ എല്ലാ ബുദ്ധിമുട്ടുകളും ഈ ആസൂത്രിത സ്വയം തൊഴിൽസ്ഥാപനം നേരിട്ടു കൊണ്ടിരിക്കുന്നു.

ഗ്രാമോദ്ധാരണ മഹിളാസമാജത്തിന്റെ ആഭിമുഖ്യത്തിൽ പരിശീലനം സിദ്ധിച്ച 4 വനിതകൾ ചേർന്ന് സഹകരണാടിസ്ഥാനത്തിൽ വെട്ടൂർ ജംഗ്ഷനിൽ നടത്തിവരുന്ന മിൽക്ക് പ്രോജക്ട് യൂണിറ്റ് ആരംഭദശ തരണംചെയ്തിട്ടില്ലെന്നുമാത്രമല്ല നിലനില്പിനുവേണ്ടി ഉപതൊഴിലുകൾ ഉൾപ്പെടെ നടത്തിവരുന്നു.

പഞ്ചായത്തിൽ രണ്ടു കേന്ദ്രങ്ങളിൽ പട്ടികജാതിയിൽപെട്ട ഏതാനുംപേർ പരമ്പരാഗതമായി ഈറ, മുള, ചൂരൽ തുടങ്ങിയ അസംസ്കൃതപദാർത്ഥങ്ങളും ഉപയോഗിച്ച് കുട്ട, വട്ടി, മുറം, പനമ്പ് മുതലായ ഉല്പന്നങ്ങളും ഉണ്ടാക്കുന്നുണ്ട്. ഫർണീച്ചറുകളിൽ പ്ലാസ്റ്റിക് കെട്ടുന്ന ജോലിയും ഇവർ ചെയ്തുവരുന്നു. എന്നാൽ വ്യാവസായികാടിസ്ഥാനത്തിൽ ആരുംതന്നെ ഈ ജോലി ഇപ്പോൾ ചെയ്യുന്നില്ല.

തടികൊണ്ട് ഫർണീച്ചർ നിർമ്മിക്കുന്ന ചില ചെറിയ സംരംഭങ്ങളും പഞ്ചായത്തിൽ ഉണ്ട്. എന്നാൽ സ്ഥിരമായി ചെയ്യുന്നവർ ആരുംതന്നെയില്ല.

8, 9, വാർഡുകളിലായി വെട്ടർ പ്രദേശത്ത് 5 ഇഷ്ടികചൂളകളും പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യവ്യക്തികളും നടത്തുന്ന ഈസ്ഥാപനങ്ങളുടെമേൽ ആർക്കും ഒരു നിയന്ത്രണവും ഇല്ലാത്ത സ്ഥിതിയാണ്. ഇവിടെ ശരാശരി പണിയെടുക്കുന്ന 100-ൽ അധികം തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. അന്യസ്ഥലങ്ങളിൽനിന്നും വന്ന് ഇഷ്ടിക കളങ്ങളിൽ കുടിപാർത്ത് പണിയെടുക്കുന്ന ഇത്തരം തൊഴിലാളികളിൽ ആരുംതന്നെ സ്ഥിരം തൊഴിലാളികളല്ല.

നമ്മുടെ പഞ്ചായത്തിലെ വ്യാവസായികസ്ഥിതിയെ സംബന്ധിച്ച ഒരു ഹ്രസ്വ വിവരണമാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

പട്ടിക 1.

വൻകിട വ്യവസായം (കുമ്പഴ എസ്റ്റേറ്റ്)

ക്രമനമ്പർ	വിഭാഗം	ജീവനക്കാരുടേയും തൊഴിലാളികളുടേയും എണ്ണം			
		തൊഴിലാളികളും ജീവനക്കാരും	പുരുഷൻ	സ്ത്രീ	ആകെ
1	റബ്ബർ എസ്റ്റേറ്റ്	സ്ഥിരം തൊഴിലാളികൾ	455	251	706
		താൽക്കാലിക തൊഴിലാളികൾ	111	121	232
		ആകെ തൊഴിലാളികൾ	566	372	938
		ജീവനക്കാർ	34		34
		ആകെ പണിയെടുക്കുന്നവർ	600	372	972

പട്ടിക 2.

ചെറുകിടവ്യവസായങ്ങൾ

ക്രമ നമ്പർ	വിഭാഗം	തൊഴിലാളികൾ		
		പുരുഷൻ	സ്ത്രീ	ആകെ
1	റെഡിമെയ്ഡ് (സഹകരണമേഖല)	—	8	8
2	മിൽക്ക് പ്രോഡക്ട് യൂണിറ്റ് (സഹകരണമേഖല)	—	4	4
3	സാമിൽ (സ്വകാര്യമേഖല)	4	—	4
	ആകെ പണിയെടുക്കുന്നവർ	4	12	16

പ്രശ്നങ്ങൾ,

കിഴക്ക് കല്ലാറും റിസർവ്വ് വനവും, തെക്ക് അച്ചൻകോവിലാറും കോന്നി പഞ്ചായത്തും, പടിഞ്ഞാറ് പത്തനംതിട്ട മുനിസിപ്പാലിറ്റിയും മൈലപ്ര പഞ്ചായത്തും, വടക്ക് മൈലപ്ര വടശ്ശേരിക്കര പഞ്ചായത്തുകളും അതിരുകൾ കുറിക്കുന്ന മലയാലപ്പുഴ ഗ്രാമപഞ്ചായത്ത് ഒരു അവികസിതമലയോരഗ്രാമമാണ്. 27.53 ച: കി: മീറ്റർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ 4951 വീടുകളുണ്ട്. ജനസംഖ്യ 20100 ആണ്. വ്യവസായവികസനത്തിന്റെ അടിസ്ഥാനാവശ്യങ്ങളായ വൈദ്യുതി, ഗതാഗതസൗകര്യം തുടങ്ങിയ ഘടകങ്ങൾ അടുത്തകാലത്ത് ചുരുങ്ങിയതോതിൽ ഈ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ടെങ്കിൽതന്നെയും ഇപ്പോഴും വേണ്ടത്രയില്ല. നാണ്യവിളകളും കാലിവിളകളും ഇവിടെ ധാരാളം ഉണ്ട്. എന്നാൽ കൃഷിയധിഷ്ഠിതവ്യവസായം ഒന്നുംതന്നെ ഇതുവരെ ഇവിടെ ആരംഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ ഗൗരവമായ പരിശോധന അവശ്യംആവശ്യമാണ്.

വ്യവസായവളർച്ചയ്ക്ക് ആവശ്യമായ പല അനുകൂലഘടകങ്ങളും ഇവിടെ ഒത്തിണങ്ങികിടക്കുകയാണെങ്കിലും അതു കൈവരിക്കാൻ കഴിയാതെപോയതിന്റെ പ്രധാന കാരണങ്ങൾ താഴെപ്പറയുന്നവയാണ്.

1) പ്രധാന കാർഷികവിളകളായ റബ്ബർ, നാളികേരം, കുരുമുളക്, ഇഞ്ചി മുതലായവ വ്യാവസായികരംഗത്ത് പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

2) തടി, ഈറ, മുള, ചൂരൽ തുടങ്ങിയ അസംസ്കൃതസാധനങ്ങൾ സംരക്ഷിക്കാൻ സാദ്ധ്യത ഉണ്ടെങ്കിൽതന്നെയും അവ വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയുക്തമാക്കാൻ കഴിഞ്ഞിട്ടില്ല.

3) പരമ്പരാഗതവ്യവസായങ്ങൾ സംഘടിപ്പിച്ച് എടുക്കുന്നതിനെക്കുറിച്ചുള്ള പരിജ്ഞാനക്കുറവ്.

4) സ്വയംതൊഴിൽ സംരംഭകർ എന്ന നിലയിൽ പരമ്പരാഗതവ്യവസായരംഗത്ത് പ്രവേശിച്ചിട്ടുള്ളവർക്ക് ഉണ്ടായിട്ടുള്ള ദുരനുഭവങ്ങൾ.

5) മെച്ചപ്പെട്ട സാക്ഷരതാനിലവാരമാണ് ഉള്ളതെങ്കിൽതന്നെയും സഹകരണരംഗത്തെക്കുറിച്ചുള്ള അറിവുകുറവ് പുരോഗതിയുടെ വഴിത്താരയിൽ തടസം സൃഷ്ടിക്കുന്നു.

( ) ഖാദി—ഗ്രാമവ്യവസായങ്ങളിലെ കുലിക്കുറവ് അതുമായി ബന്ധപ്പെട്ടിട്ടുള്ളവരെ പോലും ആ രംഗത്തുനിന്നും പിൻതിരിപ്പിക്കുന്നു.

7) ആധുനികശാസ്ത്ര-സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള അജ്ഞത.

8) സാമ്പത്തികസഹായം കിട്ടാനുള്ള ബുദ്ധിമുട്ട്.

9) വനിതകൾക്ക് സ്വയംതൊഴിൽ സാദ്ധ്യതക്കുറവ്.

10) സാങ്കേതികപരിശീലനം ലഭിച്ച തൊഴിൽരഹിതർക്ക് തൊഴിൽ സാദ്ധ്യതക്കുറവ്.

11) വ്യവസായ മേഖലകളുമായി സമ്പർക്കമില്ലായ്മ.

12) വ്യവസായസംരംഭങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയബോധത്തിന്റെ അഭാവം.

13) ബന്ധപ്പെട്ട അധികാരികളുടെ നിഷേധപരമായ നിലപാട്.

14) വ്യവസായസംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനുള്ള സംവിധാനം ഇല്ലായ്മ.

15) വിപണി കണ്ടെത്താൻ കഴിയാതെപോകുന്നത്.

സാദ്ധ്യതകൾ.

മലയാലപ്പുഴ പഞ്ചായത്തിലെ സാക്ഷരതാനിലവാരം വളരെ ഉയർന്നതാണ്. സാങ്കേതികവിദ്യാഭ്യാസം നേടിയിട്ടുള്ളവരും എണ്ണത്തിൽ കുറവല്ല. സംസ്ഥാനത്തുതന്നെ മറ്റു പല മേഖലകളിലും ഇതര ഇൻഡ്യൻ സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലുംപോയി പണിയെടുക്കുന്ന യുവതീയുവാക്കളും ഒട്ടും കുറവല്ല.

സംഘടിതപരമ്പരാഗത വ്യവസായങ്ങളും ഈ പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം. ഈറ, മുള, ചൂരൽ മുതലായ അസംസ്കൃതപദാർത്ഥങ്ങളും സംഭരിച്ച് പഞ്ചായത്തിലെ 1, 2, 4, 7, 8 എന്നീ വാർഡുകളിൽ വ്യവസായം തുടങ്ങാൻ സാദ്ധ്യതകളും ഏറെയാണ്. പരമ്പരാഗതമായി ലഭിച്ച പ്രായോഗികപരിശീലനംകൊണ്ട് ഈ രംഗത്ത് പണിയെടുക്കുന്ന കുറെയേറെ തൊഴിലാളികളും പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ഉണ്ട്. കുട്ട, വട്ടി, മുറം, പനമ്പ് മുതലായ ഉല്പന്നങ്ങളാണ് പ്രധാനമായും ഇത്തരക്കാർ ഉല്പാദിപ്പിക്കുന്നത്. ഈ രംഗത്ത് പണിയെടുക്കുന്ന സ്ത്രീകളും പുരുഷന്മാരുമായ തൊഴിലാളികൾക്ക് തങ്ങളുടെ പ്രയത്നത്തിനു് ആനുപാതികമായ വരുമാനം ഇപ്പോൾ ലഭിക്കുന്നില്ല. ഇവരെ അലട്ടുന്ന മുഖ്യപ്രശ്നം സാമ്പത്തികപ്രതിസന്ധിയും അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യവുമാണ്. ആധുനികശാസ്ത്ര—സാങ്കേതികശൈലി ആവിഷ്കരിച്ച് യുവതീയുവാക്കൾക്ക് മികച്ച പരിശീലനം നൽകി കാലോചിതമായി ഈ വ്യവസായത്തെ നവീകരിക്കാൻ ആവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്. ധാരാളംപേർക്ക് തൊഴിൽ ലഭ്യമാക്കാനും മെച്ചപ്പെട്ട ജീവിതസാഹചര്യം ഉറപ്പുവരുത്താനും ഈ വ്യവസായം ഉപയുക്തമാകും.

ഖാദി—ഗ്രാമവ്യവസായം.

നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ച ഖാദി—ഗ്രാമവ്യവസായങ്ങളെല്ലാം തകർന്നുപോയ അനുഭവമാണുള്ളത്. ഇവയിൽ 8-ാംവാർഡിൽ (വെട്ടൂർ) ഗാന്ധി സ്മാരകനിധിയുടെ ചുമതലയിൽ തുടങ്ങിയ നൂൽനൂല്പ്-നെയ്ത്തുവ്യവസായം നാമാവശേഷമായിരിക്കുകയാണ്. ഈ വ്യവസായസ്ഥാപനത്തിനുവേണ്ടി 40 സെൻറ് സ്ഥലവും പണിശാലയും ആഫീസുംഒക്കെ ഉണ്ടാക്കുന്നതിൽ തൊഴിൽസംരംഭകരും നാട്ടുകാരും തികഞ്ഞ ഉത്സാഹമാണ് പ്രകടിപ്പിച്ചത്. പരിശീലനാനന്തരം തൊഴിൽ ചെയ്യാൻ തുടങ്ങിയപ്പോഴേ എല്ലാ പ്രതീക്ഷകളും കെട്ടടങ്ങിപ്പോയി. യാതൊരു നീതീകരണവുമില്ലാത്തതരം കുലിക്കുറവാണ് ഇതിനു കാരണം. എല്ലാം ഉപേക്ഷിച്ച് തൊഴിലാളികളൊന്നൊന്നായി സ്ഥാപനത്തോട് വിടപറഞ്ഞു. ഈ സ്ഥാപനത്തിൽ ഉണ്ടായിരുന്ന മസ്ലിൻചർക്കകളും മറ്റും വേറെഏതോ കേന്ദ്രത്തിലേക്കുമാറ്റി. ഇപ്പോഴും പത്തുപന്ത്രണ്ട് തറികളും പ്രവർത്തനരഹിതമായി അവിടെ കിടക്കുന്നു. പുനഃരുദ്ധരിക്കാൻ ക്രിയാത്മകമായ നടപടികളും സ്വീകരിച്ചാൽ 100-ൽ അധികം വനിതകൾക്ക് തൊഴിൽ ഉറപ്പുവരുത്താൻ ഈ സ്ഥാപനം ഉപകരിക്കും.

മലയാലപ്പുഴ പഞ്ചായത്ത് ഒരു റബ്ബർമേഖലയാണ്. കമ്പഴ റബ്ബർ എസ്റ്റേറ്റിൽ ഉല്പാദിപ്പിക്കുന്നതിനേക്കാൾ പലമടങ്ങ് കൂടുതൽ റബ്ബറും റബ്ബർതടികളും പഞ്ചായത്തിലെ ചെറുകിട ഇടത്തരം റബ്ബർകർഷകർ ഉല്പാദിപ്പിക്കുന്നുണ്ട്. എസ്റ്റേറ്റിലെ റബ്ബർപാൽ കരാർ അടിസ്ഥാനത്തിൽ അന്നന്നു കയറ്റിഅയയ്ക്കുകയാണ്. റബ്ബർതടികളും കരാറുകാരായ സ്വകാര്യമുതലാളിമാർക്കു കൊടുക്കുകയാണു ചെയ്യുന്നത്. കൃഷിക്കാരുടെ റബ്ബർതടികളും ഇടത്തട്ടുകാരായ കച്ചവടക്കാർ വാങ്ങി വിദൂരവ്യവസായമേഖലകളിൽ എത്തിക്കുന്നു. വിപുലമായ തൊഴിൽസാദ്ധ്യത ഉറപ്പുവരുത്താൻ കഴിയുന്ന പലതരം റബ്ബറധിഷ്ഠിതവ്യവസായങ്ങളും ഇവിടെ തുടങ്ങാൻ കഴിയും. റബ്ബർതടികളും മറ്റു വെള്ളത്തടികളും ഉപയോഗിച്ചു പ്ലൈവുഡ്, പാഞ്ചിംഗ് കേസ് തുടങ്ങി പലതരം ഉല്പന്നങ്ങളും ഉല്പാദിപ്പിക്കുന്ന ചെറുകിട-വൻകിട സ്ഥാപനങ്ങളും ഇവിടെ തുടങ്ങാൻ സാദ്ധ്യതകളേറെയാണ്. നമ്മുടെ പഞ്ചായത്തിന്റെ മുഖഛായതന്നെ മാറ്റാൻ ഈ റബ്ബറധിഷ്ഠിതവ്യവസായങ്ങൾക്കു കഴിയും.

പഞ്ചായത്തിലെ മറ്റൊരു പ്രധാന കാർഷികോല്പന്നമാണ് നാളികേരം. സ്വകാര്യവ്യക്തികളും നടത്തുന്ന ഏതാനും ചെറിയ എണ്ണയാട്ടുമില്ലുകളും കൊപ്രാസംസ്കരണകേന്ദ്രങ്ങളും ഒഴിച്ചാൽ വ്യാവസായികാടിസ്ഥാനത്തിൽ ഈ ഉല്പന്നം പ്രയോജനപ്പെടുത്താൻ നമുക്കു കഴിയുന്നില്ല. വമ്പിച്ച സാദ്ധ്യതകളുള്ള കൃഷിഅധിഷ്ഠിതവ്യവസായങ്ങൾക്കും തദ്വാരാ തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തുന്നതിനുമുള്ള പരിശ്രമങ്ങളും ഈരംഗത്തു അനിവാര്യമാണ്. തെങ്ങിൻതടി തുച്ഛമായ വിലയ്ക്കു വില്ക്കുകയോ ചിലപ്പോഴും ചെറിയ കെട്ടിടങ്ങളും നിർമ്മിക്കുന്നതിനു ഉപയോഗിക്കുകയോ പലപ്പോഴും വിറകാക്കുകയോ ചെയ്യുന്നപതിവാണ് ഇപ്പോഴുള്ളത്. അതുപോലെതന്നെ ചിരട്ടയുംതൊണ്ടും വിറകിനുവേണ്ടി ഉപയോഗപ്പെടുത്തുന്നു. തേങ്ങാവെള്ളം നഷ്ടപ്പെടുത്തികളയുകയാണ് ചെയ്യുന്നത്. ചിലവുകുറഞ്ഞ കെട്ടിടനിർമ്മാണസാമഗ്രികളും ഉണ്ടാക്കുന്നതിനും ഫർണീച്ചറും മറ്റു കൗതുകവസ്തുക്കളും നിർമ്മിക്കുന്നതിനും തെങ്ങിൻതടി

ഉപയോഗിക്കാവുന്നതാണ്. ചിരട്ട കരകൗശലവസ്തുക്കൾ ഉണ്ടാക്കുന്നതിനും മറ്റു വ്യാവസായികാവശ്യങ്ങൾക്കും ഉപയോഗപ്പെടുത്താം. പച്ചച്ചകിരികൊണ്ട് പലതരം ഉല്പന്നങ്ങൾ ഉണ്ടാക്കാം. നാളികേരം, തേങ്ങാവെള്ളം ഇവയെല്ലാം ഉപയോഗിച്ച് പലതരം വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്. നമ്മുടെ ഗ്രാമത്തിന്റെ സമ്പദ്വവസ്ഥയിൽ ഗണ്യമായ മാറ്റം വരുത്താൻ ഈ സംരംഭങ്ങൾ ഉപകരിക്കും.

മലയാലപ്പുഴയിൽ വ്യാപകമായി കൃഷി ചെയ്തുവരുന്ന മറ്റ് രണ്ട് പ്രധാന ഉല്പന്നങ്ങളാണ് കുരുമുളകും ഇഞ്ചിയും. ഇവ ഇടത്തട്ടുകാർ സംഭരിച്ച് ഉണക്കിയോ അല്ലാതെയോ വിദൂരവ്യവസായകേന്ദ്രങ്ങളിൽ എത്തിക്കുന്ന പതിവാണ് ഇപ്പോഴുള്ളത്. കുരുമുളകിന്റെയും ഇഞ്ചിയുടെയും സത്ത് എടുത്ത് പലതരം ഔഷധങ്ങളും സുഗന്ധദ്രവ്യങ്ങളും ഉണ്ടാക്കുന്ന വ്യവസായങ്ങൾ തുടങ്ങാൻ നമുക്ക് കഴിയണം.

പ്രത്യക്ഷമായും പരോക്ഷമായും വൻ തൊഴിൽസാദ്ധ്യതകൾ ഉള്ള കൃഷിഅധിഷ്ഠിത വ്യവസായങ്ങളെക്കുറിച്ചാണ് മുകളിൽ പറഞ്ഞിട്ടുള്ളത്. വേറെയും നിരവധി കൃഷിഅധിഷ്ഠിതവ്യവസായങ്ങൾ ഇവിടെ ആരംഭിക്കാവുന്നതായി അവശേഷിക്കുന്നു. ഇവിടെ സുലഭമായുള്ള മാമ്പഴം, ചക്കപ്പഴം, വാഴപ്പഴം, കൈതച്ചക്ക, ഓമയ്ക്കാ തുടങ്ങിയ പഴവർഗ്ഗങ്ങൾ സംസ്കരിച്ച് നടത്താവുന്ന പലതരം വ്യവസായങ്ങൾക്കും വിജയസാദ്ധ്യതയുണ്ട്. മരച്ചീനി ഉപയോഗിച്ചു നടത്താവുന്ന വ്യവസായങ്ങളും വിരളമല്ല.

വലിയ മുതൽമുടക്ക് കൂടാതെ റബ്ബർ മേഖലയിൽ വിജയകരമായി നടത്താവുന്ന ഒരു വ്യവസായമാണ് തേനീച്ചവളർത്തൽ.

പഞ്ചായത്തിലെ 5-ാംവാർഡിൽ മുക്കഴി, പൊതീപ്പാട്ട്, പുതുക്കുളം തുടങ്ങിയ മേഖലകളിൽ വാറ്റുപുല്ല് സുലഭമാണ്. ഈ വാർഡിൽ ഒരു പുൽതൈലനിർമ്മാണയൂണിറ്റ് തുടങ്ങാവുന്നതാണ്.

ഇവിടെ സുലഭമായ അസംസ്കൃതപദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ആരംഭിക്കാവുന്ന വ്യവസായയൂണിറ്റുകൾ.

വിഭാഗം	നമ്പർ	ഇനം
ഖാദി ഗ്രാമ വ്യവസായം	1	തെങ്ങുകൊണ്ടുള്ള കെട്ടിടനിർമ്മാണസാമഗ്രികൾ, ഫർണീച്ചറുകൾ.
	2	വെളിച്ചെണ്ണ.
	3	തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതളപാനീയങ്ങൾ.
	4	കാലിത്തീറ്റ.
	5	യന്ത്രവൽകൃത പച്ചച്ചകിരിനാരുവ്യവസായം.
	6	ചകിരിച്ചവറുപയോഗിച്ചുള്ള വളം.
	7	തേങ്ങാപൗഡറും ക്രീമും (തേങ്ങാപ്പാൽ കുഴമ്പുരൂപത്തിൽ)
	8	ചിപ്സ് നിർമ്മാണം.
വനിത	1	തെങ്ങ്, ചിരട്ട ഇവ ഉപയോഗിച്ചുള്ള കരകൗശലവസ്തുക്കൾ.
	2	കൈതച്ചക്ക, മാങ്ങ, ചക്ക, വാഴപ്പഴം, ഓമയ്ക്കാ മുതലായ പഴവർഗ്ഗങ്ങൾ സംസ്ക്കരിച്ച് ഉണ്ടാക്കുന്ന ജാമുകൾ.
	3	പേപ്പർപൾപ്പുകൊണ്ടുള്ള കരകൗശലവസ്തുക്കൾ.

ചുരുങ്ങിയ മുതൽമുടക്കിൽ വിപണി ലഭിക്കാൻ സാദ്ധ്യതയുള്ള വ്യവസായങ്ങൾ.

വിഭാഗം	നമ്പർ	ഇനം
ഗ്രാമ വ്യവസായം	1	ശാസ്ത്രീയമായ കോഴിവളർത്തൽ.
	2	ആധുനികരീതിയിൽ ആയുർവ്വേദമരുന്നുനിർമ്മാണം.
	3	തടികൊണ്ടുള്ള ഫർണീച്ചർ.
	4	ഹവായ് ചെരുപ്പുകൾ.
	5	അലൂമിനിയപ്പാത്രങ്ങളും മറ്റ് ഉല്പന്നങ്ങളും.
	6	ഫാൻസി ലതർ ഗുഡ്സ്.

ചുരുങ്ങിയ മുതൽമുടക്കിൽ വിപണി ലഭിക്കാൻ സാദ്ധ്യതയുള്ള വ്യവസായങ്ങൾ.

വിഭാഗം	നമ്പർ	ഇനം
ജനറൽ എഞ്ചിനീയറിംഗ്	7	സ്ക്രൂംബാഗ്.
	8	പലയിനം ബട്ടൺസ്.
	9	അലങ്കാരപ്പണി ചെയ്ത മരംകൊണ്ടുള്ള ഉപകരണങ്ങൾ.
	10	ലിക്വിഡ് ഡിറ്റർജെന്റ്.
	11	ക്ലീനിംഗ് പൗഡർ.
	12	ഇനാമൽ പെയിന്റിന്റെ നിർമ്മാണം.
	13	ഓട്ടോ ഇലക്ട്രിക് ഷോപ്പ്.
	14	ഇലക്ട്രിക്കൽ ജനറൽ വർക്ക്ഷോപ്പ്.
	15	ജനറൽ എൻജിനീയറിംഗ്.
	16	ഇരുചക്രവാഹനങ്ങളുടെ വർക്ക്ഷോപ്പ്.
	17	ഇലക്ട്രോണിക് ഫാൻ റഗുലേറ്റർ.
	18	ഇലക്ട്രോണിക് ഓവർലോഡ് കട്ട് ഓഫ്.
	19	എമർജൻസി ലാമ്പ്.
	20	S T D/ലോക്കൽ ബയറിംഗ് സിസ്റ്റം.
	21	സ്വിച്ച് ബോർഡ്.
	22	സിന്തറിക് വിനാഗിരി.
	23	കുട്ടികളുടെ ഷൂ.
	24	പ്രായമുള്ളവരുടെ ഷൂ.
വനിത	1	ഉന്നതനിലവാരമുള്ള റഡിമെയ്ഡ് വസ്ത്രങ്ങൾ.
	2	വാഷിംഗ് സോപ്പ്.
	3	സോപ്പുപൊടി.
	4	പേപ്പർ കവർ നിർമ്മാണം.

ചുരുങ്ങിയ മുതൽമുടക്കിൽ വിപണി ലഭിക്കാൻ സാദ്ധ്യതയുള്ള വ്യവസായങ്ങൾ.

വിഭാഗം	നമ്പർ	ഇനം
സഹകരണസംഘം (വനിത)	1	കുട, നോട്ടുബുക്ക് നിർമ്മാണം.
	2	റബ്സിൻ ഉല്പന്നങ്ങൾ.
	3	കറിപൗഡർ.
	4	കരിങ്കല്ലുടച്ച് മെറ്റിൽ ഉണ്ടാക്കൽ.
സഹകരണസംഘം (ജനറൽ)	1	സിമൻറുകൊണ്ടുള്ള ജനാല, കട്ടിള തുടങ്ങിയവ.
	2	സ്റ്റീൽ ഫർണീച്ചർ.
	3	പവർലൂം തുണിനിർമ്മാണം (കോട്ടൺ, പോളിസ്റ്റർ)
	4	ഇഷ്ടിക നിർമ്മാണം.
	5	നെയ്ത്ത്.
	6	സോളാർ ലൈറ്റുകൾക്കുള്ള Plates-ഉം അനുബന്ധഉപകരണങ്ങളും.
സഹകരണസംഘം (പട്ടികജാതി)	1	കൂൺ കൃഷി.
	2	സിമൻറ് ഇഷ്ടികനിർമ്മാണം.
	3	റെഡിമെയ്ഡ് വസ്ത്രങ്ങൾ.
	4	കിടക്കനിർമ്മാണം.

വൻകിടവ്യവസായം.

1. മലയാലപ്പുഴ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു കോക്നട്ട് കോംപ്ലക്സ് സ്ഥാപിക്കുക.
2. ടയർ, ട്യൂബ് മുതലായവ നിർമ്മിക്കുന്ന ഒരു ഫാക്ടറി സ്ഥാപിക്കുക.
3. കരുമുളക്, ഇഞ്ചി എന്നീ കാർഷികോല്പന്നങ്ങളുടെ സത്ത് എടുത്ത് വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഒരു വ്യവസായസ്ഥാപനവും അനുബന്ധവ്യവസായങ്ങളും തുടങ്ങുക.

ടൂറിസം വികസനം.

ടൂറിസം ഒരു വ്യവസായമായി സർക്കാർ അംഗീകരിച്ചിരിക്കയാണല്ലോ. മലയാലപ്പുഴയെ ഒരു തീർത്ഥാടക വിനോദ സഞ്ചാരകേന്ദ്രമാക്കി വളർത്തുന്നതിനും തദ്വാരാ പ്രത്യക്ഷമായും പരോക്ഷമായും കൂടുതൽ തൊഴിലവസരങ്ങൾസൃഷ്ടിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനും വിപുലമായ സാദ്ധ്യതകളാണ് ഉള്ളത്.

ചിരപുരാതനമായ മലയാലപ്പുഴ ദേവീക്ഷേത്രദർശനാർത്ഥം നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽനിന്നും എത്തുന്നവർക്കുപുറമേ തമിഴ്നാട്, കർണ്ണാടകം, ആന്ധ്രാ തുടങ്ങിയ തെന്നിന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും ധാരാളമായും, വടക്കേഇൻഡ്യൻ സംസ്ഥാനങ്ങളിൽനിന്നും കുറെയൊക്കെയും, ചിലപ്പോൾ വിദേശികളും പോലും ഇവിടെ എത്തിച്ചേരുന്നുണ്ട്. സ്ഥിരമായി വന്നുപോകുന്ന ഉദ്യോഗസ്ഥാനുദ്യോഗസ്ഥപ്രമുഖരുടെ എണ്ണം വളരെ ഏറെയാണ്. ശബരിമല തീർത്ഥാടകരിൽ നല്ലൊരുപങ്ക് മലയാലപ്പുഴ ക്ഷേത്രത്തിലെത്തി ദർശനം നടത്തുക പതിവാണ്. മണ്ഡല-മകരവിളക്ക് കാലങ്ങളിൽ അച്ചൻകോവിൽക്ഷേത്ര ദർശനത്തിനുശേഷം കാൽനടയായും അല്ലാതെയും മലയാലപ്പുഴ ക്ഷേത്രത്തിലെത്തി ദർശനം നടത്തി ശബരിമലയ്ക്കു പോകുന്നവരും എണ്ണത്തിൽ കുറവല്ല. മേല്പറഞ്ഞ തീർത്ഥാടകരെയെല്ലാം ഉൾക്കൊള്ളുന്നതിനോ അവശ്യവേണ്ട പ്രാഥമികസൗകര്യങ്ങളെങ്കിലും ഒരുക്കുന്നതിനോ ഇന്നുള്ള പരിമിതികൾ അനുവദിക്കുന്നില്ല. ക്ഷേത്രത്തിനുപുറമേ ക്ഷേത്രവുമായി ബന്ധമുള്ള ഐതിഹ്യ പ്രാധാന്യമുള്ള പല കേന്ദ്രങ്ങളും മലയാലപ്പുഴയിൽ വേറെയുമുണ്ട്.

മലയാലപ്പുഴ ക്ഷേത്രത്തിൽനിന്നും ഒരു കിലോമീറ്റർ പടിഞ്ഞാറ് ഉൾപ്രദേശത്ത് സ്ഥിതിചെയ്യുന്ന കോട്ടപ്പാറമലയും പാറപ്പുറത്തെ വലിയ കരിങ്കൽ വിഗ്രഹവും ഒരു അപൂർവ്വ ദൃശ്യംതന്നെയാണ്. എന്നാൽ ഇവിടെ എത്തിച്ചേരാൻ വഴിസൗകര്യംപോലുമില്ല. ക്ഷേത്രത്തിൽ എത്തുന്ന തീർത്ഥാടകരിൽ ഒട്ടേറെപ്പേർ ക്ഷേത്രത്തിനു് ഒരു കിലോമീറ്റർ വടക്കുള്ള ശ്രീകണ്ഠേശ്വരി മുഹൂർത്തിക്കാവിലും ആരാധനയ്ക്ക് എത്തുക പതിവാണ്. ഈ കാവിനടുത്തും കാവുകളുടെ ഒരു സമുച്ചയംതന്നെയുണ്ട്. മനോഹരമായ കുതിരാംകുളവും ഈ സ്ഥലത്താണ്. ചെറുകുന്നത്തുമല ക്ഷേത്രത്തിനു് അഞ്ചു കിലോമീറ്റർ കിഴക്കും കുമ്പഴ എസ്റ്റേറ്റിൽ സ്ഥിതിചെയ്യുന്നു. എസ്റ്റേറ്റുതന്നെ ഒരു മനോഹര ദൃശ്യമാണ്. എസ്റ്റേറ്റിനും നമ്മുടെ പഞ്ചായത്തിനുതന്നെയും അതിരുകുറിക്കുന്ന കാനനസുന്ദരിയായ കല്ലാറിന്റെ കമനീയത അനിർവചനീയമാണ്. കല്ലാറിന്റെ കിഴക്കേക്കരനിന്നും ആരംഭിക്കുന്ന റിസർവ്വ്വനത്തിന്റെയും കിഴക്കൻ മലയോരപ്രദേശങ്ങളുടെയും അത്യുന്നതങ്ങളായ സഹ്യാദ്രിശൃംഗങ്ങളുടെയും അളവറ്റ പ്രകൃതിഭംഗി ആരേയും ഹഠാദാകർഷിക്കുന്നതാണ്. ക്ഷേത്രത്തിനു് ഏഴു കിലോമീറ്റർ തെക്കുമാറി അച്ചൻകോവിലാറിന്റെ തീരത്തു് വെട്ടർ ആയിരവില്ലൻ ക്ഷേത്രം കാണാം. മലയാലപ്പുഴ ക്ഷേത്രപരിസരത്തുതന്നെ തോമ്പിൽ കൊട്ടാരവും ഉപ്പിടുംപാറമലയും സ്ഥിതിചെയ്യുന്നു. പൗരാണികതയുടെ പ്രതീകങ്ങളായ കാവുകളും കുളങ്ങളും മറ്റു ചേതോഹര ദൃശ്യങ്ങളും വേറെയുമുണ്ട് മലയാലപ്പുഴയിൽ. ആകെക്കൂടി ആദ്ധ്യാത്മികചൈതന്യമായ മലയാലപ്പുഴയെ ഒരു തീർത്ഥാടക വിനോദസാഞ്ചാരകേന്ദ്രമാക്കി വികസിപ്പിക്കാൻ ആകാവുന്നതിൽ അപ്പുറം ചെയ്യേണ്ടതുണ്ട്.

54

വൈദ്യുതി ഉല്പാദനവും വിതരണവും.

6-ാംവാർഡിൽ കല്ലാറിൽ ഒരു ചെറുകിട ജല വൈദ്യുതപദ്ധതിക്കുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. വൈദ്യുതിപ്രതിസന്ധിക്ക് പരിഹാരംകാണാൻ ഈ പദ്ധതി ഉപകരിക്കും.

കുറച്ചുസ്ഥലംമാത്രം ഉപയോഗിച്ച്, കുറഞ്ഞ സമയത്തിനുള്ളിൽ, വളരെ കുറച്ച് യന്ത്രസാമഗ്രികളും ഉപയോഗിച്ച്, പരിമിതമായ ചെലവിൽ, ഉപയോഗിച്ച ഇന്ധനംതന്നെ ആവർത്തിച്ച് ഉപയോഗിച്ച്, വളരെ ആദായകരമായി വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ഒരു പുതിയ കണ്ടെത്തൽ നമ്മുടെ പഞ്ചായത്തിലെ ഒരു ചെറുപ്പക്കാരൻ നടത്തിയിട്ടുണ്ട്. ഈ ചെറുപ്പക്കാരൻ തന്റെ പരീക്ഷണഫലം പത്തനംതിട്ട ജില്ലാ കളക്ടറെ നേരിൽ ബോദ്ധ്യപ്പെടുത്തുകയും കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള മുഖ്യമന്ത്രി അദ്ദേഹത്തിനു പാരിതോഷികം കൊടുത്ത് പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സാദ്ധ്യതകളും പരിശോധിച്ച് പ്രോത്സാഹിപ്പിച്ചാൽ ഒരുപക്ഷേ വൈദ്യുതി ഉല്പാദനരംഗത്ത് ഒരു പുത്തൻ അദ്ധ്യായം തന്നെ എഴുതിച്ചേർക്കാൻ കഴിഞ്ഞേക്കും.

പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോമറുകളും സ്ഥാപിക്കുകയും ഇവിടെ ഒരു സബ് സ്റ്റേഷൻ സ്ഥാപിക്കുകയും ചെയ്താൽ വ്യവസായ പുരോഗതിക്ക് ഉതകുന്നതരത്തിൽ വൈദ്യുതിയുടെ ലഭ്യത ഉറപ്പുവരുത്താൻ കഴിയും.

വൈദ്യുതി സംരക്ഷണം.

വൈദ്യുതിസംരക്ഷണം ലക്ഷ്യംവച്ച് K S E B, ANERT, സർക്കാർ എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെ വീടുകളിൽ സോളാർ ലാമ്പുകളും സ്ഥാപിക്കണം. (പരീക്ഷിച്ചു നോക്കിയതിനുശേഷം)

മിനി വ്യവസായ എസ്റ്റേറ്റ്.

വ്യാവസായികാവശ്യങ്ങൾക്ക് സ്ഥലസൗകര്യം കുറവായതിനാൽ പഞ്ചായത്തിന്റെ ചുമതലയിൽ കുറഞ്ഞത് 5 ഏക്കർ സ്ഥലമെങ്കിലും ഏറ്റെടുത്ത് ഒരു മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിച്ച് സംരംഭകർക്ക് വാടകയ്ക്ക് കൊടുക്കുന്ന പദ്ധതി നടപ്പാക്കണം.

മറ്റു ഗ്രാമസഭാനിർദ്ദേശങ്ങൾ.

1. പ്ലാസ്റ്റിക് ഉല്പന്നങ്ങൾ.
2. കാർഷികോല്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം.
3. തേനീച്ചവ്യവസായം.
4. തീപ്പെട്ടിവ്യവസായം.

5. മെഴുകുതിരി.
6. മിൽക്കു് പ്രോഡക്ടു് യൂണിറ്റു്.
7. H B വയർ പ്രോഡക്ടു് യൂണിറ്റു്.
8. അച്ചാർ.
9. ക്രഷർ യൂണിറ്റു്.
10. പട്ടുനൂൽവ്യവസായം.
11. മരച്ചീനി അധിഷ്ഠിതവ്യവസായം.
12. ബീഡിവ്യവസായം.
13. പർപ്പടകം.
14. ഇലക്ട്രിക്കൽ എക്യുപ്മെന്റു്.
15. റബ്ബർകൃഷിക്കാരുടെ സഹകരണസംഘം രൂപീകരിച്ചു് അതിന്റെ ചുമതലയിൽ റബ്ബർതടിയും വെള്ളത്തടികളും ഉപയോഗിച്ചു് പ്ലൈവുഡു്, പാക്കിംഗു് കേസു് മുതലായവ ഉല്പാദിപ്പിക്കുന്ന വ്യവസായം.
16. റബ്ബർബാൻഡു്.
17. റബ്ബർപാൽ സംഭരിച്ചു്, സംസ്ക്കരിച്ചു്, വിപണനം നടത്തുന്ന യൂണിറ്റു്.
18. ഗ്രേഡ്ഷീറ്റു് നിർമ്മാണം.
19. ക്രീപ്പു് നിർമ്മാണം.
20. പുൽതൈലം.
21. വനിതാഹോട്ടൽ.
22. വനിതാ വസ്ത്രവ്യാപാരകേന്ദ്രം.
23. കൃഷിആയുധങ്ങൾ നിർമ്മിക്കുന്ന യൂണിറ്റു്.
24. മൊസൈക്കു് ടൈൽസു്.
25. റബ്ബർതടി സംസ്ക്കരണയൂണിറ്റു്.

നിർദ്ദേശങ്ങൾ.

1. സ്വയംതൊഴിൽ സംരംഭകരെ കണ്ടെത്തി അവരെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്ന ഒരു കമ്പ്യൂട്ടർവൽകൃത സ്വയംതൊഴിൽ എക്സ്ചേഞ്ചു് തുടങ്ങണം. വ്യവസായബോധവൽക്കരണസെമിനാറുകൾ, സാങ്കേതിക/മാനേജ്മെന്റു്/ വിപണനപരിശീലനം, സ്വയംസേവനസംഘങ്ങളുടെ രൂപവൽക്കരണം, ബാങ്കു് വായ്പയും വിവിധ സർക്കാർ വകുപ്പുകളുടെ ആനുകൂല്യങ്ങളും ലഭ്യമാക്കൽ, മേൽനോട്ടം, വിപണനസഹായം തുടങ്ങിയവ ഈ സ്ഥാപനത്തെ ചുമതലപ്പെടുത്തണം.

2. കരകൗശലരംഗത്ത് വിദഗ്ദ്ധപരിശീലനം നൽകുന്നതിന് Deputy Commissioner, Ministry of Handloom & Textiles, Trichur എന്നിവരുമായി ബന്ധപ്പെട്ട് ഒരു Craft Development Centre സ്ഥാപിക്കണം.

3. നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധ വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിനു് നാളികേരവികസനബോർഡ്, കേരഫെഡ്, കയർ വികസന ഡയറക്ടർ, Regional Research Laboratory, Thiruvananthapuram തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിശീലനപരിപാടി സംഘടിപ്പിക്കണം.

4. ഈറ, മുള, ചൂരൽ മുതലായ അസംസ്കൃതപദാർത്ഥങ്ങൾ ഉപയോഗിച്ചു് വ്യവസായം തുടങ്ങുന്ന സംരംഭകർക്കു് പരിശീലനം നൽകുന്നതിനും സഹായം ഉറപ്പാക്കുന്നതിനും ബാംബൂ കോർപ്പറേഷന്റെയും വ്യവസായവകുപ്പിന്റെയും സഹായം തേടണം.

5. റബ്ബറധിഷ്ഠിത വ്യവസായസംരംഭകരെ പരിശീലിപ്പിക്കുന്നതിനും അവർക്കു് സഹായം എത്തിക്കുന്നതിനും റബ്ബർബോർഡിന്റെയും വ്യവസായവകുപ്പിന്റെയും സഹായ സഹകരണങ്ങൾ തേടണം.

6. റഡിമെയ്ഡ് വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകർക്കു് ഈ രംഗത്തെ നവീന സമ്പ്രദായങ്ങളെപ്പറ്റിയും വിപണന സാദ്ധ്യതകളെപ്പറ്റിയും Indian Institute of Fashion Technology, Madras എന്ന സ്ഥാപനത്തിന്റെകീഴിൽ വിദഗ്ദ്ധ പരിശീലനം ഏർപ്പെടുത്തണം.

7. വ്യവസായസംരംഭകരെ കണ്ടെത്തി അവർക്കു് വ്യവസായരംഗത്തെപ്പറ്റിയുള്ള ആശങ്ക ഇല്ലാതാക്കുന്നതിനും സംരംഭങ്ങളിൽ വിജയം കണ്ടെത്തിയ വ്യവസായികളുമായി അനുഭവപാഠങ്ങൾ പങ്കിടുന്നതിനും വ്യവസായങ്ങൾ നേരിൽ കണ്ടുപഠിക്കുന്നതിനും പര്യാപ്തമായ പരിപാടികൾ ആവിഷ്ക്കരിക്കണം.

8. ജില്ലാ വ്യവസായകേന്ദ്രം, ജില്ലാ ചെറുകിടവ്യവസായ അസോസിയേഷൻ, പൊതുമേഖലാസ്ഥാപനങ്ങൾ, കൃഷിവകുപ്പ് എന്നിവയുടെ സഹകരണത്തോടെ വ്യാവസായിക, കാർഷിക പ്രദർശനം സംഘടിപ്പിക്കണം.

9. വ്യവസായ സംരംഭകർക്കു് വൈദ്യുതിലഭ്യത ഉറപ്പാക്കുന്നതിനു് നിലവിലുള്ള വൈദ്യുതി ലൈനുകൾ 3 Phase ആക്കി മാറ്റുകയും പുതിയ 3 Phase ലൈനുകൾ സ്ഥാപിക്കുകയും ചെയ്യണം.

10. ഉല്പന്നങ്ങളുടെ വിപണനം ഏറ്റെടുത്തു് നടത്തി സംരംഭകരെ സഹായിക്കുന്നതിനു് പഞ്ചായത്തിൽ പൊതുവിതരണകേന്ദ്രങ്ങളുടെ ശൃംഖലതന്നെ രൂപപ്പെടുത്തണം.

11. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ വ്യവസായസംരംഭക ക്ലബ്ബുകൾ രൂപീകരിക്കുക, ക്രാഫ്റ്റ് ടെയിനിംഗ് കൊടുക്കുക, പരസ്യബോർഡുകൾ സ്ഥാപിക്കുക, സെമിനാറുകൾ സംഘടിപ്പിക്കുക തുടങ്ങി നാനാവിധ പ്രവർത്തനങ്ങളിലൂടെ ഉല്പാദന, വിപണന പ്രക്രിയകളെ ത്വരിതഗതിയിലാക്കി ഒരു പുത്തൻസാമൂഹ്യസാഹചര്യം സൃഷ്ടിക്കാൻ ആവശ്യമായ കർമ്മപരിപാടികൾ ആവിഷ്കരിക്കണം.

12. കണ്ടെത്തുന്ന പ്രാദേശിക വ്യവസായ സംരംഭകരെ നിരന്തരം പ്രോത്സാഹിപ്പിക്കുകയും അവരുടെ നില ക്രമേണ മെച്ചപ്പെടുത്തി സംരക്ഷിക്കുകയും ചെയ്യുന്നതിനു് ജനപ്രതിനിധികൾ, വ്യവസായികൾ, ഉദ്യോഗസ്ഥന്മാർ (വ്യവസായം, ഗ്രാമവികസനം, വൈദ്യുതി) എന്നിവർ ഉൾപ്പെട്ട 10 പേരിൽ കവിയാത്ത അംഗസംഖ്യയുള്ള ഒരു വ്യവസായവികസനസമിതി രൂപീകരിക്കണം.

13. 'വ്യവസായകേരളം' പ്രസിദ്ധീകരണം പഞ്ചായത്തിൽ വരുത്തണം.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ചു് നടപ്പാക്കിയാൽ വ്യാവസായികരംഗത്തു്, വിശേഷിച്ചു് ചെറുകിടവ്യവസായ മേഖലയിൽ, ചുരുങ്ങിയ കാലയളവിനുള്ളിൽ സമഗ്രപുരോഗതി കൈവരിക്കാൻ സഹായകമാവും. കൃഷിഅധിഷ്ഠിതവ്യവസായങ്ങളാണു് അധികവും എന്നതുകൊണ്ടു് കാർഷികരംഗത്തും അഭിവൃദ്ധിയുണ്ടാകും. തൊഴിൽ തേടി അലഞ്ഞു് നിരാശരാകുന്ന രീതിക്കു് ഗുണപരമായ മാറ്റം വരുത്താനും തൊഴിലില്ലായ്മ നല്ലൊരളവുവരെ പരിഹരിക്കാനും നമുക്കു് കഴിയും. മൊത്തത്തിൽ സാമ്പത്തികരംഗത്തു് ഉണ്ടാകുന്ന പുരോഗതി ആളോഹരിവരുമാനം ഉയർത്തി ജീവിതഭദ്രത കൈവരിക്കാൻ ഉപകരിക്കും. വികസനസങ്കല്പങ്ങളിൽ അടിസ്ഥാനപരമായ അഴിച്ചുപണി നടത്തിക്കൊണ്ടുള്ള സമീപനം സാമൂഹ്യ, സാമ്പത്തിക, സാംസ്കാരികരംഗങ്ങളിലെല്ലാം സർവ്വതോമുഖമായ പുരോഗതി നേടിയെടുക്കാൻ സഹായകമായിത്തീരുകയും ഒരു നൂതന വികസന സംസ്കാരം രൂപപ്പെടുത്തിയെടുക്കാൻ പ്രയോജനപ്പെടുകയും ചെയ്യും.

4—4

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്.

മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽ ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ റോഡുകൾ ഒന്നും ഉണ്ടായിരുന്നില്ല. ആകെ ഉണ്ടായിരുന്ന രണ്ടു വഴികൾ മലയാലപ്പുഴ—കാറ്റാടി—കണ്ണമ്പാറ—പത്തനംതിട്ടയും, മലയാലപ്പുഴ—പത്യം—കുമ്പഴയുമായിരുന്നു. മലയാളവർഷം 1090-ാംആണ്ടിലാണ് നാട്ടുകാരുടെ ശ്രമഫലമായി ഈ പഞ്ചായത്തിലെ ആദ്യത്തെ മലയാലപ്പുഴ—പ്ലാവേലി—കുമ്പഴ റോഡ് ഉണ്ടായത്. പിന്നീട് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കച്ചാറോഡുകൾ പൂണ്ണമായും ജനങ്ങളുടെ സഹായത്തോടുകൂടി നിർമ്മിക്കപ്പെട്ടു. ദശകങ്ങൾ പഴക്കമുള്ള റോഡുകളിൽ ചിലത് ഇന്നും ഗതാഗതയോഗ്യമല്ലാതെ കിടക്കുന്നുണ്ട്. അതിൽ പ്രത്യേകം എടുത്തുപറയേണ്ട ഒന്നാണ്. പുല്ലാമല—പരപ്പിനാൽ—ആനശാരിക്കൽ റോഡ്. P W D എടുത്ത് പൂർത്തിയാക്കിയ ആദ്യത്തെ കുമ്പഴ—മലയാലപ്പുഴ റോഡ് 1962-ൽ പൂർത്തീകരിക്കുകയും 1964 ജനുവരി 1-ാംതീയതി മുതൽ ബസ് സർവ്വീസ് ആരംഭിക്കുകയും ചെയ്തു.

ഒരു നാടിന്റെ വികസനത്തിനു് റോഡുകൾ വഹിക്കുന്ന പങ്ക് വളരെയധികമാണ്. മലയാലപ്പുഴ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഗതാഗതയോഗ്യമായ റോഡുകൾ എല്ലാ ഭാഗങ്ങളിലും ഇല്ല എന്നത് ഒരു സത്യമാണ്. ഗ്രാമസഭകളിൽ കൂടുതൽ ചർച്ചചെയ്യപ്പെട്ട വിഷയവും ഇതുതന്നെ.

റോഡുകൾ ഗതാഗതയോഗ്യമല്ലാതായിത്തീരുവാൻ കാരണം എന്ത്? ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി, അധികാരികളുടെയും നാട്ടുകാരുടെയും അനാസ്ഥ, വേണ്ടസമയത്തു് അറ്റകുറ്റപ്പണികൾ ചെയ്യാതിരിക്കുക, ഓടകൾ ഇല്ലാതിരിക്കുക അങ്ങനെ അനേകം കാരണങ്ങൾ കണ്ടുപിടിക്കുവാൻ സാധിക്കും. കുന്നും മലകളും നിറഞ്ഞ ഒരു ഭാഗമായതുകൊണ്ട് മിക്കറോഡുകളും കുന്നുകളുടെ ചരിവിൽക്കൂടെയും, ഇടയിൽക്കൂടെയുമാണ് പോകുന്നതു്. മിക്ക റോഡുകൾക്കും ഓടകൾ ഇല്ലാത്തതുകാരണം മഴക്കാലത്തു് വെള്ളം റോഡുകളിൽക്കൂടി ഒഴുകുകയും അങ്ങനെ ഗതാഗതയോഗ്യം അല്ലാതാകുകയും ചെയ്യുന്നു. ഇതിനുള്ള ഏക പോംവഴി റോഡുകൾ ടാർ ചെയ്ത് സൂക്ഷിക്കുകയും ശരിയായ ഓടകൾ നിർമ്മിക്കുകയും ചെയ്യുക എന്നതാണ്. ഇങ്ങനെ മാത്രമേ ഈ റോഡുകൾ സംരക്ഷിക്കുവാൻ സാധിക്കുകയുള്ളൂ.

ഈ പഞ്ചായത്തിലെ റോഡുകളുടെ ആകെ നീളം 180 കി: മീ: ആണ്. അതിൽ ടാർ ചെയ്ത റോഡുകൾ കേവലം 36 കി: മീ: മാത്രമേയുള്ളൂ. ബാക്കി മൺറോഡുകളാണ്. P W D-യുടെ ചുമതലയിൽ 55 കി: മീറ്റർ ദൂരവും ബാക്കി പഞ്ചായത്തു് റോഡുകളുമാണ്.

പട്ടിക 1

പഞ്ചായത്തിലെ ടാർറോഡുകൾ.

നമ്പർ	റോഡ്	ദൂരം കി: മീ:	വീതി മീ:	ഉടമ സ്ഥത	ബസ് സൗകര്യം
1	മണ്ണാരക്കുളഞ്ഞി—പുതുക്കുളം	8	8	PWD	ഉണ്ട്
2	കുമ്പളാംപൊയ്ക—തലച്ചിറ—അട്ടച്ചാക്കൽ—എസ്റ്റേറ്റ്	5	8	PWD	,,
3	വള്ളിയാനി—പൊതീപ്പാട്	3.5	8	PWD	,,
4	മലയാലപ്പുഴ—പരുത്യാനി—വടക്കുപുറം	4	8	P	ഇല്ല
5	കാഞ്ഞിരപ്പാറ—വെട്ടൂർ	6	8	PWD	ഉണ്ട്
6	കോട്ടമുക്ക്—കിഴക്കുപുറം	1	8	PWD	ഉണ്ട്
7	ചേറാടി—പത്തരപടി	1	8	P	ഇല്ല
8	കോട്ടമുക്ക്—മലയാലപ്പുഴ	½	8	PWD	ഉണ്ട്
9	പുല്ലാമല—കല്ലോടിക്കുഴിപടി	0.3	8	P	ഇല്ല
10	കല്ലിട്ടക്കിപടി—ചേന്നമ്പള്ളി	3	8	P	,,
11	മലയാലപ്പുഴ—കവലമുക്ക്	1	8	P	,,
12	വെട്ടൂർ—ആഞ്ഞിലികുന്ന്	2	8	P	ഉണ്ട്
13	മലയാലപ്പുഴ—ഏറമ്പാത്തോട്	1	8	P	ഉണ്ട്

ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡുകളിലേയും റോഡുകളേപ്പറ്റിയുള്ള വിശദവിവരങ്ങളും അവയുടെ ആവശ്യങ്ങളും പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 2

വാർഡ്	റോഡിന്റെ പേര്	നീളം കി: മീ:	വീതി മീ:	ടാർ ചെയ്തിട്ടുണ്ട്	അക്കാര്യം ബന്ധപ്പെട്ട	ഇപ്പോൾ ഗതാഗതം ഉണ്ട്	ഇപ്പോൾ ഗതാഗതം ഉണ്ടോ, ഇല്ലയോ	ഉടമസ്ഥത
1	മലയാലപ്പുഴ—മണ്ണാരക്കുളഞ്ഞി	$1\frac{1}{2}$	8					PWD
	ചേന്നംപള്ളി—പുതുപ്പറമ്പിൽ	1	8					,,
	മാത്തോമ്മാപ്പള്ളി—പത്തരപ്പടി	$1\frac{1}{2}$	8					,,
	പത്തിശ്ശേരിപ്പടി—പത്തരപ്പടി	2	8					പഞ്ചായത്ത്
	കോയിക്കപ്പടി—പ്ലാവരപ്പടി	$1\frac{1}{2}$	8					,,
	പ്ലാവറ—ചേറാടി ഹരിജൻ കോളനി—അമ്പഴത്തുംമൂട്	$2\frac{1}{2}$	8					,,
	ഓത്തഡോക്സ് പള്ളി—തെറ്റാലിപ്പടി	$\frac{1}{2}$						,,
	,, കളീക്കൽപടി	$\frac{1}{2}$						,,
	അറുകാലിക്കൽ—കാറാടി	$\frac{3}{4}$						,,
	കാവിൽപടി—മാരാമൺപടി	$\frac{1}{2}$						,,
	മാത്തോമ്മാപ്പള്ളി—ചേറാടി ഹരിജൻകോളനി	$\frac{3}{4}$						,,
	ആശുപത്രിപ്പടി—കാറാടിപടി	$1\frac{1}{2}$						,,
2	മുണ്ടയ്ക്കൽ—വള്ളിയാനി	1	8					PWD
	പുല്ലാമല—വള്ളിയാനി	0·3	8					പഞ്ചായത്ത്
	പുല്ലാമല—ആനശാരിക്കൽ	3	8					,,
	മുണ്ടയ്ക്കൽ—തലച്ചിറ	1	8					,,
	നിരവേൽപടി—മുണ്ടയ്ക്കൽ	$\frac{1}{2}$	4					,,
	പുല്ലാമലമുരുപ്പേൽ—നിരവേൽ—പരപ്പിനാൽ	2	6					,,
	കുമ്പളാംപൊയ്ക—ചന്ത	0·3	5					,,
	അമ്പഴത്തുംമൂട്—പ്ലാവറപ്പടി	3	8					,,

വാർഡ്	റോഡിന്റെ പേര്	നീളം കി: മീ:	വീതി മീ:	ടാർ ചെയ്തിട്ടുണ്ടോ	അക്കാര്യം	ഇപ്പോൾ ഓടയുണ്ടോ	ഓടയുണ്ടെങ്കിൽ സ്ലാബിട്ടിട്ടുണ്ടോ	ഓടയുണ്ടെങ്കിൽ സ്ലാബിട്ടിട്ടുണ്ടോ	ഓടയുടെ
	നീളാത്തിൽപ്പടി—വള്ളിയാനി	1	4						പഞ്ചായത്ത്
	മുണ്ടയ്ക്കൽ—കോട്ടയ്ക്കൽ	0·1	6						,,
	മുണ്ടയ്ക്കൽ—ചാങ്ങോലിപ്പടി—കോട്ടയ്ക്കൽ	0·8	6						,,
	മുണ്ടയ്ക്കൽ—പരപ്പിനാൽ—ചേറാടി	0·9	6						,,
	നിരവേൽ കോളനി—മുണ്ടയ്ക്കൽ	0·8							,,
	ചേറാടി—കോഴികുന്നം	1							,,
	വള്ളിയാനി—നിരവേൽ കോളനി	0·5							,,
3	ചേന്നംപള്ളിപ്പടി—കല്ലിടത്തിപ്പടി	2·1	8						PWD
	മലയാലപ്പുഴ—മണ്ണാരക്കുളഞ്ഞി	0·5	8						Block
	മലയാലപ്പുഴ—പരുത്തിയാനി	2							,,
	അമ്പലം—കവല (ഇറമ്പാത്തോട്ട്)	1							,,
	മാർക്കറ്റ്—ഇറമ്പാത്തോട്ട്	0·9							,,
	മാർക്കറ്റ്—ഇറമ്പാത്തോട്ട്	1½							,,
	അമ്പലം—ഇറമ്പാത്തോട്ട്	1·4							പഞ്ചായത്ത്
	കാഞ്ഞിരപ്പാറ—കുതിരാംകുളം	0·8							,,
	കോഴികുന്നം—കുളംകുറ്റി ഹരിജൻകോളനി	0·7							,,
	തോമ്പിൽപടി—വല്ല്യത്തുപടി	0·8							,,
	മാർക്കറ്റ്—പള്ളിക്കുഴിപ്പടി	1							,,
	തോമ്പിൽപടി—വളവുങ്കൽപടി കോളനി	1							,,
4	കല്ലിട്ടക്കിപടി—അമ്പഴത്തുംമൂട്	1½							PWD
	പൊതീപ്പാട്ട്—മുണ്ടയ്ക്കൽ	1½							,,
	ആനശാരിക്കൽ—മുണ്ടയ്ക്കൽ	1½							പഞ്ചായത്ത്

വാർഡ്	റോഡിന്റെ പേരു്	നീളം കി: മീ:	വീതി മീ:	ടാർ ചെയ്യേണ്ടതു്	സ്ട്രീറ്റ് ലൈറ്റ്	ഓടു വേണ്ടതു്	വീതി കൂട്ടേണ്ടതു്	കലുങ്കു്, പാലം വേണ്ടതു്	ടേബിൾ സ്റ്റാൻഡ്	ഉടമസ്ഥത
	ആലുനിലു്ക്കുന്നതിൽപടി—മണലൂർമുരുപ്പു്	0·8								പഞ്ചായത്തു്
	പൊതീപ്പാടു് —വെള്ളറ	1								,,
	ചാങ്ങോലിക്കൽ—നല്ലേത്തുപടി	0·1								,,
	കടുവാക്കുഴി—വെള്ളറമുരുപ്പു്	1								,,
	കൊല്ലൻറയ്യത്തു്—നിരവേൽപടി	1·8								,,
	പൊതീപ്പാടു് S N D P S—അംഗൻവാടി	0·8								,,
	മുണ്ടയ്ക്കൽ —മീൻമൂട്ടിയ്ക്കൽ	1								,,
5	അമ്പഴത്തുംമൂടു്—പുതുക്കുളം	2	8							PWD
	പുതുക്കുളം—തലച്ചിറ	2	8							,,
	ചാങ്ങോലിക്കൽ— നല്ലേത്തുപടി	1·9	4							പഞ്ചായത്തു്
	ചാങ്ങോലിക്കൽ—മുക്കുഴി	3	8							,,
	കോട്ടപ്പാറ—പള്ളിപ്പടി	$1\frac{1}{2}$	4							,,
	തടത്തിൽ—കല്ലുകുത്തറപ്പടി	$2\frac{1}{2}$	4							,,
	മുണ്ടയ്ക്കൽ—തലച്ചിറ	1	8							,,
	കൊല്ലംപടി—അഞ്ചുസെൻറു്കോളനി—മുക്കുഴി	1	8							,,
	പൊതീപ്പാടു്—മുക്കുഴി	1	6							,,
	റേഡിയോമുക്കു്—വട്ടത്തറപ്പടി	0·75	6							,,
	ഗവ: L P S—വട്ടത്തറക്കുഴി	0·5	4							,,
	കടയ്ക്കിലേത്തുപടി—വട്ടത്തറക്കുഴി	0·5								,,
	പള്ളിപ്പടി—വട്ടത്തറക്കുഴി	0·5								,,

വാർഡ്	റോഡിന്റെ പേര്	നീളം കി.മീ.	വീതി മീ.	തുടങ്ങുന്നതിന്റെ സ്ഥലം	തുടങ്ങുന്നതിന്റെ സ്ഥലം	തുടങ്ങുന്നതിന്റെ സ്ഥലം	തുടങ്ങുന്നതിന്റെ സ്ഥലം	ഉടമസ്ഥർ
6	പുതുക്കുളം—ചെറുത്തിട്ട	4	8					PWD
	വട്ടത്തറ—കടവുപുഴ	3						പഞ്ചായത്ത്
	കടവുപുഴ—ചേർവള	$2\frac{1}{2}$						,,
	കുമ്പററി—ചെറുത്തിട്ട	2						,,
	വട്ടത്തറ—പത്തുലയം കോളനി	0·2						,,
	പുതുക്കുളം—ഒന്നാംഡിവിഷൻ കോളനി	0·2						,,
7	കാഞ്ഞിരപ്പാറ—കിഴക്കുപുറം	4	8					PWD
	കിഴക്കുപുറം—മാമൂട്ടിൽപടി	2						P
	പാമ്പേററിമല—വിളവിനാൽ—ഇലക്കുളം—പുളിമുക്ക്	4						P
	ഹൈസ്കൂൾ—നിരവുപറമ്പിൽ	0·5						P
	ഇറമ്പാത്തോട്—കളർസ്മൃതിപ്പടി	0·8						P
	ശീമപ്പാവുമുക്ക്—കണ്ടത്തുവാളിപ്പടി	0·8						P
	പള്ളിക്കൽപ്പടി—വിളവിനാൽ	0·8						P
	ശീമപ്പാവുമുക്ക്—പാമ്പേററിമല റോഡ്	0·5						P
8	കാഞ്ഞിരപ്പാറ—പുത്തൂർക്കടവ്	4	8					PWD
	കുമ്പഴ—അട്ടച്ചാക്കൽ	1	8					,,
	വടക്കുപുറം—പരുത്യാനി	1	8					B
	മുട്ടമൺ—പരുത്യാനി	0·2	6					B
	പാങ്ങോട്ടുപടി—ഹരിജൻ കോളനി വെട്ടിപ്പുറംപടി—ഹരിജൻ കോളനി പീടികയിലെപടി—ഹരിജൻ കോളനി	1·1						
	വിളയിൽപടി—മേടമുരുപ്പ്	0·7						
	കിഴക്കേമുറി—മേടമുരുപ്പ്	0·3						
	നെല്ലുവേലിപ്പടി—അരുവണ്ണൂർകടവ്	0·3						

വാർഡ്	റോഡിന്റെ പേര്	നീളം കി.മീ.	വീതി മീ.	ടാർ ചെയ്തതോ അല്ലാത്തതോ	സ്വകാര്യ വ്യക്തികളുടെ സ്ഥലത്തുകൂടി പോകുന്നത്	ഗതാഗതയോഗ്യമായ കാലം	ഉത്തരവാദിത്തം
8	ഉഷാസദനം—ഒരുവട്ടിൽപടി	0·1					P
	വാന്യത്തുപടി—മുനിസിപ്പൽഅതിത്തി	0·75					P
	ഗാന്ധി സ്മാരകനിധിപടി—മേലേട്ടൂർപടി	0·2	3				P
	പൂവണത്തിൻപടി—തേവരുകടവ്	0·7	6				P
	കുമ്പംപാറ—കോലുകുത്തി	1·00	6				P
	L. P. സ്കൂൾപടി—മണക്കാട്ടപടി	0·1	3				P
	വടക്കുപുറം—പരുത്തിയാനി	0·5	6				P
	മുട്ടമൺ—കുമ്പംപാറ	0·7	6				P
	മുളമൂട്ടിൽപടി—തുണ്ടമൺകര	0·3	3				P
	മുട്ടമൺ—പ്ലാവേലി	0·2	6				P
	മാത്തോമ്മാപള്ളിപ്പടി—മാലേത്തുപടി	1					P
	മാലേത്തുപടി—കാവനാൽപടി	0·5					P
	കുതിരക്കുളം—വടക്കുപുറം	1·5					P
	കരിംകുറ്റി—മീൻമൂട്ടിറോഡ്	0·8					P
	പീടികപ്പടി—അംഗൻവാടി	0·2	3				P
	ഇന്ദിരാ ജംഗ്ഷൻ—മാലേത്തുപടി	0·4					P
9	കാഞ്ഞിരപ്പാറ—വെട്ടൂർ	1·5	8				PWD
	ശങ്കരത്തിൽപടി—കിഴക്കുപുറം	1	8				B
	കുമ്പഴ—കോന്നി	1	8				PWD
	ശങ്കരത്തിൽപടി—കിഴക്കുപുറം	0·5	8				P
	ശങ്കരത്തിൽപടി—ക്രോസ് ജംഗ്ഷൻ	1·2	4				P
	റേഡിയോ ജംഗ്ഷൻ—ഈട്ടിമൂട്ടിപ്പടി	1	6				P
	പാറപ്പള്ളി—അമ്പലംപടി	1	6				P
	പാറപ്പള്ളി—ആഞ്ഞിലികുന്ന്	1	6				P

വാർഡ്	റോഡിന്റെ പേര്	നീളം കി: മീ:	വീതി മീ:	ടാർ ചെയ്തത്	ടാർ ചെയ്യേണ്ടത്	അറ്റകുറ്റപ്പണി വേണ്ടത്	ഓട വേണ്ടത്	ഓട വേണ്ടത്	വിളക്ക് വേണ്ടത്	അഭിപ്രായം	ശരിയാക്കേണ്ട മുൻഗണനാക്രമം
	ചാങ്ങേൽപടി—അമ്പലം	0·7	8								P
	ചാങ്ങേൽപടി—തുണ്ടുശ്ശേരിപ്പടി	1	4								P
	അമ്പലം—മാളിയേക്കൽപടി	0·7	6								P
	റേഡിയോജംഗ്ഷൻ—കോയിപ്പുറം	0·5	6								P
	റേഡിയോജംഗ്ഷൻ—പൂവണത്തിൽ	0·7	4								P
9	റേഡിയോ ജംഗ്ഷൻ—പാറപ്പള്ളിൽപടി	1	4								P
	വടക്കുപുറം—ആഞ്ഞിലിക്കുന്ന്	3	8	1	·50						P

ഗ്രാമപഞ്ചായത്തിന്റെ പല ഭാഗങ്ങളിലും റോഡുകൾ ഇല്ലാത്തതുമൂലം യാത്രാബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഇവിടെ പുതിയ റോഡുകൾ നിർമ്മിക്കേണ്ടിയിരിക്കുന്നു. പട്ടിക 3-ൽ പുതിയതായി നിർമ്മിക്കേണ്ട മൺറോഡുകളുടെ വിവരങ്ങൾ കൊടുത്തിരിക്കുന്നു.

പട്ടിക 3

പുതുതായി നിർമ്മിക്കേണ്ട മൺറോഡുകൾ.

വാർഡ്	നിർദ്ദേശിക്കുന്ന പേര്	കി: മീ: ദൂരം
1	മേളത്തറപ്പടി—മുഴിപതാലിൽപടി	0·75
	കരുമത്തൂർപടി—മുക്കുട്ടുകൽപടി	1
2	പ്രപ്പിനാൽ—പൊതുശ്മശാനംവഴി ഇരപ്പുങ്കൽ	2
3	ഇലത്തുരേത്തുപടി—കുളപ്പാറ കോളനി	$1\frac{1}{2}$
	അംബേസ്കർ കോളനി—T V ജംഗ്ഷൻ	0·5
	തട്ടാമണത്തുപടി—കൊല്ലംപടി	0·5
	കുളംകുറ്റി ഹരിജൻ കോളനി—ഇരപ്പുങ്കൽ	0·4
	അമ്പലം ഇറമ്പാത്തോട്ട് റോഡിൽ ക്രോസ് റോഡ്	

CRSP

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ മിനിമം ആവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടിയുള്ള പ്രവർത്തനത്തിന്റെ ഭാഗമാണീ CRSP പദ്ധതി. പ്രധാനമായും കക്കൂസില്ലാത്ത വീടുകൾക്കു് ആ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയാണിതു്. പദ്ധതിപ്രകാരം പഞ്ചായത്തിലെ സ്ഥിതി പട്ടിക 4-ൽനിന്നും മനസ്സിലാക്കാൻ കഴിയും.

പട്ടിക 4

കക്കൂസുകൾ സംബന്ധിച്ച വിവരം

വാർഡു നമ്പർ	സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകൾ	1992-നുശേഷം അനുവദിച്ച കക്കൂസുകളുടെ എണ്ണം	പൂർത്തീകരിച്ചവയുടെ എണ്ണം	ഇനി കക്കൂസു് വേണ്ട വീടുകളുടെ എണ്ണം
1	120	19	17	101
2	135	18	17	117
3	118	22	20	96
4	163	19	17	144
5	113	8	8	105
6	22	—	—	22
7	165	17	10	148
8	173	18	15	155
9	95	13	12	982

പട്ടികപ്രകാരം ഇനിയും കക്കൂസുകൾ വേണ്ട വീടുകളുടെ എണ്ണം 1870 ആണു്. അനുവദിച്ചതു് 134.. കക്കൂസിനുവേണ്ടി കാത്തിരിക്കുന്ന കുടുംബങ്ങളുടെ എണ്ണം ഇതിൽനിന്നു വ്യക്തമാണു്. ഇക്കാര്യത്തിൽ ദ്രുതഗതിയിലുള്ള നീക്കം ആവശ്യമാണു്. ആറാംവാർഡിൽ ആവശ്യമുള്ളതിൽ ഒന്നുപോലും അനുവദിച്ചിട്ടില്ല. മുൻഗണനാക്രമം പാലിച്ചുകൊണ്ടു് ഇക്കാര്യത്തിൽ അടിയന്തിര നടപടികൾതന്നെ ആവശ്യമാണു്.

ആസ്തി.

സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ ആസ്തിരജിസ്റ്ററിൽനിന്നും വ്യക്തമായി കാര്യങ്ങൾ ലഭ്യമല്ല. നിർമ്മാണം പൂർത്തിയാക്കിയ ചില ആസ്തികളുടെ വിവരം താഴെ കൊടുക്കുന്നു.

പട്ടിക 5

വാർഡ്	കോവർട്ട്	പമ്പുസെറ്റുകളുടെ എണ്ണം	ടാർചെയ്ത റോഡ്	ജലസേചന കിണറുകൾ	ടാർചെയ്യാത്ത റോഡ്	ആറുകൂറ വണ്ടികൾ പോകുന്നതുള്ള റോഡ്	മറ്റു നിർമ്മാണ പ്രവർത്തനം	ജലസേചനം നടത്തിയ കൃഷിഭൂമി
1	1	4	0·8 km	9	—	—	—	8 ഏക്കർ
2	—	5		6	—	—	—	11 ഏക്കർ
3	—	5		11	—	—	—	10 ഏക്കർ
4	—	3		5	—	—	—	4·5 ഏക്കർ
5	—	1		4	—	—	—	2·5 ഏക്കർ
6	—	—		—	—	—	—	
7	—	—	2·6 km	6	—	—	—	
8	—	1		1	2·6 km	—	—	
9	—	1	—	1	—	4 km	—	

ആശുപത്രികളും, റോഡ്, പാലം, തോട്, കുടിവെള്ള കിണർ, ജലസേചന കിണർ മുതലായ സാമൂഹ്യആസ്തികളും പഞ്ചായത്തിൽ വളരെ കുറവാണ്. കഴിഞ്ഞകാല പ്രവർത്തനങ്ങളിലേക്ക് ശ്രദ്ധതിരിച്ചാൽ ഈ രംഗത്തുണ്ടായ പ്രവർത്തനം വളരെ മോശമാണെന്നു കാണാം.

ഗ്രാമീണ കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ പഞ്ചായത്തിൽ വളരെ കുറവാണ്. ഉള്ള തൊഴിൽക്കാർക്കു നൽകിയിട്ടുള്ള ആധുനിക ഉപകരണങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

8. പുതിയ റോഡുകൾ നിർമ്മിക്കുക.

9. മുമ്പ് സർവ്വീസ് നടത്തിയിരുന്ന K S R T C-യുടെ പുതുക്കുളം—കോട്ടയം മെഡിക്കൽ കോളജ്, സീതത്തോട്—മലയാലപ്പുഴ—തിരുവനന്തപുരം ഫാസ്റ്റ് പാസ്സഞ്ചർ സർവ്വീസ് പുനരാരംഭിക്കുക. പത്തനംതിട്ട—മലയാലപ്പുഴ—മണ്ണാറക്കുളഞ്ഞി സർക്കുലർ സർവ്വീസ് തുടങ്ങണം. ചെങ്ങറ—കമ്പളാംപൊയ്ക റൂട്ടിൽ കൂടുതൽ ബസ് സർവ്വീസ് നടത്തണം. പത്തനംതിട്ടനിന്നും വെട്ടൂർവഴി തിരുവനന്തപുരം ഫാസ്റ്റ് പാസ്സഞ്ചർ സർവ്വീസ് ആരംഭിക്കണം. വെട്ടൂർ—വടക്കുപുറംവഴി മലയാലപ്പുഴയ്ക്ക് കൂടുതൽ ബസ് സർവ്വീസ് ആരംഭിക്കണം. മലയാലപ്പുഴയിൽ ഒരു ബസ് സ്റ്റാൻഡും ടാക്സി ഓട്ടോ റിക്ഷാ സ്റ്റാൻഡും നിർമ്മിക്കുക.

ഊർജ്ജം.

മലയാലപ്പുഴ പഞ്ചായത്തിൽ മിക്കവീടുകളിലും പാചകത്തിനുവേണ്ടി ഉപയോഗിക്കുന്ന ഇന്ധനം വിറകാണ്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം വളരെക്കുറവാണ്. ഇപ്പോൾ പല വീടുകളിലും ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി എന്നിവ ഉപയോഗിച്ച് പാചകംനടത്തുന്നുണ്ട്. മറ്റുള്ള ഇന്ധനങ്ങളുടെ അതായത് സോളാർ വിളക്കുകൾ മുതലായവയുടെ ഉപയോഗത്തെപ്പറ്റി ബോധവൽക്കരണം നടത്തേണ്ടിയിരിക്കുന്നു.

വൈദ്യുതീകരിച്ച വീടുകളുടെ ആകെ എണ്ണം 2240 ആണ്. പഞ്ചായത്തിലെ വൈദ്യുതീകരണത്തെ സംബന്ധിച്ചുള്ള പട്ടിക താഴെ കൊടുത്തിരിക്കുന്നു.

1. നിലവിലുള്ള ഉപഭോക്താക്കൾ

a)	ഗാർഹികം:	2240
b)	വ്യാപാരം:	150
c)	വ്യാവസായികം:	14
d)	കാർഷികം:	1

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം.

a)	Ordinary	25
b)	OTP	5
c)	OYEC	4

3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം.

a)	ബൾബ്:	(40 W)	350
b)	ട്യൂബ്:		45
c)	മെർക്കറി വേപ്പർ:		ഇല്ല
d)	സോഡിയം വേപ്പർ:		ഇല്ല

4. ആകെ വൈദ്യുതീകരിച്ച കോളനികൾ: 2

5. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോമറുകളുടെ പേരുകൾ.

(1) മലയാലപ്പുഴ I
(2) മലയാലപ്പുഴ II
(3) ചേറാടി
(4) ഇലക്കുളം I
(5) ഇലക്കുളം II
(6) പൊതീപ്പാട്
(7) ചെങ്ങറ
(8) കടവുപുഴ I
(9) കടവുപുഴ II
(10) കടവുപുഴ III
(11) കിഴക്കുപുറം
(12) വടക്കുപുറം
(13) വെട്ടൂർ
(14) മണ്ണാരക്കുളഞ്ഞി

6. സ്ട്രീറ്റ്ലൈറ്റിനുവേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക 5117 രൂപ.

ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.

പട്ടിക 1

ഹരിജൻ കോളനിയുടെ പേര്	വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ	സൗജന്യ സ്ലാബിൽ വൈദ്യുതി ഉപ: എണ്ണം	പണം നൽകി വൈദ്യുതികണക്ഷൻ ലഭിക്കുന്ന കുടുംബ: എണ്ണം
1. ഇലക്കുളം	56	40	16
2. ചേറാടി	65	45	20

പട്ടികയിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ കമ്പഴ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും കിട്ടിയതാണ്. പഞ്ചായത്തിന്റെ രണ്ടാംവാർഡ് റാന്നി സബ്സെക്ഷനിലാണ്. ആ ഭാഗത്ത് 212 ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ട്. ഇതിൽനിന്നും പഞ്ചായത്തിലെ 4035 വീടുകളിൽ 1583 എണ്ണം വൈദ്യുതീകരിക്കാത്ത വീടുകളാണെന്നു മനസ്സിലാക്കാം. ബാക്കിയുള്ള വീടുകളിൽ മണ്ണെണ്ണവിളക്കുകളാണ് ഉപയോഗിക്കുന്നത്. വൈദ്യുതി ലഭിച്ചിട്ടുള്ള വീടുകളിൽ പകലും പലപ്പോഴും വേണ്ടത്ര വോൾട്ടേജ് ഇല്ല. മണ്ണെണ്ണയുടെ കൂടുതൽ ആവശ്യകതയാണ് ഇത് സൂചിപ്പിക്കുന്നത്. അതുകൊണ്ട് പുതിയ വൈദ്യുതികണക്ഷനു വേണ്ടിയും കൂടുതൽ കപ്പാസിറ്റിയുള്ള ട്രാൻസ്ഫോമറിനുവേണ്ടിയും ഉള്ള ആവശ്യങ്ങൾ ഗ്രാമസഭയിൽ ഉയർന്നുവന്നിട്ടുണ്ട്. ഇതിന്റെ വിശദവിവരങ്ങൾ പട്ടിക 2-ൽ കൊടുത്തിട്ടുണ്ട്.

പട്ടിക 2

പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലം, ദൂരം, ലൈനിന്റെ സ്വഭാവം.

വാർഡ്	പുതിയ ലൈൻ	ദൂരം	ലൈനിന്റെ സ്വഭാവം
1	ആശുപത്രിപ്പടി—കാറ്റാടിപ്പടി റോഡ്	400 M	
	ലക്ഷംവീട് കോളനി	250 M	
	പത്തിശ്ശേരി—പത്തരപ്പടി റോഡ്	700 M	
	ഓർത്തഡോക്സ്പടി—കളീക്കപ്പടി	1000 M	
2	ചാങ്ങോലിപ്പടി—പുള്ളോലിപ്പടി	250 M	
	വള്ളിയാനി—നീളാത്തിപ്പടി	1000 M	
	കോഴികുന്നം—ചേറാടി	200 M	
	വള്ളിയാനി—നിരവേൽ	200 M	
	കോളനി റോഡ്	200 M	
	പരപ്പിനാൽ—തേവടത്തുംപടി	500 M	
3	മാർക്കറ്റ്—എറമ്പാത്തോട്ട്	500 M	
	കുതിരാംകുളം—കാഞ്ഞിരപ്പാറ	125 M	
	മൂർത്തിക്കാവ്—കല്ലുരുക്കിപ്പടി	250 M	
	അമ്പലം—എറമ്പാത്തറ	1000 M	
	ശ്രീമംഗലത്തുപടി—ചേന്നംപള്ളിപ്പടി	125 M	
4	ആനശാരിക്കൽ—മുണ്ടയ്ക്കൽ	500 M	
	ആനശാരിക്കൽ—കാര്യാട്ടുപടി	200 M	
	കടുവാക്കുഴി—വെള്ളറ	500 M	
	തട്ടാരുപടിഭാഗം	100 M	
	ആനശാരിക്കൽ—മണലൂർ	100 M	
	കൊല്ലൻറയ്യത്തുപടി—നിരവേൽപ്പടി	600 M	

വാർഡ്	പുതിയ ലൈൻ	ദൂരം	ലൈനിന്റെ സ്വഭാവം
5	ചാങ്ങോലിക്കൽ—നളിനേത്തുപടി	450 M	
	തടത്തിൽപടി—കല്ലുകുത്തറപ്പടി	450 M	
	ചാങ്ങോലി—മുക്കുഴി റോഡ്	250 M	
	വെൺമണിപ്പടി—വെൺമണിവീട്ടിൽപ്പടി	400 M	
6	കടവുപുഴ—പാലയ്ക്കാമൂഴി റോഡ്	400 M	
	കടവുപുഴ—ചെറുപാള റോഡ്	400 M	
7	കിഴക്കുപുറം—മാമൂട്ടിൽപടി	2100 M	
	ഇലക്കുളം—ശീമപ്ലാവുമുക്ക്	500 M	
	പാമ്പോറുമല—ലക്ഷംവീട്	200 M	
	കാഞ്ഞിരപ്പാറ—ലക്ഷംവീട്	200 M	
8	വെട്ടിപ്പുറംപടി—ഹരിജൻ കോളനി	200 M	
	പീടികയിൽപടി—ഹരിജൻ കോളനി	200 M	
	വിളയിൽപടി—മേടമുരുപ്പ്	800 M	
	നെല്ലുവേലിപ്പടി—അരുവണ്ണാർകടവ്	200 M	
	കുമ്പംപാറ—കോലുകുത്തി	800 M	
	വടക്കുപുറം—പരുത്തിയാനി	500 M	
	കരിംകുറ്റി—മാലേത്തുപടി	600 M	
	മാലേത്തുപടി—കാവനാൽപടി	300 M	
	തച്ചമലപടി മുതൽ—ചാങ്ങേൽപ്പടി	200 M	
9	വെട്ടർ അമ്പലംമുക്ക്	700 M	
	ഈസ്റേറൺ ഹരിജൻ സെറ്റിൽമെന്റ് കോളനി	650 M	
	മഹാത്മാഗാന്ധി ഹരിജൻ കോളനി	450 M	

പ്രശ്നങ്ങൾ.

1. മലയാലപ്പുഴ പഞ്ചായത്തിൽ വൈദ്യുതീകരിക്കാത്ത 1583 വീടുകളും ഉണ്ട്. വൈദ്യുതി ലഭിക്കുന്ന പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം ഉണ്ട്.

2. വൈദ്യുതീകരിക്കാത്ത മുഴുവൻ വീടുകൾക്കും മണ്ണെണ്ണ പെർമിറ്റ് ഇല്ല.
3. ആവശ്യമുള്ള എല്ലാസ്ഥലത്തും സ്ട്രീറ്റ്ലൈറ്റ് സ്ഥാപിച്ചിട്ടില്ല. അതിൽതന്നെ പലതും കത്തുന്നില്ല.
4. ആകെയുള്ള 18 ഹരിജൻ കോളനികളിൽ 2 എണ്ണം മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ.
5. പാചകവാതകം ലഭിക്കുന്നതിനുള്ള സൗകര്യം ഇല്ല.
6. വൈദ്യുതിഅപകടങ്ങൾ പലപ്പോഴും ഉണ്ടാകുന്നുണ്ട്.
7. കുമ്പഴ ഫീഡറിൽനിന്നു മാത്രമാണ് ഇന്ന് മലയാലപ്പുഴയിൽ വൈദ്യുതി ലഭിക്കുന്നത്. ഈ ലൈൻ തകരാറിലാകുമ്പോൾ ജലവിതരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ തകരാറിലാകുന്നു.

നിർദ്ദേശങ്ങൾ.

1. പുതിയതായി വൈദ്യുതകണക്ഷൻ ആവശ്യമുള്ളവർക്ക് കാലതാമസംകൂടാതെ ലഭ്യമാക്കുക.
2. വോൾട്ടേജ്ക്ഷാമം പരിഹരിക്കാൻ ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുക.
3. പുതിയ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുക.
4. വൈദ്യുതി അപകടങ്ങളെപ്പറ്റി ഉപഭോക്താക്കളെ ബോധവൽക്കരിക്കുക.
5. പഞ്ചായത്തിൽ പാചകവാതകം കിട്ടാനുള്ള സംവിധാനം ഉണ്ടാക്കുക.
6. വൈദ്യുതീകരിക്കാത്ത വീടുകൾക്ക് മണ്ണെണ്ണപെർമിറ്റ് നൽകുക.
7. റാന്നി ഫീഡർ, കോന്നി ഫീഡർ എന്നിവയുമായി മലയാലപ്പുഴ ലൈൻ ബന്ധിപ്പിക്കുക.
8. വിറകുല്പാദനം വർദ്ധിപ്പിക്കുന്നതിന് സാമൂഹ്യവനവൽക്കരണം നടപ്പാക്കുക.
9. കല്ലാറ്റിൽ ചെക്ഡാമുകൾ നിർമ്മിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുക.
10. സൗരോർജ്ജംമുഖേനയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രചരിപ്പിക്കുക.

മാർക്കറ്റ്.

മലയാലപ്പുഴ പഞ്ചായത്തിൽ ഏകദേശം 50 വർഷങ്ങൾക്കുമുമ്പ് സമൃദ്ധമായി വിളഞ്ഞിരുന്ന നാളികേരം, കുരുമുളക്, കശുവണ്ടി മുതലായവ ഇന്ന് വളരെ ശോചനീയനിലയിലാണ്. ഇന്ന് ഈ വിളകളുടെ സ്ഥാനം റബ്ബർ കൈയ്യടക്കിയിരിക്കുകയാണ്. ഇന്ന് ഈ നാട്ടിലെ കൃഷിക്കാർക്ക് അവർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുന്നതിനുള്ള വിപണനസൗകര്യങ്ങൾ ഇല്ല. വിപണനസൗകര്യങ്ങളേപ്പറ്റി ഗ്രാമസഭകളിൽ പല പ്രശ്നങ്ങളും ഉന്നയിച്ചിട്ടുണ്ട്. ഭൂരിപക്ഷം ആളുകളുടേയും ക്രയവിക്രയകാര്യങ്ങൾ പത്തനംതിട്ട, കോന്നി, കുമ്പഴ മുതലായ സ്ഥലങ്ങളുമായി ബന്ധപ്പെട്ടാണ് നടക്കുന്നത്. ഇപ്പോൾ നിലവിലുള്ള രണ്ട് ചന്തകൾ മലയാലപ്പുഴയിലും കുമ്പളാംപൊയ്കയിലും പ്രവർത്തിക്കുന്നു. ഈ രണ്ട് മാർക്കറ്റുകളിലും കച്ചവടസൗകര്യങ്ങൾ ഇല്ല. ഈ ചന്തകളിലെ ചപ്പുചവറുകൾ കുന്നുകൂടുകയും ആരോഗ്യത്തിന് ഹാനികരമാവുകയും ചെയ്യുന്നു. ആറാം വാർഡിൽ നേരത്തെ ഉണ്ടായിരുന്ന ചന്ത ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കിഴക്കുപുറത്തുള്ള ചന്ത പഞ്ചായത്തിലെ കുറെ ആളുകൾക്കുമാത്രമേ പ്രയോജനപ്പെടുന്നുള്ളൂ. കൃഷിക്കാരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ യാതൊരു സംവിധാനങ്ങളും ഇല്ല.

നിർദ്ദേശങ്ങൾ.

1. മലയാലപ്പുഴയിലും കുമ്പളാംപൊയ്കയിലും ഉള്ള ചന്തകളിൽ സ്റ്റാളുകൾ നിർമ്മിക്കുക,
2. മാർക്കറ്റിലെ ചപ്പുചവറുകൾ യഥാസമയം നീക്കംചെയ്യുക.
3. അന്തിച്ചന്തകൾ ആവശ്യമുള്ള സ്ഥലത്ത് ആരംഭിക്കുക.
4. കുമ്പഴ തോട്ടത്തിൽ ചന്ത പുനരാരംഭിക്കുക.
5. കിഴക്കുപുറം മാർക്കറ്റ് വിപുലപ്പെടുത്തുക.
6. വെട്ടൂർ പ്രദേശത്ത് പുതിയതായി മാർക്കറ്റ് ആരംഭിക്കുക.
7. കാർഷികമേഖലയിൽ സഹകരണ വിപണനസംഘം രൂപീകരിക്കുക.

ജനകീയ ആസൂത്രണ വികസന റിപ്പോർട്ട്.

3 വിദ്യാഭ്യാസം.

മലയോരജില്ലയായ പത്തനംതിട്ടയുടെ ജില്ലാ ആസ്ഥാനത്തുനിന്നും 8 കിലോമീറ്റർ അകലെ കുന്നുകളും മലകളും താഴ്വാരങ്ങളും അടങ്ങിയ ഒരു ഭൂപ്രദേശമാണ് മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്. കിഴക്ക് കല്ലാറും തെക്ക് അച്ചൻകോവിലാറും പടിഞ്ഞാറ് കുമ്പഴ–മണ്ണാരക്കുളഞ്ഞിറോഡും വടക്ക് പുതുക്കുളം കുമ്പളാംപൊയ്കറോഡും അതിർത്തികളായുള്ള ഈ പഞ്ചായത്തിൽ ഇരുപതിനായിരത്തിലധികം ജനങ്ങളാണ് അധിവസിക്കുന്നത്. പ്രധാനമായും കൃഷിയെ ആശ്രയിച്ചുകഴിഞ്ഞിരുന്ന ഇവിടത്തെ ജനങ്ങൾ റോഡുകളോ മറ്റു ഗതാഗത സൗകര്യങ്ങളോ ഇല്ലാതിരുന്ന കാലത്തും വിദ്യാഭ്യാസ–കലാ–സാംസ്കാരിക രംഗങ്ങളിൽ മുൻപന്തിയിലായിരുന്നു.

ഈ പഞ്ചായത്തിലെ ആദ്യകാല വിദ്യാഭ്യാസസ്ഥാപനങ്ങൾ നൂറുവർഷത്തോളം പഴക്കമുള്ള മലയാലപ്പുഴ ഗവ. എൽ. പി. സ്കൂൾ പിൽക്കാലത്ത് സ്ഥാപിതമായ ദേശാഭിവർദ്ധിനിസമാജം മലയാളം സ്കൂൾ എന്നപേരിൽ ആരംഭിച്ച ഇന്നത്തെ എൻ. എസ്. എസ്. യു. പി. സ്കൂൾ പൊതീപ്പാട് എസ്. എൻ. ഡി. പി. സ്കൂൾമാണ്. ഇവിടെയുള്ള ഏക ഹൈസ്കൂളായ ജവഹർ മെമ്മോറിയൽ പഞ്ചായത്ത് ഹൈസ്കൂൾ 1966 ൽ ആണ് സ്ഥാപിതമായത്. അതുവരെയും ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ഇവിടത്തെ കുട്ടികൾക്ക് ദൂരദേശങ്ങളെ ആശ്രയിക്കേണ്ടിവന്നു.

പഞ്ചായത്തിലെ ഒൻപത് വാർഡുകളിലായി ഒൻപത് എൽ. പി. സ്കൂളുകളും മൂന്നു യു. പി. സ്കൂളുകളും ഒരു ഹൈസ്കൂളും ഉൾപ്പെടെ ആകെ പതിമൂന്ന് വിദ്യാലയങ്ങൾ ഇവിടുണ്ട്. എൻ. എസ്സ്. എസ്സ്. യു. പി. സ്കൂൾ സ്ഥിതിചെയ്യുന്ന ഒരേക്കറോളം സ്ഥലം മലയാലപ്പുഴ കൃഷ്ണാലയത്തിൽ പരേതനായ ശ്രീമാൻ കൃഷ്ണപണിക്കരും പുതുക്കുളം ഗവൺമെൻറ് ന്യൂ. എൽ. പി. സ്കൂൾ സ്ഥിതിചെയ്യുന്ന ഒരേക്കർസ്ഥലം വട്ടത്തറ പുതുപ്പറമ്പിൽ ശ്രീമാൻ ഗോപാലപിള്ളയും വിദ്യാഭ്യാസ ലക്ഷ്യങ്ങൾ ഉൾക്കൊണ്ട് സംഭാവനയായി നല്കിയിട്ടുള്ളതാണെന്ന വസ്തുത പ്രത്യേകം രേഖപ്പെടുത്തുന്നു. പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിലായി ഒരു മാതൃകാ അംഗൻവാടി ഉൾപ്പെടെ ഇരുപത് അംഗൻവാടികളുണ്ട്. മാതൃകാ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം നിരവുപറമ്പിൽ ശ്രീമാൻ ഭാസ്കരൻ സംഭാവനയായി നൽകിയിട്ടുള്ളതാണ്. ഈ പഞ്ചായത്തിൽ നേഴ്സറി വിദ്യാലയങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ നിരവധി നിലത്തെഴുത്ത് കളരികൾ ഉണ്ട്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായി രണ്ട് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടുകൾ മാത്രമാണിവിടുള്ളത്. ഇതിനുപുറമെ രണ്ടു പാരലൽ കോളേജുകളും നാലുഗ്രന്ഥ ശാലകളും ശാസ്ത്ര സാഹിത്യ പരിഷത്തിൻെറ ഒരു യൂണിറ്റും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഹൈസ്കൂൾ പഠനം കഴിഞ്ഞിള്ള ഉപരിപഠനത്തിന് ഇന്നും വിദൂരസ്ഥലങ്ങളിലെ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് സ്ഥിതി വിവര കണക്ക് ചുവടെ ചേർക്കുന്നു:—

പട്ടിക 1 വിദ്യാർത്ഥികളും അദ്ധ്യാപകരും

ക്രമനമ്പർ	സ്കൂൾ	ഉടമസ്ഥത	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
			ആൺ	പെൺ	ആകെ	പുരുഷൻ	സ്ത്രീ	ആകെ
1	ഗവ: L. P. S. വെട്ടൂർ	Govt:	42	52	94	2	2	4
2	ഗവ: L. P. S. മലയാലപ്പുഴ ഏറം	,,	35	30	65	—	3	3
3	ന്യൂ ഗവ: L. P. S. മലയാലപ്പുഴ (പുതുക്കുളം)	,,	44	48	92	1	4	5
4	ഗവ. L P S മലയാലപ്പുഴ	,,	137	117	254	1	8	9
5	ഗവ. L P S കിഴക്കുപുറം	,,	49	57	106	—	5	5
6	ദേവമാതാ L P S ചീങ്കൽതടം	Aided	34	25	59	—	5	5
7	M S C L P S വെട്ടൂർ	,,	73	76	149	—	5	5
8	K H M L P S മലയാലപ്പുഴ	,,	64	70	134	—	5	5
9	കുമ്പഴ എസ്റ്റേറ്റ് L P S	U A	49	45	94	1	3	4
10	N S S U P S മലയാലപ്പുഴ	Aided	142	135	277	1	9	10
11	S M P U P S വെട്ടൂർ	,,	33	44	77	2	6	8
12	S N D P U P S മലയാലപ്പുഴ	,,	191	210	401	1	14	15
13	J M P H S മലയാലപ്പുഴ	,,	226	228	454	7	13	20
	ആകെ		1119	1137	2256	16	82	98

പട്ടിക 2

L P, U P, H S വിഭാഗങ്ങളിലെ കുട്ടികളുടെ വിവരം.

കുട്ടികൾ	L P വിഭാഗം		U P വിഭാഗം		H S വിഭാഗം	
	എണ്ണം	ശതമാനം	എണ്ണം	ശതമാനം	എണ്ണം	ശതമാനം
ആൺ	527	50.4	366	48.5	226	49.8
പെൺ	520	49.6	389	51.5	228	50.2
ആകെ	1047	100	755	100	454	100

വികസനരേഖ

ചെ... 76

പട്ടിക 3

പട്ടികജാതി/പട്ടികവർഗവിദ്യാർത്ഥികളുടെ വിവരം

	LP	UP	HS	ആകെ
ആകെ കുട്ടികളുടെ എണ്ണം	1047	755	454	2226
SC/ST	187	102	56	345
ശതമാനം	18	13.5	12.3	15

പട്ടിക 4

പഠിത്തം നിറുത്തിയവരുടെ കണക്ക്.

പട്ടികജാതി/പട്ടികവർഗം			മറ്റുള്ളവർ			എല്ലാവിഭാഗത്തിലുംപെട്ടവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	—	1	27	13	40	28	13	41

പട്ടിക 5

ഗവൺമെന്റ്, പ്രൈവറ്റ് സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്.

	അദ്ധ്യാപകർ		വിദ്യാർത്ഥികൾ	
	എണ്ണം	ശതമാനം	എണ്ണം	ശതമാനം
ഗവൺമെൻറ്	26	26.5	611	27
പ്രൈവറ്റ്	72	73.5	1645	73
ആകെ	98	100	2256	100

പട്ടിക 6

വിദ്യാലയ സൗകര്യങ്ങളുടെ ലഭ്യത

	ഗവ.ആശുപത്രിയിൽ നിന്നുള്ള ദൂരം	ലൈബ്രറി	പോസ്റ്റോഫീസ്	ടെലിഫോൺ/ടെലിഗ്രാഫ്	സഹകരണ സ്ഥാപനം	വൈദ്യുതി	കക്കൂസ്	ഫ്രാൻസ് P. T. A.	ഗവ.സ്ഥാപനം
ഉള്ളത്	8	7	9	6	10	1	11	8	11	11
ഇല്ലാത്തത്	5	6	4	7	3	12	2	5	1	1

പട്ടിക 7

അക്കാഡമിക് നിലവാരം

ക്ലാസ്	ആകെ കുട്ടികൾ	കുട്ടികളുടെ പൊതു നിലവാരം നേടിയ മാർക്ക്				SSLC വിജയശതമാനം			
		30% ൽ താഴെ	30–40 %	41–50 %	51–60 %	60% ൽ കൂടുതൽ	1992–93	93–94	94–95	95–96
III	281	44	39	37	58	103				
IV	278	22	37	44	68	107				
V	183	24	38	22	29	70				
VI	191	31	43	21	30	61				
VII	243	36	45	33	33	96				
VIII	136	89	16	14	10	7				
IX	160	88	26	14	15	17				
X	158	81	28	15	15	19				
SSLC പരീക്ഷ ശതമാനം							55.15	55.06	60.13	36.73

ഉയർന്ന ക്ലാസുകളിലേക്ക് പോകുന്തോറും കുട്ടികളുടെ വിദ്യാഭ്യാസനിലവാരം താഴുന്നതായി കാണുന്നു. ഭൗതീകസാഹചര്യങ്ങളുടെ അപര്യാപ്തത, ദൃശ്യമാദ്ധ്യമങ്ങളിലേക്കുള്ള അമിതാവേശം, സ്വയംപഠനശീലനമില്ലായ്മ, അച്ചടക്കരാഹിത്യം, നിലവിലുള്ള ക്ലാസ് കയറ്റസമ്പ്രദായം മുതലായവയെല്ലാം പഠനനിലവാരം താഴ്ത്തുന്ന പ്രധാന ഘടകങ്ങളാണ്. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനഘടകങ്ങളായ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ എന്നിവരുടെ ഏകോപിച്ചുള്ള പ്രവർത്തനത്തിലൂടെ മാത്രമെ വിദ്യാഭ്യാസനിലവാരം ഉയർത്താൻ സാധിക്കയുള്ളൂ. അതിനാവശ്യമായ നിയമനടപടികൾ ഗവൺമെന്റിൽനിന്നും നടപ്പിലാക്കേണ്ടതാണ്. ഈ ഗ്രാമപഞ്ചായത്തിലെ ഒരു സ്കൂളിലൊഴികെ മറ്റുള്ളടത്തെല്ലാം അദ്ധ്യാപക–രക്ഷാകർതൃസമിതി നിലവിലുണ്ട്. എന്നാൽ ടി സമിതി ഒരു സ്കൂളിലും കാര്യക്ഷമമായി പ്രവത്തിക്കുന്നില്ല.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അടുത്ത അഞ്ച് വർഷത്തേക്കുവേണ്ട വിദ്യാഭ്യാസപ്രവർത്തനങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

1 ജവഹർ മെമ്മോറിയൽ പഞ്ചായത്ത് ഹൈസ്കൂൾ ഹയർ സെക്കൻറി സ്കൂളായി ഉയർത്തണം.

2 രണ്ടാം വാർഡിലെ ഗവ. LPS (മലയാലപ്പുഴ ഏറം) അഞ്ചാം വാർഡിലെ ഗവ. നൃ LPS (പുതുക്കുളം) ഏഴാം വാർഡിലെ ഗവ. LPS (കിഴക്കുപുറം) എന്നിവ അപ്പർ പ്രൈമറി സ്കൂളുകളായി ഉയർത്തുക.

3 മൂന്നാം വാർഡിലെ ഗവ. LPS (മലയാലപ്പുഴ) തൽസ്ഥാനത്തുനിന്നും സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറി സ്ഥാപിക്കുകയും ഇപ്പോൾ സ്കൂൾ നിൽക്കുന്ന സ്ഥലത്ത് പഞ്ചായത്ത് ബസ് സ്റ്റാൻഡും ഷോപ്പിംഗ് കോപ്ലക്സും കംഫർട്ട് സ്റ്റേഷനും നിർമ്മിക്കുകയും വേണം.

4 വിദ്യാലയങ്ങളിലെ ഭൗതീകസാഹചര്യങ്ങളും മെച്ചപ്പെടുത്തുകയും ആവശ്യമായ പഠനോപകരണങ്ങളും ലഭ്യമാക്കുകയും ചെയ്യുക.

5 അദ്ധ്യാപക രക്ഷാകർത്തൃസമിതികളുടെ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുക.

6 ഭാരത് സ്കൗട്ട്സ്, ഗൈഡ്സ് യൂണിറ്റുകളും U P. തലം മുതലും N.S.S., N.C.C. എന്നിവ ഹൈസ്കൂൾ തലം മുതലും രൂപീകരിച്ച് പ്രവർത്തിക്കുക.

7 സ്കൂൾ കോംപ്ലക്സുകളും സമയബന്ധിതമായി നടത്തുന്നതിനും അത് അദ്ധ്യാപകർക്ക് പ്രയോജനകരമായിത്തീരുന്നതിനും പ്രത്യേകം ശ്രദ്ധിക്കുക.

8 പഞ്ചായത്തിൽ വിദ്യാഭ്യാസ വികസനസമിതി രൂപീകരിക്കണം.

9 വിദ്യാർത്ഥികളുടെ ശാരീരികവും മാനസ്സികവുമായ വികസനത്തിനുവേണ്ടി എല്ലാ സ്കൂളുകളിലും കായിക പരിശീലനം കാര്യക്ഷമമാക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഉണ്ടാകണം.

10 അദ്ധ്യാപകർക്ക് അറിവു വർദ്ധപ്പിക്കുവാനുതകുന്ന പ്രത്യേക പരിശീലന ക്ലാസ്സുകളും നടത്തുക.

11 ജാതി–മത–രാഷ്ട്രീയ ചിന്തകൾക്കതീതമായുള്ള സാംസ്കാരിക പഠനം സ്കൂൾ തലത്തിലുണ്ടാവണം.

12 സ്കൂൾ പരിസരങ്ങളിൽ ലഹരി വസ്തുക്കൾ കർശനമായി നിരോധിക്കണം.

13 എല്ലാ സ്കൂളുകളിലും കുടിവെള്ളവും വൈദ്യുതിയും എത്തിയ്ക്കണം.

14 എല്ലാ L. P. സ്കൂളിനോടും ചേർത്ത് പ്രീപ്രൈമറി ക്ലാസ്സുകൾ ആരംഭിക്കണം.

15 നാലാം വാർഡിലെ 'വനമാലിക' ഹോസ്റ്റൽ സൗകര്യം ഈ പഞ്ചായത്തിലെ പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥിനികൾക്കുകൂടി പ്രയോജനപ്പെടുത്തണം.

16 നാലാം വാർഡിൽ നിർമ്മാണത്തിലിരിക്കുന്ന മാതൃകാ അംഗൻവാടിയുടെ കെട്ടിടം പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുക.

17 പഞ്ചായത്തിൽ ഗവ: പോളിടെക്നിക്കും ഗവ: ഐ. റ്റി. ഐ യും തുടങ്ങുക.

18 അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളും അനുവദിക്കാതിരിക്കുക

4—6

പാർപ്പിടവും സാമൂഹ്യക്ഷേമവും.

പാർപ്പിടം.

പഞ്ചായത്ത്‌രാജ് നിയമപ്രകാരം ഭവനരഹിതരായ കുടുംബങ്ങളെ കണ്ടുപിടിച്ച് ഗ്രാമീണ ഭവനനിർമ്മാണപദ്ധതികൾ നടപ്പിലാക്കുക, ചെലവുകുറഞ്ഞ വീടുകളുടെ നിർമ്മാണത്തിനു പ്രചരണം നടത്തുക, കോളനികളിൽ പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തുക, ഷെൽട്ടർ അപ്‌ഗ്രേഡേഷൻപദ്ധതി നടപ്പിലാക്കുക ആദിയായ കാര്യങ്ങൾ ഗ്രാമപഞ്ചായത്തിന്റെ കർത്തവ്യങ്ങളാണ്.

മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽ കോന്നി താഴം, പത്തനംതിട്ട, വടശ്ശേരിക്കര ഈ വില്ലേജുകളുടെ കുറെ ഭാഗങ്ങളും ഉൾപ്പെട്ടിരിക്കുന്നു. 1991-ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിൽ 4039 വീടുകളാണുള്ളത്. മുഴുവൻ വീടുകൾക്കും മിനിമം സൗകര്യങ്ങൾ ലഭ്യമല്ല. ഇപ്പോൾ നിലവിലുള്ള വീടുകളുടെ വിവരം പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.

പട്ടിക 1

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം	മേൽപ്പുരയുടെ സ്വഭാവം — ഒരു നിലയുള്ള ഭവനങ്ങൾ				
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ	വിവിധ ഭവനനിർമ്മാണപദ്ധതിപ്രകാരം പണിത വീടുകൾ
1	574	12	150	250	48	114	13
2	529	22	128	299	50	30	14
3	732	4	110	300	128	190	13
4	538	5	112	309	100	12	13
5	532	6	122	268	88	48	12
6	576	—	—	216	40	320	—
7	610	4	112	450	39	5	13
8	647	7	120	400	30	90	14
9	452	2	86	295	54	15	17
ആകെ	5190	62	940	2787	577	824	109

പഞ്ചായത്തിലെ ഭവനങ്ങളുടെ എണ്ണം 1991—92-ൽ 4900 ആയിരുന്നു. അത് 1996 ആയപ്പോൾ 5190 ആയി വർദ്ധിച്ചു. വീടില്ലാത്തവരുടേയും കുടിലുകളിൽ താമസിക്കുന്നവരുടേയും എണ്ണം 824 ആണ്. സർക്കാരിന്റെ വിവിധ ഭവനനിർമ്മാണപദ്ധതിയനുസരിച്ച് 109 പേർക്ക് പുതിയ വീടുകൾ ലഭിച്ചിട്ടുണ്ട്. 577 പേർ ഓലമേഞ്ഞ വീടുകളിൽ താമസിക്കുന്നു. വൈദ്യുതിയും കക്കൂസ് സൗകര്യവും ഇല്ലാത്ത വീടുകൾ പകുതിയിലധികം ഉണ്ട്.

കുമ്പഴ തോട്ടത്തിൽ തൊഴിലാളികൾ തോട്ടംഉടമ നിർമ്മിച്ചുകൊടുത്തിട്ടുള്ള ലയങ്ങളിലാണ് താമസിക്കുന്നത്. എന്നാൽ പല ലയങ്ങളിലും സൗകര്യങ്ങൾ ആവശ്യത്തിനില്ല.

ഭവനനിർമ്മാണത്തിനാവശ്യമായ സാമഗ്രികളുടെ ഉല്പാദനം പഞ്ചായത്തിൽ ഇല്ല. വെട്ടൂരിൽ അച്ചൽകോവിലാറിന്റെ തീരത്ത് ചില ഇഷ്ടികനിർമ്മാണകേന്ദ്രങ്ങൾ ഉണ്ട്. ഗൾഫ് മലയാളികൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ട്. അവരിൽ പലരും ആഡംബരപൂർണ്ണമായ വീടുകളും കെട്ടിടങ്ങളും നിർമ്മിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ഭവനനിർമ്മാണ സഹകരണസംഘം ഇല്ല. എന്നാൽ കോന്നി ഭവനനിർമ്മാണസംഘത്തിന്റെ പ്രവർത്തനപരിധിയിലാണ് മലയാലപ്പുഴ പഞ്ചായത്ത്. ഈ സംഘത്തിൽനിന്നും ആകെ 9 പേർക്കാണ് വായ്പ ലഭിച്ചിട്ടുള്ളത്. പത്തനംതിട്ട കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കാർഷികവികസനബാങ്കിൽനിന്നും പത്തനംതിട്ട ജില്ലാ സഹകരണബാങ്കിൽനിന്നും ഇവിടത്തെ ആളുകൾക്ക് ഭവനവായ്പ ലഭിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങൾ എല്ലാം അമിതമായ പലിശയാണ് ഈടാക്കുന്നത്.

സ്വന്തമായി ഭൂമി ഇല്ലാത്തതുകാരണം ഭവനവായ്പ കിട്ടാൻ കഴിയാത്ത ധാരാളം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിൽ അഞ്ചുലക്ഷംവീട് കോളനികൾ ഉണ്ട്. ഇവിടത്തെ വീടുകൾ പലതും വാസയോഗ്യമല്ലാതായിത്തീർന്നിട്ടുണ്ട്.

ഭവനനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദഗ്ദ്ധതൊഴിലാളികളുടേയും അവിദഗ്ദ്ധതൊഴിലാളികളുടേയും കൂലിനിരക്കിൽ കാലാകാലങ്ങളിൽ ഏറ്റക്കുറച്ചിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. സാധാരണ നിരക്ക് പട്ടിക 2-ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2

കാലഘട്ടം	വിദഗ്ദ്ധ തൊഴിലാളികളുടെ	അവിദഗ്ദ്ധ തൊഴിലാളികളുടെ
1972—73	15	10
1975—76	25	20
1992—93	100	70
1995—96	150	100

വികസനരേഖ

P.O. 80

ഈ കുലിനിരക്ക് പഞ്ചായത്തിൽ എല്ലാ പ്രദേശത്തും ഒരുപോലെ ആയിരുന്നില്ല. പല പ്രദേശത്തും 5 രൂപാ 10 രൂപാ വരെ വ്യത്യാസം ഉണ്ടായിട്ടുണ്ട്. ആവശ്യത്തിനു നിർമ്മാണ തൊഴിലാളികളും ഇല്ല എന്നതു് ഒരു സത്യമാണു്. സ്ത്രീതൊഴിലാളികളുടെ കുലിനിരക്കിലാണു് വ്യത്യാസം ഉള്ളതു്. നിർമ്മാണതൊഴിലാളികൾക്കു പരിശീലനം നൽകുന്നതിനു് സംവിധാനം ഒന്നും ഇപ്പോഴും ഇല്ല.

കെട്ടിടനിർമ്മാണസാമഗ്രികളുടെ ക്രമാതീതമായ വർദ്ധനവും കുലിനിരക്കിൽ ഉണ്ടാകുന്ന വർദ്ധനവും കാരണം സർക്കാർ നൽകുന്ന ഭവനനിർമ്മാണവായ്പകളും സഹായവുംകൊണ്ടു് ഭവനനിർമ്മാണം പൂർത്തിയാക്കാൻ കഴിയുന്നില്ല.

കഴിഞ്ഞകാലങ്ങളിൽ കല്ലാറിലും അച്ചൻകോവിലാറിലും ഉണ്ടായിട്ടുള്ള വെള്ളപ്പൊക്കത്തിൽ പല കുടുംബങ്ങളുടേയും വീടുകളും നശിച്ചുപോയിട്ടുണ്ടു്.

പഞ്ചായത്തിലെ 18 ഹരിജൻകോളനികളിൽ അംബേദ്കർ ഗ്രാമത്തിൽ മാത്രമാണു് മിനിമം സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുള്ളതു്. മറ്റുള്ള എല്ലാ കോളനികളിലും ഭവനസൗകര്യങ്ങളും ഇല്ല.

വീടില്ലാത്തവർക്കു് പുതിയ വീടുകളും നിർമ്മിക്കുന്നതിനും ഇപ്പോഴും മിനിമംസൗകര്യങ്ങളും ഇല്ലാത്ത വീടുകളുടെ സ്ഥിതിയിൽ മാറ്റം ഉണ്ടാക്കാനും ആവശ്യമായ സംവിധാനം അനിവാര്യമാണു്.

പ്രശ്നങ്ങൾ.

1. ഇപ്പോഴും പഞ്ചായത്തിലുള്ള 800-ൽ അധികം വീടുകൾക്കു് മിനിമംസൗകര്യങ്ങളില്ല.
2. ഭവനനിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം.
3. ഭവനനിർമ്മാണ സഹകരണസംഘം ഇല്ല.
4. ഭവനനിർമ്മാണ വായ്പകളുടെ അമിതമായ പലിശനിരക്കു്.
5. വീടു് നിർമ്മാണത്തിനു് സ്വന്തമായി സ്ഥലം ഇല്ലായ്മ.
6. ലക്ഷംവീടുകളുടെ ശോചനീയാവസ്ഥ.
7. നിർമ്മാണരംഗത്തെ കുലിനിരക്കിലുള്ള അന്തരം.
8. ഭവനനിർമ്മാണത്തിനു് നൽകുന്ന വായ്പയുടെ അപര്യാപ്തത.
9. പ്രകൃതിക്ഷോഭംമൂലം വീടു് നഷ്ടപ്പെട്ടവരുടെ സ്ഥിതി.
10. ഹരിജൻ കോളനികളിലെ പ്രശ്നങ്ങളും.

പരിഹാരനിർദ്ദേശങ്ങൾ.

1. കോളനികളിലും മറ്റു പ്രദേശത്തും ഉള്ള വീടുകൾക്ക് മിനിമം സൗകര്യങ്ങളും ഏർപ്പെടുത്തണം.

2. ഭവനനിർമ്മാണസാമഗ്രികളും സിമന്റും സബ്സിഡിയോടെ കോർപ്പറേഷൻവഴി വിതരണം ചെയ്യണം.

3. പഞ്ചായത്തിൽ ഒരു ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിക്കണം.

4. ഭവനവായ്പകളുടെ പലിശ ഗണ്യമായി കുറയ്ക്കണം.

5. വീട് നിർമ്മാണത്തിനു് സൗജന്യനിരക്കിൽ സ്ഥലം ലഭ്യമാക്കണം.

6. ലക്ഷംവീട് കോളനികളിലെ വീടുകൾക്ക് അറ്റകുറ്റപ്പണി നടത്തുവാൻ സഹായം നൽകണം.

7. ഹരിജൻ കോളനികളിൽ സൗജന്യമായി കക്കൂസും വൈദ്യുതിയും സൗകര്യങ്ങളും ഉണ്ടാക്കികൊടുക്കണം.

8. നിർമ്മാണരംഗത്തു് പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യവേതനം ഉറപ്പാക്കണം.

9. ഭവനനിർമ്മാണവായ്പകളുടെ പരിധി വർദ്ധിപ്പിക്കണം.

10. പ്രകൃതിക്ഷോഭംമൂലം വീടു് നഷ്ടപ്പെട്ടവർക്കു് പുതിയ വീടു് നിർമ്മിക്കാൻ സഹായം നൽകണം.

11. ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനു് പ്രചാരണം സംഘടിപ്പിക്കുക.

സാമൂഹ്യക്ഷേമം.

സാമൂഹ്യക്ഷേമമേഖലയിൽ അർഹരായ മുഴുവൻ ആളുകൾക്കും ആനുകൂല്യങ്ങളും ലഭ്യമാക്കുക എന്നതു് ഗ്രാമപഞ്ചായത്തുകളുടെ പ്രഥമവും പ്രധാനവുമായ കടമയാണു്. ഇതിനായി എല്ലാ ക്ഷേമപദ്ധതികളുടെയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അവകാശവും അധികാരവും ഗ്രാമപഞ്ചായത്തുകൾക്കു വിട്ടുകൊടുക്കേണ്ടതാണു്. മുഴുവൻ അധികാരങ്ങളും കിട്ടിയില്ലെങ്കിൽപോലും ക്ഷേമപദ്ധതികളുടെമേൽ ജനകീയമോണിട്ടറിംഗ് നടത്തുന്നതിനു് പഞ്ചായത്തുകൾ നേതൃത്വം നൽകണം.

പ്രീപ്രൈമറി കുട്ടികൾക്കു് ഭക്ഷണം നൽകുന്നതിനുള്ള പരിപാടികൾ, ശിശുക്ഷേമപദ്ധതികൾ നടപ്പിലാക്കുക, അങ്കണവാടികളുടെ മുഴുവൻ കാര്യങ്ങളും നടത്തുക, സാമൂഹ്യവിപത്തുകൾക്കെതിരെ പ്രചരണം, വിവിധ പെൻഷൻ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക ആദിയായ അധികാരങ്ങൾ പൂർണ്ണമായും ഗ്രാമപഞ്ചായത്തുകൾക്കു് കൈമാറേണ്ടതാണു്.

നാലാംപഞ്ചവത്സരപദ്ധതിക്കാലത്തു് ദാരിദ്ര്യനിർമ്മാർജ്ജനം ഒരു ലക്ഷ്യമായി സർക്കാർ അംഗീകരിച്ചിരുന്നു. അന്നു് ചെറുകിടകർഷക വികസന ഏജൻസികൾ നിലവിൽവന്നു. 1981-ലാണു് ഗ്രാമവികസനഏജൻസികൾ പ്രവർത്തനം ആരംഭിച്ചതു്. ഇതിന്റെ ഭാഗമായി ജവാഹർ റോസ്ഗാർയോജനാ തുടങ്ങിയ തൊഴിൽപദ്ധതികൾ ആവിഷ്കരിച്ചു. പക്ഷേ ഇവയുടെ നടത്തിപ്പിൽ ഗുരുതരമായ വീഴ്ചകൾ കാണാവുന്നതാണു്. (1) പദ്ധതിവിഹിതത്തിൽ നല്ലൊരുഭാഗം പലവഴിക്കും ചോർന്നുപോകുന്നു. (2) പദ്ധതികളുടെ ഗുണഫലം മുഴുവനും ദരിദ്രരിൽ എത്താറില്ല. (3) പദ്ധതിനടത്തിപ്പിൽ കരാറുകാർ ലക്ഷ്യത്തെ പരാജയപ്പെടുത്തുന്നു. (4) റോഡുപണികൾക്കു് അതിപ്രാധാന്യം നൽകുകവഴി അഴിമതി വർദ്ധിച്ചു. (5) പദ്ധതിനടത്തിപ്പിൽ ജനങ്ങൾക്കു പങ്കില്ല. (6) പദ്ധതികളുടെ അടങ്കൽതുകയും ചെലവാക്കുന്ന തുകയും തമ്മിൽ വലിയ അന്തരം ഉണ്ടായിട്ടുണ്ടു്.

കഴിഞ്ഞ ഏതാനും വർഷങ്ങളിലെ പദ്ധതി പ്രവർത്തനങ്ങളെ പഞ്ചായത്തുതലത്തിൽ അവലോകനം ചെയ്താൽ പദ്ധതി നടത്തിപ്പിന്റെ പോരായ്മകൾ വ്യക്തമായി മനസ്സിലാക്കാൻ കഴിയും.

മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപദ്ധതികൾക്കുവേണ്ടി ചെലവാക്കിയിട്ടുള്ള തുകയും റോഡുകൾക്കുവേണ്ടി ചെലവാക്കിയിട്ടുള്ള തുകയും തമ്മിൽ താരതമ്യം പഠനം നടത്തിയാൽ ഇതിന്റെ യഥാർത്ഥസ്ഥിതി മനസ്സിലാക്കാൻ കഴിയുന്നതാണു്.

പഞ്ചായത്തിലെ അങ്കണവാടികളിൽ പഠിക്കുന്നതു് കൂടുതലും പാവപ്പെട്ട വീട്ടിലെ കുട്ടികളാണു്. അവർക്കു് ആവശ്യമായ കെട്ടിടങ്ങളും പഠനസൗകര്യങ്ങളും ഉണ്ടായിട്ടില്ല. ഒറ്റ അങ്കണവാടിയിൽപോലും മലമൂത്രവിസർജ്ജനത്തിനു് സൗകര്യം ഇല്ല. അനാരോഗ്യകരമായ സാഹചര്യമാണിവിടെ.

JRY, IRDP പദ്ധതികളൊക്കെ സാമൂഹ്യനീതിയുടെ യാതൊരു പ്രതിഫലനവും കാട്ടാതെ യാന്ത്രികമായാണ് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. ഈ ക്ഷേമ പദ്ധതികളൊന്നും ശരിയായ പ്രോജക്ട് സമീപനത്തോടെയല്ല നടപ്പാക്കിയിട്ടുള്ളത്.

IRDP സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം.

പട്ടിക 1

വാർഡ്	സർവ്വേപ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം	SC/ST	സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം	അതിൽ SC/ST	ദാരിദ്ര്യരേഖയ്ക്കുമുകളിൽ എത്തിയവർ	ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള കുടുംബങ്ങൾ
1	195	11	31	7	31	164
2	170	15	14	5	14	156
3	243	23	24	6	24	219
4	220	25	19	7	19	201
5	154	21	16	7	16	138
6	35	2	5	Nil	4	30
7	255	35	36	9	20	235
8	269	24	46	14	18	251
9	192	27	30	7	21	171
Total	1733	183	221	62	167	1565

എട്ടാംപദ്ധതിയുടെ ആരംഭത്തിൽ 4039 കുടുംബങ്ങളാണ് പഞ്ചായത്തിലുള്ളത്. 1565 കുടുംബങ്ങളെയാണ് സർവ്വെപ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളതായി കണക്കാക്കിയിരുന്നത്. സാമ്പത്തികസഹായം ലഭിച്ച ആകെ 221 കുടുംബങ്ങളിൽ പട്ടികജാതികുടുംബർ വെറും 62 മാത്രമാണ്. 167 കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്കുമുകളിൽ എത്തിയതായി രേഖപ്പെട്ടുത്തിയിരിക്കുന്നു. എന്നാൽ ഈ കുടുംബങ്ങളും കിട്ടിയ ആനുകൂല്യങ്ങളും ശരിയായി പ്രയോജനപ്പെടുത്തിയതായി കണക്കാക്കാൻ കഴിയുകയില്ല. കാരണം ഈ പദ്ധതികളുടെ നിർവ്വണത്തിനു മോണിട്ടറിംഗ് ഉണ്ടായിരുന്നില്ല.

ടൈസം:

ബ്ലോക്കുതലത്തിൽ ടൈസം പരിപാടിയിലൂടെ വിവിധ ട്രേഡുകളിൽ പരിശീലനം നേടിയവരുടെ വിവരം പട്ടിക 2-ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2

ടൈസം പരിശീലനം നേടിയവരുടെ വിവരം

ക്രമ നമ്പർ	പരിശീലനവിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	മറ്റു തൊഴിൽ സ്വീകരിച്ചവർ	മറ്റുള്ളവർ
1	ഇലക്ട്രോണിക്സ്, Radio & TV	5	—	3	2
2	ബുക്ക്കീപ്പിംഗ്, അക്കൗണ്ടൻസി	11	2	5	4
3	ബ്യൂട്ടീഷ്യൻ	2	1	1	—
4	പെയിന്റിംഗ്	3	—	1	2
5	തയ്യൽ	18	12	2	4
6	ബുക്ക്ബയൻറിംഗ്	3	2	—	1
7	പ്രിന്റിംഗ് & കമ്പോസിംഗ്	12	7	4	1
8	ഡ്രൈവിംഗ്	8	2	4	2
9	ചെരുപ്പുനിർമ്മാണം	2	—	2	—
10	പ്ലമ്പിംഗ്	1	—	1	—
11	ഇലക്ട്രീഷ്യൻ	9	4	4	1
12	പ്ലാസ്റ്റിക്വർക്ക്	2	—	2	—
13	ബീഡിതെറുപ്പ്	10	10	—	—
	ആകെ	86	40	29	17

ടൈസം പരിശീലനം ലഭിച്ച ആകെയുള്ള 86 പേരിൽ 50 പേർ പഞ്ചായത്തിലെ 7, 8, 9 വാർഡുകളിൽപ്പെട്ടവരാണ്. തൊഴിൽ പരിശീലനം ലഭിച്ചവരിൽ പകുതിയിലധികവും ആ തൊഴിലുകളിൽ ഏർപ്പെടുന്നതിനു താല്പര്യം ഇല്ലാത്തവരാണ്. താല്ക്കാലികമായ ചില്ലറ ആനുകൂല്യത്തിനുവേണ്ടിയാണ് പലരും പരിശീലനത്തിനു പോകുന്നത്.

DWCRA.

സ്ത്രീകളുടെ സാമ്പത്തികാഭിവൃദ്ധിയും സാമൂഹ്യപദവിയും ലക്ഷ്യമാക്കിക്കൊണ്ട് ആവിഷ്ക്കരിച്ചിട്ടുള്ള ഒരു പദ്ധതി ആണിത്. വനിതകൾ കൂട്ടായി ധനകാര്യസ്ഥാപനങ്ങളുടെ സഹായത്തോടെ നടത്തേണ്ട ഈ തൊഴിൽമേഖലയുടെ പഞ്ചായത്തിലെ സ്ഥിതി വളരെ ശോചനീയംതന്നെ. ആകെ രണ്ട് തൊഴിൽ സംരംഭങ്ങളാണ് ഈ രംഗത്തുള്ളത്.

(1) മൂന്നാംവാർഡിൽ പ്രവർത്തിക്കുന്ന യൂഷാബ് റെഡിമെയ്ഡ് യൂണിറ്റ്.

ഇത് 1994—95 വർഷം പ്രവർത്തനം ആരംഭിച്ചു. ഈ യൂണിറ്റ് സാമാന്യം തൃപ്തികരമായി പ്രവർത്തിക്കുന്നു. എട്ട് കുടുംബങ്ങളിലെ വരുമാനം വർദ്ധിപ്പിക്കാൻ ഇതുകൊണ്ട് കഴിഞ്ഞിട്ടുണ്ട്.

(2) എട്ടാംവാർഡിൽ ആരംഭിച്ച ബീഡിതെറുപ്പ് വ്യവസായം.

ഇത് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. വിപണനസൗകര്യം ഇല്ലാത്തതാണ് കാരണം. ടൈസം പരിശീലനം കിട്ടിയവർ പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിൽ ആരും ഇല്ല.

ഭവനം.

ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള നൂറുകണക്കിനു ആളുകൾക്കു ഇനും ഭവനം നിർമ്മിച്ചു കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോഴത്തെ പഞ്ചായത്തിലെ അതിന്റെ സ്ഥിതി താഴെ പട്ടികയായി കൊടുത്തിരിക്കുന്നു. പുതുതായി ഭവനം വേണ്ടവരുടെ എണ്ണം ഇതുവരെ അനുവദിച്ചിട്ടുള്ളവയുടെ മൂന്നിരട്ടിയാണ്.

പട്ടിക 3

വാർഡ് നമ്പർ	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം	അനുവദിച്ച വീടുകളുടെ എണ്ണം	പൂർത്തീകരിച്ച വീടുകളുടെ എണ്ണം	ഇനിയും പൂർത്തീകരിക്കാനുള്ളത് എണ്ണം	ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം
1	50	16	13	3	34
2	49	9	8	1	40
3	45	15	14	1	30
4	48	17	13	4	31
5	87	9	8	1	78
6	15	—	—	—	—
7	50	25	24	1	25
8	73	14	11	3	59
9	33	8	5	3	26
ആകെ	450	113	96	17	323

വികസനരേഖ

86

വാർഡ്	നിർദ്ദേശിക്കുന്ന പേരു്	കി: മീ: ദൂരം
4	നക്കരപ്പടി മുതൽ—പൈവള്ളിപ്പടി വരെ	0.3
	ആനശാരിക്കൽ—കുറിഞ്ഞിപ്പുഴ—വെള്ളറ	0.8
	ആനശാരിക്കൽ മുണ്ടയ്ക്കൽ റോഡിൽനിന്നും ചെറിയത്തുകോളനി	0.5
	പൊതീപ്പാട്ട് അംഗൻവാടി—ആനശാരിക്കൽ മുണ്ടയ്ക്കൽ ചേരുന്ന റോഡ്	0.5
5	ആലുനില്ക്കുന്നതിൽപടി—മണലൂർ മുരുപ്പ്	0.6
	കൊണ്ടൂർ കിഴക്കേതിൽ—ചിറയത്തുപടി	0.5
	തടത്തിൽപടി—പുള്ളോലിമുരുപ്പ്—കടയ്ക്കിലേത്തു്	0.5
	കടയ്ക്കിലേത്തുപടി—ആയിക്കുന്നത്തുപടി	0.6
6	അട്ടച്ചാക്കൽ—കുമ്പളാംപൊയ്ക റോഡിൽനിന്നും ചെറുത്തിട്ട—കുറുമ്പറാറി—കടവുപുഴ—കുമ്പളത്താമൺവഴി വടശ്ശേരിക്കര മനോരമ ജംഗ്ഷൻവരെ	8
	അതുമ്പുംകുളം—ചെറുവാള	2
7	മാമൂട്ടിൽ—പുളിമുക്കു്	0.75
	പാമ്പേറാറിമല വിളവിനാൽ റോഡ്—പുളിമുക്കു് റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്	0.4
8	M S L P സ്കൂൾ മുതൽ മണക്കാട്ടുപടി വരെ	0.1
	വിളയിൽപടി മുതൽ—മേടമുരുപ്പുപടി വരെ	0.5
	മുളമൂട്ടിൽപടി—തുണ്ടുമൺപടി	0.3
9	തുണ്ടുശ്ശേരി—കാഞ്ഞിരംനില്ക്കുന്നതിൽപടി ഹരിജൻ കോളനി	
	പാറപ്പള്ളിൽ—മന്തിനേത്തുപടി	
	S P M U P S ജംഗ്ഷൻ—പാറപ്പള്ളിപ്പടി	
	കുഴിത്തുണ്ടിൽ ഹരിജൻ കോളനി	0.5
	തോട്ടത്തിൽപടി —കാരയ്ക്കാട്ടുപടി	
	അമ്പലം പാങ്ങേൽ—P W D പാലം	
	പക്കാണിയ്ക്കൽപടി —ആറുമട കോയിപ്പുറത്തുകടവു്	

ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലേയും റോഡുകളുടെ ആകെ ദൂരം പട്ടിക 4-ൽകൊടുത്തിരിക്കുന്നു.

പട്ടിക 4

വാർഡ്	1	2	3	4	5	6	7	8	9
റോഡുകളുടെ ആകെ ദൂരം കി: മീ:	19	15.3	13.5	11	19	12	14.5	18	15.5

പ്രശ്നങ്ങൾ.

1. മിക്ക വാഡുകളിലും ഇപ്പോഴുള്ള റോഡുകളും ഗതാഗതത്തിനു മതിയാകുന്നില്ല.
2. പല റോഡുകളുടേയും നിലവാരം മോശമാണ്.
3. ഭൂരിഭാഗം റോഡുകൾക്കും ഓടകളും ഇല്ല.
4. വാഹനഗതാഗതമുള്ള റോഡുകളിൽ ആവശ്യമുള്ള പ്രദേശത്തു് വെയിറ്റിംഗ് ഷെഡുകളും ഇല്ല.
5. മിക്ക റോഡുകൾക്കും മതിയായ വീതി ഇല്ല.
6. പല റോഡുകൾക്കും അറ്റകുറ്റപ്പണികളും നടത്താറില്ല.

നിർദ്ദേശങ്ങൾ.

1. എല്ലാ റോഡുകൾക്കും ജനസഹകരണത്തോടുകൂടി ഓടകളും നിർമ്മിക്കുക.
2. സന്നദ്ധപ്രവർത്തനത്തോടുകൂടി റോഡുകൾക്കു് അറ്റകുറ്റപ്പണികളും നടത്തുക.
3. പ്രധാനപ്പെട്ട റോഡുകളും എല്ലാം ടാർ ചെയ്യാൻ പദ്ധതികളും ഉണ്ടാക്കുക.
4. റോഡ് സംരക്ഷണത്തിനു് ജനകീയസമിതികളും രൂപീകരിക്കുക.
5. J R Y സ്കീമിൽ ഉൾപ്പെടുത്തുന്ന റോഡുകളുടെ വീതി 5 മീറ്റർ ആയി നിജപ്പെടുത്തുക.
6. റോഡ് ടാർ ചെയ്യുന്ന കരാറുകാരോടു് ഗ്യാരൻറി വാങ്ങുക.
7. റോഡ് നിർമ്മാണത്തിനു് പഞ്ചായത്തുതലത്തിലും വാർഡുതലത്തിലും റോഡ് വികസനസമിതികളും രൂപീകരിക്കുക.

88

പട്ടിക 6

വാർഡ് നമ്പർ	IRDP സർവ്വെ പ്രകാരം കൈത്തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	ഇനിയും സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം
1	8	2	6
2	7	1	6
3	10	5	5
4	12	2	10
5	3	—	3
6	—	—	—
7	7	—	7
8	12	1	11
9	3	2	1

കുറിപ്പ്:

വാർഡ് 1. ബ്ലോക്കാഫീസിൽനിന്നും ബാക്കിയുള്ള ആളുകൾക്കും ഇംപ്രൂവ്മെന്റ് ടൂൾകിറ്റുകൾ നൽകാവുന്നതാണ്.

വാർഡ് 2. ടൈസംപരിശീലനത്തിനും ടൂൾകിറ്റ് നൽകുന്നതിനും കൊല്ലപ്പണി, ആശാരിപ്പണി എന്നിവയ്ക്ക് സഹായം നൽകാവുന്നതാണ്.

വാർഡ് 3. ടൂർകിറ്റ്സ് നൽകുന്നതിനും IRDP ലോൺ നൽകുന്നതിനും തെരഞ്ഞെടുക്കാവുന്നതാണ്.

വാർഡ് 4. ഇംപ്രൂവ്മെന്റ് ടൂൾകിറ്റ്സ് നൽകുന്നതിനും IRDP ലോൺ നൽകുന്നതിനും തെരഞ്ഞെടുക്കാവുന്നതാണ്.

വാർഡ് 5. ടൈസ്ം പരിശീലനത്തിനും ഇംപ്രൂവ്മെന്റ്കിറ്റ്സ് ബ്ലോക്കുവഴി നടപ്പാക്കുന്നതിനും തെരഞ്ഞെടുക്കാവുന്നതാണ്.

വാർഡ് 7. ഇരുമ്പുപണിക്കാർക്കുള്ള ഉപകരണങ്ങളും നൽകേണ്ടതാണ്.

വാർഡ് 8. മരപ്പണിക്കുവേണ്ടിയുള്ള വൈസ് 1995—96-ൽ കൊടുത്തിട്ടുണ്ട്.

വാർഡ് 9. യഥാർത്ഥകൃഷിയുടെ 20% അടച്ചവർക്ക് ഉപകരണങ്ങളും കൊടുത്തു.

പെൻഷൻ:

സാമൂഹ്യക്ഷേമവകുപ്പുമുഖാന്തിരം പഞ്ചായത്തിൽ വിധവാപെൻഷൻ, തൊഴിലില്ലായ്മാവേതനം, കർഷകതൊഴിലാളിപെൻഷൻ മുതലായവ വിതരണംചെയ്യുന്നുണ്ട്.

പട്ടിക 7

പെൻഷൻ ഗുണഭോക്താക്കളുടെ വിവരം:

	സഹായത്തിന്റെ ഇനം	ലഭിക്കുന്നവരുടെ എണ്ണം
1.	വാർദ്ധക്യകാലപെൻഷൻ	32
2.	വിധവാപെൻഷൻ	110
3.	വികലാംഗപെൻഷൻ	43
4.	അവശകലാകാരപെൻഷൻ	2
5.	കർഷകത്തൊഴിലാളി പെൻഷൻ	81
6.	തൊഴിലില്ലായ്മാവേതനം	317

1991-ൽ പഞ്ചായത്തിൽ 102 പേർക്ക് കർഷകത്തൊഴിലാളി പെൻഷൻ ലഭിച്ചിരുന്നു. 75-ശ്രുപാവീതം. 1983-ൽ തൊഴിലില്ലാവേതനം വാങ്ങിയവർ 28 പേർ മാത്രമായിരുന്നു. ഇനിയും വളരെ അഭ്യസ്ഥവിദ്യർ പേർ രജിസ്റ്റർചെയ്യാത്തവരായി പഞ്ചായത്തിൽ ഉണ്ട്. മറ്റ് പെൻഷനുകളുടെ ലിസ്റ്റുതയ്യാറാക്കുന്ന രീതി കുറമറതാണെന്നു പറയാൻ വിഷമമുണ്ട്: ഇതിനുള്ള ചുമതല പഞ്ചായത്തിനിതുവരെയും കൈമാറിയിട്ടില്ല.

മഹിളാസമാജങ്ങൾ.

പഞ്ചായത്തിലുള്ള 22 അങ്കണവാടികളും കേന്ദ്രീകരിച്ചുകൊണ്ട് മഹിളാസമാജങ്ങളും പ്രവർത്തിക്കുന്നുണ്ട്. സംയോജിത വനിതാ-ശിശുസംരക്ഷണ പദ്ധതിയനുസരിച്ച് മഹിളാസമാജങ്ങളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ബാലവാടികളും, പോഷകാഹാരവിതരണ കേന്ദ്രങ്ങളും എന്നിവയുടെ പ്രവർത്തനം പഞ്ചായത്തുതലത്തിൽ ഇല്ല. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ മഹിളാസമാജങ്ങൾക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയണമെങ്കിൽ അവ പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിലെ 8, 9 വാർഡുകളിൽ ഉള്ള രണ്ട് മഹിളാസമാജങ്ങളും സാമൂഹ്യവനവൽക്കരണനേഴ്സറികളും നടത്തി വൃക്ഷത്തൈകളും വിതരണംചെയ്യുന്നുണ്ട്. ഇതിന് ബാങ്ക് സഹായം ലഭ്യമാണ്.

സംയോജിത വനിതാ-ശിശുസംരക്ഷണ പദ്ധതിയനുസരിച്ച് മഹിളാസമാജങ്ങളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ബാലവാടികളും, പോഷകാഹാരവിതരണകേന്ദ്രങ്ങളും എന്നിവയുടെ പ്രവർത്തനം പഞ്ചായത്തിൽ ഉണ്ട്. ഗർഭിണികളും, മുലയൂട്ടുന്ന അമ്മമാർ, കുട്ടികളും, കുട്ടികളുടെ ആരോഗ്യസ്ഥിതി ഇവയെല്ലാം ഇപ്പോൾ സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലാണ്.

പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ ഈ മഹിളാസമാജങ്ങൾക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയും.

പ്രശ്നങ്ങൾ:

1. സാമൂഹ്യക്ഷേമപദ്ധതികളുടെ പ്രവർത്തനത്തിനു് മോണിട്ടറിംഗ് ഇല്ല.
2. ക്ഷേമപദ്ധതികളുടെ നിർവഹണം സർക്കാർഏജൻസികൾവഴിയാണ് നടത്തുന്നത്.
3. അങ്കണവാടികളുടെ അസൗകര്യങ്ങൾ.
4. ടൈസംപരിശീലനത്തിനു താല്പര്യമുള്ളവരെ തെരഞ്ഞെടുക്കുന്നില്ല.
5. 1800-ൽഅധികം വീടുകൾക്ക് കക്കൂസില്ല.
6. സാമൂഹ്യആസ്തികൾ വളരെക്കുറവാണ്.
7. വിവിധ പെൻഷൻപദ്ധതികളുടെ തെരഞ്ഞെടുപ്പ് കുറ്റമറ്റതല്ല.
8. സാമൂഹ്യവനവൽക്കരണപരിപാടി പഞ്ചായത്തിന്റെ ഒരുഭാഗത്തുമാത്രമേയുള്ളൂ.
9. ലക്ഷംവീടുകളിൽ മഹിളാസമാജങ്ങൾ ഇല്ല.
10. പെൻഷൻപദ്ധതികളിലൂടെ നൽകുന്ന തുക വളരെ കുറവാണ്.
11. സാമൂഹ്യക്ഷേമപദ്ധതികളേപ്പറ്റി ശരിയായ അറിവ് ആളുകൾക്കില്ല.

നിർദ്ദേശങ്ങൾ.

1. സാമൂഹ്യക്ഷേമപദ്ധതികളുടെ നടത്തിപ്പും മോണിട്ടറിംഗും ഗ്രാമപഞ്ചായത്തിനെ ഏല്പിക്കണം.
2. അങ്കണവാടികൾക്ക് കെട്ടിടങ്ങളും മിനിമംസൗകര്യങ്ങളും ഉണ്ടാക്കണം.
3. ടൈസംപരിശീലനത്തിനുള്ള ആളുകളെ ഗ്രാമപഞ്ചായത്തുവഴി തെരഞ്ഞെടുക്കണം.
4. കക്കൂസില്ലാത്ത എല്ലാ വീടുകൾക്കും കക്കൂസ് നിർമ്മിച്ചു നൽകണം.
5. സാമൂഹ്യആസ്തികൾ വർദ്ധിപ്പിക്കാനുള്ള വിപുലമായ സംവിധാനം ഉണ്ടാക്കണം.
6. വിവിധ പെൻഷൻപദ്ധതികളുടെ ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്തുവഴി തെരഞ്ഞെടുക്കണം.

7. സാമൂഹ്യവനവൽക്കരണപദ്ധതി പഞ്ചായത്തിൽ വ്യാപിപ്പിക്കണം.
8. മഹിളാസമാജങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തി പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കണം.
9. പെൻഷൻപദ്ധതികളുടെ തുക വർദ്ധിപ്പിക്കണം.
10. സാമൂഹ്യക്ഷേമപ്രവർത്തനം മെച്ചപ്പെടുത്തുവാൻ പഞ്ചായത്തുമെമ്പറന്മാരുടെ നേതൃത്വത്തിൽ ക്ഷേമകാര്യകമ്മിറ്റികൾ രൂപീകരിക്കുക.
11. സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ പ്രചരണത്തിനു് ബോധവൽക്കരണപദ്ധതികൾ ആസൂത്രണം ചെയ്യുക.

കുടിവെള്ളവും പൊതുജനാരോഗ്യവും

മനുഷ്യനു ജീവിക്കുവാനുള്ള അവകാശംപോലെ തന്നെ ആരോഗ്യപരമായ ചുറ്റുപാടിൽ കഴിയുവാനുള്ള അവകാശവും ഭരണ ഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളിൽ ഉൾപ്പെടുന്നു. ഈ മൗലികാവകാശം ഉറപ്പുവരുത്തുന്ന പ്രധാന ഭൗതിക സാഹചര്യങ്ങളാണ് ശുദ്ധവായുവും ശുദ്ധജലവും ശുദ്ധമായ പാർപ്പിടവും. ഇവിടത്തെ പ്രധാനപ്രശ്നം കുടിവെള്ളംതന്നെ. മലയാലപ്പുഴ പഞ്ചായത്തിൽ ഇപ്പോഴുള്ള ജലവിതരണപദ്ധതി ഭാഗികമായി മാത്രമേ ഈ പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കുന്നുള്ളൂ. ബഹുഭൂരിപക്ഷം ആളുകളും വേനൽക്കാലത്ത് കുടിവെള്ളക്ഷാമം മൂലം വിഷമം അനുഭവിക്കുന്നവരാണ്. പഞ്ചായത്തിലെ 90% ആളുകളും മഴക്കാലത്ത് കിണറുകളെ ആശ്രയിക്കുന്നു. മഴക്കാലത്ത് പല കിണറുകളിലും ധാരാളം ജലം ഉണ്ട്. എന്നാൽ മഴ നിന്നാലുടൻ തന്നെ ഭൂരിഭാഗം കിണറുകളും വരണ്ടുപോകുന്നു. വേനൽകാലത്ത് ഏതാനും ചില കിണറുകളിൽ മാത്രം ഒന്നോ രണ്ടോ വീടുകളിലെ ആവശ്യത്തിനു ജലം ലഭിക്കുന്നു.

ശുദ്ധജലസ്രോതസുകൾ

പട്ടിക 1

കിണറുകൾ

പൊതു കിണറുകൾ		സ്വകാര്യ കിണറുകൾ		കുഴൽകിണറുകൾ	ആകെ
വെള്ളം ഉള്ളത്	വെള്ളം ഇല്ലാത്തത്	വെള്ളം ഉള്ളത്	വെള്ളം ഇല്ലാത്തത്		
23	38	2586	331	39	100
					2917
					3017

കുഴൽകിണറുകളിൽ ആദ്യകാലത്തു ജലം ഉണ്ടായിരുന്നു. പന്നീട് അവയിലും വേനൽക്കാലത്തു വെള്ളം ലഭ്യമല്ല.

പട്ടിക 2

ആകെ ടാപ്പുകൾ	190
സ്വകാര്യ കണക്ഷനുകൾ	380

ടാപ്പുകളിൽനിന്നും എല്ലാദിവസവും വെള്ളം കിട്ടുന്നില്ല. പലപ്പോഴും പൈപ്പുകളും പൊട്ടി ജലം വളരെയധികം നഷ്ടപ്പെടുകയും ചെയ്യുന്നുണ്ട്. പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ ഉള്ള കുളങ്ങളും ആഴംകൂട്ടി ശുദ്ധജലം ലഭിക്കാൻ സാദ്ധ്യതയുണ്ടോ എന്നു് പരിശോധിക്കാവുന്നതാണു്.

യാതൊരു ജലസ്രോതസുകളും ഇല്ലാതെ വളരെ കൂടുതൽ വിഷമം അനുഭവിക്കുന്ന പ്രദേശങ്ങൾ എല്ലാ വാർഡുകളിലും ഉണ്ട്. ഗ്രാമസഭാ ചർച്ചകളിൽനിന്നും അവബോദ്ധ്യപ്പെട്ടതാണു്.

പട്ടിക 3

പ്രശ്നമേഖലകൾ

വാർഡ് 1 കാറാടി, ചീങ്കൽത്തടം, പത്തിശേരി, ചേറാടിമുക്ക്, പ്ലാവറപ്പടി, പത്തിശേരി—പത്തരപ്പടി ഭാഗം.

വാർഡ് 2 പരപ്പിനാൽ, വടക്കേപ്പടി, കുമ്പളാംപൊയ്ക ചന്ത, പെരുന്തോലിൽ, ചാങ്ങോലിക്കൽ ഹരിജൻ കോളനി, അമ്പഴത്തുംമൂട്ടിൽപടി, ചേറാടി, നീളാത്തിൽ, നിരവേൽപടി.

വാർഡ് 3 കരിംകുറ്റിക്കൽ, ഇറമ്പാത്തോട്, കുതിരാംകുളം, വാഴവിളഭാഗം, നല്ലൂർ ഹരിജൻ കോളനി, കോളനി, കോഴികുന്നം ഹരിജൻ കോളനി, വട്ടക്കുഴിക്കൽപടി, നല്ലാനിക്കൽപടി, മലയാലപ്പുഴ ചന്തമുക്ക്.

വാർഡ് 4 വെള്ളറമുരുപ്പ്, ആലുനിൽക്കുന്നതിൽമുരുപ്പ്, ഹെൽത്ത് സെൻറർ, കോമാട്ടപടി, പൊതീപ്പാട് ലക്ഷംവീട് കോളനി, മണലൂർ മുരുപ്പ്, പൂവത്തൂർമുരുപ്പ്, വെള്ളറ—ആനചാരിക്കൽ ഭാഗം.

വാർഡ് 5 മുക്കുഴി, വിലങ്ങുപാറ, ആനിക്കനാട്ടുപടി, ചെറിയത്തുപടി, കല്ലുകുത്തറ, തടത്തേൽപടി, വട്ടത്ര, പെരുന്തോലിൽപടി, പള്ളിപ്പടി, കോട്ടപ്പാറ, മുണ്ടയ്ക്കൽ.

വാർഡ് 6 വട്ടത്ര ഡിവിഷൻ, രണ്ടാം ഡിവിഷൻ, കുമ്പാററി, ഫാക്ടറിപ്പടി.

വാർഡ് 7 കിഴക്കുപുറം, തുണ്ടിയത്തുപടി, കടുവാക്കുഴി, വെള്ളറമുരുപ്പ്, ശ്രീമുപ്പാവുമുക്ക് പാമ്പോററിമല, പുലിമല, കണ്ടത്തുംകരോട്ട്.

വാർഡ് 8 പരുത്തിയാനി, കുമ്പംപാറ, പൂവണത്തിൽപടി, പാറയ്ക്കൽഭാഗം, നെല്ലുവേലിൽപടി, ആലപ്പാട്ടമുരുപ്പ്, വിളയിൽപടി, മേടമുരുപ്പ്, പ്രിയദർശിനി ഹരിജൻ കോളനി, മുട്ടമൺ ഹരിജൻ കോളനി.

വാർഡ് 9. ശങ്കരത്തിൽപടി കുരിശിൻമൂട്, ഈട്ടിമൂട്ടിൽപടി വെട്ടൂർ അമ്പലജംഗ്ഷൻ, റേഡിയോ ജംഗ്ഷൻ മഹാത്മഗാന്ധി ഹരിജൻ കോളനി, ലക്ഷംവീട്കോളനി, പാറപ്പുള്ളിൽപടി, ചാങ്ങൽപ്പടി.

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലുള്ള കുളങ്ങളിൽ ശുദ്ധജലം ലഭ്യമല്ല. പഞ്ചായത്തിലെ വിവിധഭാഗങ്ങളിലുള്ള 11 നീരുറവകളിൽനിന്നും ലഭിക്കുന്ന ശുദ്ധജലം കൂടുതൽ എടുക്കാനുള്ള സൗകര്യങ്ങളും ഇല്ല.

ഒന്നാം വാർഡിലുള്ള അമ്പലക്കുളത്തിൽ പഴയകാലത്തെപ്പോലെ ഇപ്പോഴും ജലം തങ്ങി നിൽക്കുന്നില്ല. ഏഴാം വാർഡിൽ പൊന്നമ്പിൽഭാഗത്തുള്ള കുളത്തിന്റെ വശങ്ങളും പ്രകൃതിക്ഷോഭംമൂലം നശിച്ചുപോയിട്ടുണ്ട്. അതിനാൽ ഈ കുളത്തിൽ ആവശ്യത്തിനുവെള്ളം സംഭരിക്കാൻ കഴിയുന്നില്ല. വർഷത്തിൽ പകുതിയിലേറെ കാലം വലിയതോതിൽ ജലസമ്പത്തുള്ള മീൻമുട്ടിക്കൽ തോട്ടിലെയും ഇറമ്പാന്തോട്—വെട്ടൂർ തോട്ടിലെയും സൗകര്യമായ ഭാഗത്തു് തടയണകളും കെട്ടി ശുദ്ധജലവിതരണത്തിനു് സാദ്ധ്യത ഉണ്ടോ എന്നു് പരിശോധിക്കേണ്ടതാണു്,

പ്രശ്നങ്ങൾ.

1 പഞ്ചായത്തിന്റെ എല്ലാവാർഡുകളിലും കുടിവെള്ളംആവശ്യത്തിനുലഭിക്കുന്നില്ല.

2 ഇപ്പോഴും നിലവിലുള്ള കുഴൽകിണറുകളിൽ ഭൂരിപക്ഷവും ഉപയോഗശൂന്യമാണു് മറ്റുള്ളവയിൽ ആവശ്യത്തിനു് ജലം ലഭ്യമല്ല.

3 കുമ്പഴ തോട്ടത്തിലെ ഫാക്ടറിയിലെ മലിനജലം കല്ലാറിലേക്കു് ഒഴുകി ജലം മലിനമാകുന്നു.

4 പൈപ്പുവെള്ളം എല്ലായ്പോഴും ലഭിക്കുന്നില്ല.

5 പൈപ്പുകളുടെയും, ടാപ്പുകളുടെയും തകരാറുമൂലം വൻതോതിൽ കുടിവെള്ളം നഷ്ടപ്പെടുന്നു.

6 ടാപ്പുകളുടെയും പൊതുകിണറുകളുടെയും സമീപത്തു് വാഹനങ്ങളും കഴുകുകയും, കാലികളെ കുളിപ്പിക്കുകയും ചെയ്യുന്നു.

7 കുടിവെള്ളം അത്യാവശ്യമുള്ള ഭാഗങ്ങളിലും ടാപ്പുകളും സ്ഥാപിച്ചിട്ടില്ല.

നിർദ്ദേശം.

1 പൊതുകിണറുകളും ടാപ്പുകളും ശരിയായി ഉപയോഗിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുക.

2 അമ്പലക്കുളം ജലം നിലനിൽക്കത്തക്ക രീതിയിൽ സംരക്ഷിക്കുക.

3 പൊന്നമ്പിൽകുളം വിപുലീകരിക്കുകയും ശുദ്ധജലം ശേഖരിച്ചു് വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

4 ടാപ്പുകൾക്കും പൊതുകിണറുകൾക്കും സംരക്ഷണസമിതികൾ രൂപീകരിക്കുക.

5 മീൻമുട്ടിക്കൽതോട്ടിലും ഇറമ്പാൻതോട്–വെട്ടൂർതോട്ടിലും തടയണകൾ നിർമ്മിച്ച് ശുദ്ധജലം ലഭ്യമാക്കുക.

6 നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമിൽനിന്നും കിട്ടുന്ന ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക.

7 നീർമറിപ്രദേശങ്ങൾ നിർമ്മിക്കുന്നതിന് ആളുകളെ ബോധവൽക്കരിക്കുക.

8 കുഴൽകിണറുകൾ കുഴിക്കുന്നതിന് സൗകര്യങ്ങൾ ചെയ്തുകൊടുക്കുക.

9 വാട്ടർ സപ്ലൈ പദ്ധതിയിലെ നിലവാരം കുറഞ്ഞ പൈപ്പുകൾ മാറ്റുക.

10 എല്ലാദിവസവും ടാപ്പുകളിൽനിന്നും ജലം ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

11 ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ പുതുതായി ടാപ്പുകൾ സ്ഥാപിക്കുക.

12 പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലുള്ള നീരുറവകൾ സംരക്ഷിക്കുക.

13 കാഞ്ഞിരപ്പാറയുള്ള വാട്ടർടാങ്കിൽ സ്ഥിരമായി വെള്ളം ശേഖരിച്ച് വിതരണം ചെയ്യുക.

14 നിലവിലുള്ള ജലവിതരണപദ്ധതിയുടെ ശേഷി വർദ്ധിപ്പിക്കുക.

15 വെട്ടൂർ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കുന്നതിന് അച്ചൻകോവിലാറ്റിൽ പുതിയ ജലവിതരണപദ്ധതി ആരംഭിക്കുക.

16 കല്ലാറിലെ ജലമലിനീകരണത്തിന് പരിഹാരം കാണുക.

പൊതുജനാരോഗ്യം.

1994 ലെ കേരളാ പഞ്ചായത്തുരാജ് നിയമമനുസരിച്ച് പ്രൈമറി ഹെൽത്തുസെന്ററിന്റെ പൂർണ്ണമായ നടത്തിപ്പും നിയന്ത്രണവും ഗ്രാമപഞ്ചായത്തിനു വിട്ടുകൊടുത്തിരിക്കുകയാണ്. ഈ നിയമപ്രകാരം സാംക്രമികരോഗങ്ങളെ തടയുന്നതിന് നടപടികൾ സ്വീകരിക്കുക, കുട്ടികളുടെയും സ്ത്രീകളുടെയും ആരോഗ്യപരിപാലനത്തിനുവേണ്ട ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, അംഗവൈകല്യം സംഭവിച്ചവർക്കുവേണ്ടി അഭയകേന്ദ്രങ്ങൾ സ്ഥാപിക്കുക, ആരോഗ്യബോധവൽക്കരണ ക്ലാസുകൾ, മെഡിക്കൽക്യാമ്പുകൾ സംഘടിപ്പിക്കുക ആദിയായ കാര്യങ്ങൾ ഗ്രാമപഞ്ചായത്തിന്റെ അധികാരവും ചുമതലയുമാണ്.

മലയാലപ്പുഴ പഞ്ചായത്തിൽ ഏകദേശം 25 വർഷം മുമ്പുവരെ രോഗചികിത്സയ്ക്ക് പാരമ്പര്യവൈദ്യകുടുംബങ്ങളെയാണ് ആശ്രയിച്ചിരുന്നത്; 1973 ൽ സർക്കാർ ഉടമസ്ഥതയിൽ ഒരു റൂറൽഡിസ്പെൻസറി ആരംഭിച്ചതിനുശേഷമാണ് ഈ രീതിക്ക് അൽപ്പം മാറ്റം സംഭവിച്ചത്. 1980 ൽ വെട്ടൂർഭാഗത്തും ഒരു ആയുർവ്വേദ ആസ്പത്രിയും സ്ഥാപിതമായി. ആദ്യകാലങ്ങളിൽ പ്രാർത്ഥനയും മന്ത്രവാദവും മറ്റ് അന്ധവിശ്വാസത്തിന്റെ അടിസ്ഥാനത്തിലുള്ള പല രീതികളുമാണ് ആളുകൾ രോഗശമനത്തിനായി സ്വീകരിച്ചിരുന്നത്. ഇപ്പോൾ ഈ സമ്പ്രദായത്തിന് സാരമായ മാറ്റം സംഭവിച്ചിട്ടുണ്ട്.

മലയാലപ്പുഴ പഞ്ചായത്തിലെ ആരോഗ്യ സംരക്ഷണ മേഖലയെപ്പറ്റി അവലോകനം ചെയ്യുന്നതിന് പ്രധാനപ്പെട്ട പലമേഖലകളും അവലോകനം ചെയ്യേണ്ടതായുണ്ട്.

മൊത്തം മരണനിരക്ക്.

1996–ലെ കേരളത്തിലെ പൊതുമരണനിരക്ക് 6% ആണ്. ഈ പഞ്ചായത്തിൽ ഇത് 6% തന്നെയാണ്. കേരളത്തിലെ ശിശുമരണനിരക്ക് 1000–ന് 17 ആയിരിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിൽ അത് 1000–ന് 8 മാത്രമാണ്. സംസ്ഥാനത്തെ ജനനനിരക്ക് 19% ആണ്. പഞ്ചായത്തിൽ 4% ആണ്. എന്നാൽ രണ്ടിൽ കൂടുതൽ കുട്ടികളുള്ള മാതാക്കളുടെ എണ്ണം 418 ആണ്. അതിനാൽ കുടുംബക്ഷേമ പരിപാടികൾ അനുസ്യൂതം തുടരേണ്ടതായിട്ടുണ്ട്.

കുട്ടികളുടെ സ്ത്രീകളുടെയും ചികിത്സക്ക് പ്രത്യേക സൗകര്യങ്ങൾ ഇന്ന് പഞ്ചായത്തിൽ ഒരിടത്തും ഇല്ല, കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം കാലാകാലങ്ങളിൽ പരിശോധിക്കുന്ന രീതി അങ്കൺവാടികളിൽ മാത്രമാണ് ഉള്ളത്. ഈ വിവരം പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

പട്ടിക–1

കുട്ടികളുടെ ആരോഗ്യ പോഷണനിലവാരം

പ്രായം	നോർമൽ		ഒന്നാം ഗ്രേഡ്		ഒണ്ടാം ഗ്രേഡ്		മൂന്നാം ഗ്രേഡ്	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1 വയസിൽതാഴെ	85	87	55	52	14	12	—	4
1 മുതൽ 3 വയസു വരെ	118	117	60	61	15	23	—	—
3 മുതൽ 6 വയസു വരെ	125	130	40	45	20	22	—	1

അങ്കൺ വാടികളുമായി ബന്ധപ്പെട്ട് കുട്ടികൾക്കും ഗർഭിണികൾക്കും പ്രതിരോധകുത്തിവയ്പുകൾ പതിവായി നടത്തുന്നുണ്ട്. ഈ സാഹചര്യത്തിലും പൊതുആരോഗ്യനിലമെച്ചമല്ല. ഇതിന്റെ പ്രധാനകാരണം മലിനജലം, കക്കൂസുകളുടെ കുറവ് പോഷണക്കുറവ് ചികിത്സാരീതികളുടെ അപര്യാപ്തത ഇവയാണ്, ഇവ പരിഹരിക്കുന്നതിന് സമഗ്രമായ ആരോഗ്യപരിപാടികൾ സംയോജിപ്പിച്ചുകൊണ്ട് പ്രവർത്തനം നടത്തേണ്ടിയിരിക്കുന്നു.

മലയാലപ്പുഴ പഞ്ചായത്തിൽ ആകെ ഒരു PHC യും 3 സബ്സെൻറുമാണുള്ളത്, അവിടെ ചികിൽസക്കായി എത്തുന്നവരുടെ രോഗാതുരതയെ സൂചിപ്പിക്കുന്ന പട്ടികകൾ താഴെ കൊടുക്കുന്നു.

പട്ടിക 2

രോഗങ്ങൾ സംബന്ധിച്ച വിവരം.

വർഷം	ഇൻപേഷ്യൻറ് എണ്ണം	ഔട്ട്പേഷ്യൻറ് എണ്ണം	രോഗങ്ങളും സംസന്ധിച്ച വിവരം					
			തക്ക് രോഗം	വാത രോഗം	വിഷ ചികിത്സ	പകച്ച് രോഗം	മററ് രോഗം	ആകെ
1992–98	Nil	4066	70	843	—	371	2782	4066
1993–94	Nil	3269	34	615	—	321	2299	3269
1994–95	Nil	3620	65	629	—	399	2527	3620
1995–96	Nil	6338	219	1123	—	383	4613	6338

പട്ടിക 3

പകർച്ചവ്യാധികൾ

വർഷം	ജലജന്യ രോഗങ്ങളും	വായുജന്യ രോഗങ്ങളും	പ്രാണിജന്യ രോഗങ്ങളും	മററുള്ളവ
1993–94	38	278	5	—
1994–95	61	327	11	—
1995–96	22	354	7	—

P. H. C– യിൽ എത്തുന്ന മുഴുവൻ രോഗികൾക്കും നൽകുന്നതിനാവശ്യമായ മരുന്നുകളും അവിടെ ഇല്ലായെന്നുള്ളത് വളരെ ഗൗരവത്തോടെ കാണേണ്ട സംഗതിയാണ്. ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നതിനാവശ്യമായ സൗകര്യങ്ങളും ഒന്നുമില്ല എന്നത് വളരെ ശോചനീയം തന്നെ. സബ്സെൻറുകളുടെ പ്രവർത്തനം ഒട്ടുംതന്നെ തൃപ്തികരമല്ല. P.H.C യിൽ ആകെ 19 ജീവനക്കാർ ഉണ്ട്. എന്നാൽ പാരാമെഡിക്കൽ സ്റ്റാഫ് ഇല്ല.

വെട്ടൂരിലുള്ള ആയുർവേദാശുപത്രിയിൽ ധാരാളം രോഗികളും എത്തുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവിടെ മരുന്നുകളും സൂക്ഷിക്കുന്നതിനുള്ള സൗകര്യംപോലും ഇല്ല. ആശുപത്രിക്ക് സ്വന്തമായി കെട്ടിടംഇല്ല. ദേശീയ വായനശാല വക കെട്ടിടത്തി

ലാണ് ഇപ്പോഴും ആശുപത്രി പ്രവർത്തിക്കുന്നത്.

മേൽപറഞ്ഞവ കൂടാതെ പഞ്ചായത്തിൽ രണ്ട് ഹോമിയോ ക്ലിനിക്കുകളും 15 പാരമ്പര്യ ചികിത്സാകേന്ദ്രങ്ങളും, രണ്ടാം വാർഡിൽ ഒരു തിരുമ്മു ചികിത്സാകേന്ദ്രം, ഒന്നാം വാർഡിൽ ഒരു പ്രകൃതി ചികിത്സാകേന്ദ്രം, ഇവയും പ്രവർത്തിക്കുന്നുണ്ട്. പക്ഷേ ഈ കേന്ദ്രങ്ങളിൽ മിക്കതും രോഗികളുടെ ചികിത്സാ ആവശ്യങ്ങളും നിറവേറ്റുന്നതിനു പര്യാപ്തമല്ല. കൂടുതൽ രോഗികളും പത്തനംതിട്ടയിലുള്ള സ്വകര്യ ആശുപത്രികളെ അഭയം പ്രാപിക്കുന്നു. വിദഗ്ധചികിത്സ ആവശ്യമുള്ളവർ കോട്ടയം, തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രികളെ ആശ്രയിക്കുന്നു.

പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളിലും കക്കൂസ് സൗകര്യങ്ങളില്ല. പകർച്ചവ്യാധികളും തടയുന്നതിന് വൃത്തിയുള്ള കക്കൂസുകളും അനിവാര്യമാണ്. ഇപ്പോഴുള്ള കക്കൂസുകളെ സംബന്ധിച്ച് വിവരം പട്ടിക 4 ൽ കൊടുത്തിട്ടുണ്ട്.

പട്ടിക 4

വാർഡ് നമ്പർ	ആകെ വീടുകളുടെ എണ്ണം	1992 നു ശേഷം നിർമ്മിച്ച കക്കൂസുകൾ	ഉപയോഗത്തിലുള്ള കക്കൂസുകൾ	ഉപയോഗശൂന്യമായ കക്കൂസുകൾ
1	120	19	17	101
2	135	18	17	117
3	118	22	20	96
4	163	19	17	144
5	113	8	8	105
6	22	—	—	22
7	165	17	10	143
8	173	18	15	155
9	95	13	12	82

കക്കൂസുകളുടെ അഭാവവും മറ്റും ഈ പട്ടികയിൽനിന്നും വ്യക്തമാണ്. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ഭവനങ്ങളുടെയും ആരോഗ്യസ്ഥിതിയെ ഇതു ഗുരുതരമായി ബാധിക്കുന്നു. ആരോഗ്യപരിപാലനരംഗത്ത് അതീവ ജാഗ്രതയുടെ ആവശ്യത്തിലേക്ക് ഈ സാഹചര്യം വിരൽ ചൂണ്ടുന്നു.

ശുചിത്വത്തിന്റെ കാര്യത്തിൽ വളരെയധികംശ്രദ്ധ ആവശ്യമാണ്. കുമ്പളാംപൊയ്ക മാർത്താണ്ഡോദയം പബ്ലിക്ക് മാർക്കറ്റിലും മലയാലപ്പുഴ മാക്കറ്റിലും ചപ്പു ചവറുകളും മറ്റും അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്നു.

മലയാലപ്പുഴ ക്ഷേത്രത്തിലും ക്ഷേത്രത്തിനു ചുറ്റുമുള്ള കച്ചവടസ്ഥാപനങ്ങളിലും ആവശ്യത്തിനു മലമൂത്ര വിസർജ്ജന സൗകര്യങ്ങളും ഇല്ല. ദിവസേന ആയിരക്കണക്കിനു ജനങ്ങളും വന്നുകൂടുന്ന ഈ പ്രദേശത്തെ ശുചിത്വം ഒരു മുഖ്യ പ്രശ്നമാണ്.

പഞ്ചായത്തിലെ ഭൂരിപക്ഷം സ്കൂളുകളിലും കുട്ടികൾക്കും അദ്ധ്യാപകർക്കും ആവശ്യമായ കക്കൂസോ മൂത്രപ്പുരയോ ഇല്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പൊതു ശ്മശാനത്തെത്തുന്നതിനാവശ്യമായ യാതൊരു ഗതാഗത സൗകര്യവും ഇല്ല.

വർഷങ്ങൾക്കു മുൻപ് മലയാലപ്പുഴ ഗ്രാമം ഔഷധ സസ്യങ്ങളുടെ ഒരു കലവറ തന്നെയായിരുന്നു. എന്നാൽ ഇന്ന് മിക്ക ഔഷധ സസ്യങ്ങളും വംശനാശത്തെ നേരിടുന്ന സ്ഥിതിയിലാണ്. പാരമ്പര്യ ചികിത്സാ സമ്പ്രദായമായ ആയുർവേദ ചികിത്സ മെച്ചപ്പെടണമെങ്കിൽ ഔഷധ സസ്യങ്ങളുടെ കൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1 മലയാലപ്പുഴ P H C യിലെ ചികിത്സയുടെ അപര്യാപ്തത.

2 വെട്ടൂരിലെ ആയുർവേദാശുപത്രിക്ക് കെട്ടിടവും ചികിത്സാ സൗകര്യങ്ങളും ഇല്ല.

3 പഞ്ചായത്തിലെ പ്രധാനപ്പെട്ട ജംഗ്ഷനായ അമ്പലം ജംഗ്ഷനിൽ മലമൂത്ര വിസർജ്ജനത്തിനു സൗകര്യമില്ല.

4 പ്രൈമറി സ്കൂളുകളിൽ മൂത്രപ്പുരയും കക്കൂസും ഇല്ല.

5 പഞ്ചായത്തിലും ബഹുഭൂരിപക്ഷം വീടുകളിലും കക്കൂസ് ഇല്ല.

6 ഗ്രാമ പഞ്ചായത്തിൽ എല്ലാ ഭാഗത്തും തെരുവു നായ്ക്കളുടെ ശല്യം ഉണ്ട്.

7 പഞ്ചായത്തിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്നു.

8 ആരോഗ്യ രംഗത്തു ബോധവൽക്കരണത്തിന്റെ കുറവ്.

9 നേത്രദാനം, രക്തദാനം ഇവ പ്രോൽസാഹിപ്പിക്കുന്ന സംഘടനകളും ഇല്ല.

10 കുട്ടികളുടെയും സ്ത്രീകളുടെയും ചികിത്സയ്ക്ക് പ്രത്യേക സംവിധാനം ഇല്ല.

11 മലിനജലം, അശുദ്ധവായു, കീടങ്ങൾ ഇവമൂലം രോഗം പടരുന്നു.

12 പാരമ്പര്യ ചികിത്സയ്ക്ക് പ്രോത്സാഹനം കിട്ടുന്നില്ല.

13 പഞ്ചായത്തുവക ശ്മശാനങ്ങളിലേക്ക് ഗതാഗത സൗകര്യം ഇല്ല.

14 ജനനവും മരണവും സംബന്ധിച്ച ശരിയായ കണക്കുകൾ ലഭ്യമല്ല.

നിർദ്ദേശങ്ങൾ.

1 മലയാലപ്പുഴ P H C കമ്മ്യൂണിറ്റി ഹെൽത്ത് സെൻറായി ഉയർത്തണം. ആവശ്യമായ കെട്ടിടവും ഡോക്ടറന്മാരും ഉണ്ടാകാൻ സംവിധാനം ഏർപ്പെടുത്തണം.

2 പഞ്ചായത്തിലെ സബ്സെൻറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. വെട്ടൂരിലുള്ള ആയുർവേദാശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കണം.

3 മലയാലപ്പുഴ ക്ഷേത്രജംഗ്ഷനിൽ ഒരു കംഫർട്ട് സ്റേഷൻ നിർമ്മിക്കുക.

4 പ്രൈമി സ്കൂളുകളിൽ കക്കൂസും മൂത്രപ്പുരയും നിർമ്മിക്കുക.

5 കക്കൂസുകൾ ഇല്ലാത്ത വീടുകളിൽ കക്കൂസ് നിർമ്മിക്കാനുള്ള സംവിധാനം ഉണ്ടാകണം.

6 തെരുവുനായ്ക്കളെ നശിപ്പിക്കുക.

7 ലഹരിപദാർത്ഥങ്ങളുടെ ഉപയോഗത്തിനും മായം ചേർക്കലിനും എതിരെ ബോധവൽക്കരണം നടത്തുക.

8 രക്തദാനം, നേത്രദാനം ഇവയ്ക്കുവേണ്ടി പ്രചരണം സംഘടിപ്പിക്കുക.

9 ഔഷധസസ്യങ്ങളുടെ കൃഷി പ്രോൽസാഹിപ്പിക്കുക.

10 പ്രതിരോധകുത്തിവയ്പിനും പോഷകാഹാരവിതരണത്തിനും കൂടുതൽ സംവിധാനം ഉണ്ടാകണം.

11 പബ്ലിക്ക് മാർക്കറ്റുകളിലെ മാലിന്യങ്ങൾ പതിവായി നീക്കം ചെയ്യണം.

12 പഞ്ചായത്ത് ശ്മശാനത്തിലേക്ക് ഒരു റോഡ് നിർമ്മിക്കുക.

13 ജനനവും മരണവും കൃത്യമായി രേഖപ്പെടുത്തുന്നതിന് സംവിധാനം ഉണ്ടാക്കുക.

14 പഞ്ചായത്തിൽ ഒരു പാരാമെഡിക്കൽ കോഴ്സിന് സൗകര്യം ഉണ്ടാക്കുക.

15 പ്രകൃതിചികിൽസയും യോഗവിദ്യയും പ്രചരിപ്പിക്കുക.

പട്ടികജാതി പട്ടികവർഗക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 11% പട്ടികജാതി വിഭാഗം ആണ്. 369 കുടുംബങ്ങളിലായി 1861 അംഗങ്ങളും ഉള്ളതായി കണക്കാക്കുന്നു. പഞ്ചായത്തിൽ 18 പട്ടിക ജാതി കോളനികളും നിലവിലുണ്ട്. കോളനിയിൽ പെടാതെ ഇടകലർന്നു ജീവിക്കുന്ന ഉദ്ദേശം 75 കുടുംബങ്ങളും വേറെയും ഉണ്ട്.

ഈ പഞ്ചായത്തിൽ പട്ടിക വർഗത്തിൽപെട്ട കുടുംബങ്ങളോ കോളനികളോ നിലവിലുള്ളതായികാണുന്നില്ല. പട്ടികജാതിയിൽപ്പെട്ട '8' പ്രധാന സമുദായങ്ങളുണ്ട്. അവ യഥാക്രമം സിദ്ധനർ, സാംബവർ, പുലയർ, പാണർ, വേലൻ, പതിയാൻ, തച്ചർ, ചാക്കമാർ എന്നിവയാണ്, മേൽപറഞ്ഞിരിക്കുന്ന പട്ടികജാതി കോളനികളും എല്ലാം തന്നെ മലയോര പ്രദേശങ്ങളിലായതിനാൽ ഗതാഗത സൗകര്യങ്ങളോ കുടിവെള്ള സൗകര്യമോ വൈദ്യുതി സൗകര്യമോ ഭാഗികമായിപ്പോലും എത്തിച്ചേർന്നിട്ടില്ല.

ഈ വിഭാഗത്തിന്റെ ഉന്നമനത്തിനുവേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾകൊണ്ടും പദ്ധതികൾ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനും എല്ലാ കുടുംബങ്ങൾക്കും ലഭ്യമാക്കുന്നതിനും കോളനികളുടെ വിവരങ്ങൾ ഒന്നാം പട്ടികയിൽ ചേർക്കുന്നു.

വിദ്യാഭ്യാസം

പൊതുവേ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ അപൂർവ്വം ചില കുടുംബങ്ങളിലെ കുട്ടികൾക്ക് വേണ്ടത്ര വിദ്യാഭ്യാസം ലഭ്യമാക്കാൻ കിഴിഞ്ഞിട്ടില്ല. അതിന്റെ പ്രധാനകാരണങ്ങൾ സാമ്പത്തിക ബുദ്ധിമുട്ടും രക്ഷിതാക്കളുടെ അവബോധക്കുറവുമാണ്.

തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കർഷകതൊഴിലാളികളാണ്. എന്നാൽ അപൂർവ്വം ചിലർ സർക്കാർ സർവ്വീസിലുള്ളവരുമാണ്. ഇവരിൽ പരമ്പരാഗത തൊഴിലിലേർപ്പെട്ടിരിക്കുന്നവർ ചെറിയതോതിൽനിലവിലുണ്ട്. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ നിരവധിയുണ്ടെങ്കിലും സർക്കാർ തലത്തിലുള്ള സ്വയം തൊഴിൽ പദ്ധതികളോ മറ്റ് തൊഴിൽ സാദ്ധ്യതകളോ ഇല്ലാതെ ബുദ്ധിമുട്ടുന്നുണ്ട്. കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള മന്ദത കർഷകത്തൊഴിലാളികളുടെ ഉപജീവന മാർഗത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഇതിനൊരു ശാശ്വത പരിഹാരം കാണേണ്ടതുണ്ട്.

പാർപ്പിടപ്രശ്നം

പഞ്ചായത്തിലെ കുറെ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായും പാർപ്പിടപ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. അതിനുപരി ലഭ്യമായ സാമ്പത്തിക സഹായം തീരെ അപര്യാപ്തമായതിനാൽ ഗുണഭോക്താക്കൾക്ക് ആർക്കും തന്നെ ഭവനങ്ങൾ പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതിനായി അടുത്ത പദ്ധതിയിൽ ഭവനനിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം നിർമ്മാണവസ്തുക്കളുടെ വിലയ്ക്കനുസൃതമായി വർദ്ധിപ്പിക്കുവാൻ നടപടിയുണ്ടാകണം. പണി പൂർത്തിയായ വീടുകളും നിലവിലുള്ള വീടുകളും അറ്റകുറ്റപ്പണികൾക്കായി ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതാണ്. ഇതോടൊപ്പം പഞ്ചായത്തിലെ കക്കൂസ് സൗകര്യങ്ങളില്ലാത്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന കുടുംബങ്ങൾക്ക് കക്കൂസ് സൗകര്യവും ലഭ്യമാക്കേണ്ടതുണ്ട്. പഞ്ചായത്തിലെ പട്ടികജാതി വിഭാഗങ്ങൾ അധികവും സെറ്റിൽമെന്റ് കോളനികളിലും ലക്ഷംവീട് കോളനികളിലുമാണ് വസിക്കുന്നത് അവർക്ക് അടിയന്തിര പ്രാധാന്യം നൽകി വാർഡുതോറും ഓരോ പൊതുശ്മശാനം അനുവദിക്കാൻ സത്വരനടപടി ഉണ്ടാകണം.

സാമൂഹ്യപ്രശ്നങ്ങൾ

പഞ്ചായതിലെ കോളനികളിലേക്കുള്ള ഗതാഗത സൗകര്യം പരിമിതമായതിനാൽ വൈദ്യുതിയും കുടിവെള്ളവും ലഭ്യമാകാൻ ബുദ്ധിമുട്ടുള്ളതിനാൽ എല്ലാ കോളനികളിലും പ്രധാന റോഡുമായി ബന്ധപ്പെടുത്തി കോളനി റോഡുകൾ നിർമ്മിക്കുവാൻ നടപടി എടുക്കേണ്ടതുണ്ട്. ഇതിനു പരിഹാരമായി പട്ടിക (3—ൽ) പറയുന്ന സ്ഥലങ്ങളിലേക്ക് റോഡും വൈദ്യുതിയും കുടിവെള്ളവും യുദ്ധകാലാടിസ്ഥാനത്തിൽ എത്തിക്കുവാനുള്ള നടപടി ഉണ്ടാകണം എങ്കിൽ മാത്രമേ ഈ പഞ്ചായത്തിലെ പട്ടികജാതി വിഭാഗങ്ങൾക്ക് കാര്യമായ പുരോഗതി കൈവരിക്കാൻ കഴിയുകയുള്ളൂ.

പ്രശ്നങ്ങൾ

1 സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് വിദ്യാർത്ഥികൾക്ക് പഠനം പൂർത്തിയാക്കാൻ കഴിയുന്നില്ല.

2 ഉപരിപഠനത്തിനു സാമ്പത്തികബുദ്ധിമുട്ട് ഒരു വലിയ പ്രതിസന്ധിതന്നെയാണ്.

3 കൃഷിയിടങ്ങൾ തരിശായി കിടക്കുന്നതിനാൽ കർഷകത്തൊഴിലാളികൾക്ക് തൊഴിൽ സാദ്ധ്യത കുറഞ്ഞുവരുന്നു.

4 വീടുവെയ്ക്കാൻ സ്ഥലമില്ല. സ്ഥലമുള്ളവർക്ക് വീടില്ല.

5 കോളനികളിൽ കുടിവെള്ളം വൈദ്യുതി എന്നിവയില്ല.

6 ഭൂരിഭാഗം കുടുംബങ്ങൾക്കും കക്കൂസ് ഇല്ല.

7 പൊതു ശ്മശാനം ഇല്ല.

8 കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.

9 പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെട്ടതല്ല.

10 നിർദ്ധന കുടുംബങ്ങളിലെ അംഗങ്ങൾക്ക് ചികിൽസയ്ക്കും വിധവകളുടെ മക്കളുടെ വിവാഹത്തിനും ലഭിച്ചുകൊണ്ടിരിക്കുന്ന തുക അപര്യാപ്തമാണ്.

11 അർഹരായ എല്ലാ കർഷകതൊഴിലാളികൾക്കും കർഷകതൊഴിലാളി പെൻഷൻ ലഭ്യമാക്കുന്നില്ല.

12 സ്വയംതൊഴിൽ പദ്ധതി മുഖേനയുള്ള സാമ്പത്തിക സഹായം ലഭിക്കുന്നില്ല.

13 പരമ്പരാഗത തൊഴിലാളികൾക്ക് അസംസ്കൃത സാധനങ്ങൾ ലഭിക്കുന്നില്ല.

14 സൗജന്യമായി ലഭിക്കുന്ന കാർഷിക ഉപകരണങ്ങൾ, വിത്ത്, വളം ആദിയായവ അർഹരായ എല്ലാവർക്കും ലഭിക്കുന്നില്ല.

15 ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ് അനായാസം ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ

1 സ്കൂൾ തലത്തിൽ കുട്ടികൾക്ക് ലംപ്സംഗ്രാൻറും മാസംതോറും സ്റ്റൈഫൻറും ലഭ്യമാക്കുക.

2 ഉപരിപഠനത്തിന് നിലവിലുള്ള സാമ്പത്തിക സഹായം പരിമിതമാണ് അത് വർദ്ധിപ്പിക്കുകയും അത് യഥാസമയങ്ങളിൽ ലഭ്യമാക്കുകയും വേണം.

3 പഞ്ചായത്തിലെ കൃഷിയിടങ്ങളുടെ സർവ്വേനടത്തി അനുയോജ്യമായ കൃഷിചെയ്യുന്നതിനുവേണ്ടി നടപടിയെടുക്കണം.

4 സ്വന്തമായി വീടും സ്ഥലവുമില്ലാത്തവർക്ക് സ്ഥലം വാങ്ങി വീടുവെക്കാനുള്ള സാമ്പത്തിക സഹായം അനുവദിക്കുക.

5 കോളനി റോഡുകളും നിർമ്മിച്ച് വൈദ്യുതിയും ശുദ്ധജലവും അടിയന്തിരമായും എത്തിക്കണം.

6 കക്കൂസില്ലാത്ത എല്ലാ കുടുംബങ്ങൾക്കും പഞ്ചായത്ത് മുഖേന കക്കൂസ് നിർമ്മിച്ച് കൊടുക്കണം.

7 അനുയോജ്യമായ സ്ഥലം കണ്ടെത്തി എല്ലാ വാർഡുകളിലും പൊതു ശ്മശാനം ഉണ്ടാക്കണം.

8 കൈവശ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ലാത്തവരുടെ സർവ്വേ നടത്തി പട്ടയ വിതരണം നടത്താവുന്നതാണ്.

9 എല്ലാ വാർഡിലും പ്രൈമറി ഹെൽത്ത് സെൻറുകളും അനുവദിച്ച് പൊതുജനാരോഗ്യം മെച്ചപ്പെടുത്തേണ്ടതാണ്.

10 നിർദ്ധന കുടുംബങ്ങളിലെ അംഗങ്ങൾക്ക് ചികിൽസക്കായി പഞ്ചായത്ത് മുഖേന ആശ്വാസം നൽകുകയും വിധവകളുടെ മക്കളുടെ വിവാഹത്തിന് ലഭിച്ചുകൊണ്ടിരി ക്കുന്ന തുക വർദ്ധിപ്പിക്കുകയും ഈ തുക പഞ്ചായത്തിലൂടെ ലഭ്യമാക്കുകയും വേണം.

11 കർഷകത്തൊഴിലാളി പെൻഷനുവേണ്ടിയുള്ള മാനദണ്ഡങ്ങൾ ഉദാരവൽക്കരിക്കുകയും 50 വയസിന് മുകളിലുള്ള എല്ലാ കർഷകത്തൊഴിലാളികൾക്കും പഞ്ചായത്തിൽക്കൂടി പെൻഷൻ വിതരണം ചെയ്യുകയും വേണം.

12 സ്വയം തൊഴിൽ പദ്ധതിക്ക് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ ലഘൂ കരിക്കുകയും പട്ടിക വിഭാഗക്കാർക്ക് മൻഗണന നൽകുകയും പലിശ ശതമാനം കുറ ക്കുകയും വേണം.

13 പരമ്പരാഗത തൊഴിൽ ചെയ്യുന്നവർക്ക് കുറഞ്ഞ ചിലവിൽ അസംസ്കൃത സധാന ങ്ങളായ മുള, ഈറ എന്നിവ എത്തിച്ചുകൊടുക്കണം.

14 കൃഷിഭവൻ മുഖേന ലഭിച്ചുകൊണ്ടിരിക്കുന്ന കാഷ്ടികോപകരണങ്ങളും വിത്തും, വളവും, കീടനാശിനികളും അർഹരായ എല്ലാവർക്കും കാലവിളംബം കൂടാതെ ലഭ്യമാക്കണം.

15 ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ് ലഭിക്കുവാൻ വില്ലേജ് ആഫീസിൽ നിന്നും പല സാങ്കേതിക തടസ്സങ്ങളും ഉന്നയിക്കുന്നതിനാൽ അതു് പഞ്ചായത്തു് ആഫീസി ലൂടെ വിതരണം ചെയ്യുവാനുള്ള നടപടി ഉണ്ടാവണം.

പട്ടിക I

പഞ്ചായത്തിലെ പട്ടികജാതി കോളനികൾ.

വാർഡ് നമ്പർ	ക്രമ നമ്പർ	കോളനിയുടെ പേരു്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
I	1	ചേറാടി കോളനി വെസ്റ്റ്	28	142
II	2	ചാങ്ങോലിക്കൽ കോളനി	48	212
	3	ചേറാടി കോളനി ഈസ്റ്റ്	25	135
III	4	വളവുങ്കൽ കോളനി	27	131
	5	കോഴികുന്നം കോളനി	43	164
IV	6	പൊതീപ്പാട് കോളനി	17	111
	7	ആനത്താനി കോളനി	15	107
	8	കുറിഞ്ഞിപ്പുഴ കോളനി	10	65
V	9	മുകുഴി കാട്ടുകല്ലിങ്കൽ കോളനി	15	72
	10	മുകുഴി അഞ്ചുസെൻറ് കോളനി	16	79

VI	11	കടവുപുഴ കോളനി	15	69
	12	ചെങ്ങറ കോളനി	10	49
VII	13	എലക്കുളം സെറ്റിൽമെന്റ് കോളനി	25	148
	14	കാഞ്ഞിരപ്പാറ കോളനി	26	133
VIII	15	പ്രിയദർശിനി സെറ്റിൽമെന്റ് കോളനി, വെട്ടൂർ	12	65
	16	മുട്ടമൺ പടിഞ്ഞാറ്റുംകര കോളനി	10	59
IX	17	വെട്ടൂർ കിഴക്ക് ഹരിജൻ കോളനി	13	56
	18	വടക്കുപുറം ഹരിജൻ കോളനി	14	64

പട്ടിക II

ക്രമ നമ്പർ	കോളനിയുടെ പേരു്	വീടിന്റെസ്വഭാവം			ആവശ്യമുള്ള വീടുകളം	കക്കൂസ് വേണ്ടാത്തവർ	കക്കൂസ് വേണ്ടാത്തവർ
		കോൺക്രീറ്റ്	ഓട്	ഓല			
1	ചേറാടി കോളനി വെസ്റ്റ്	1	22	5	5	6	22
2	ചാങ്ങോലിക്കൽ കോളനി	—	28	20	20	10	38
3	ചേറാടി കോളനി ഈസ്റ്റ്	—	16	9	9	2	23
4	വളവുങ്കൽ കോളനി	—	18	9	9	3	24
5	കോഴിക്കുന്നം കോളനി	—	20	23	23	5	38
6	പൊതീപ്പാട് കോളനി	—	10	7	7	2	15
7	ആനത്താനി കോളനി	—	10	5	5	—	15
8	കുറിഞ്ഞിപ്പുഴ കോളനി	—	5	5	5	—	10
9	മുക്കുഴി കാട്ടുകല്ലുങ്കൽ കോളനി	2	8	5	5	3	12
10	മുക്കുഴി അഞ്ചുസെന്റുകോളനി	—	10	6	6	1	15
11	കടവുപുഴ കോളനി	—	10	5	5	3	12
12	ചെങ്ങറ കോളനി	—	6	4	4	2	8
13	എലക്കുളം സെറ്റിൽമെന്റ് കോളനി	—	18	7	7	6	19
14	കാഞ്ഞിരപ്പാറ കോളനി	—	20	6	6	4	22
15	പ്രിയദർശിനി സെറ്റിൽമെന്റുകോളനി വെട്ടൂർ	—	6	6	6	2	10
16	മുട്ടമൺ പടിഞ്ഞാറെക്കര കോളനി	—	8	2	2	2	8
17	വെട്ടൂർ കിഴക്ക് ഹരിജൻ കോളനി	—	9	4	4	—	13
18	വടക്കുപുറം ഹരിജൻ കോളനി	—	9	5	5	2	12

പട്ടിക III

വാർഡ് നമ്പർ	ക്രമ നമ്പർ	കോളനിയുടെ പേര്	ഗതാഗത യോഗ്യം	കടി വെള്ളം	വൈദ്യുതി ഉള്ള കുടും ബങ്ങളം	വൈദ്യുതി ഇല്ലാത്ത കുടുംബ:	കക്കൂസ്	ററി.വി. സെന്റർ
I	1	ചേറാടി കോളനി വെസ്റ്റ്	അല്ല	ഇല്ല	12	16	ഇല്ല	ഇല്ല
II	2	ചാങ്ങോലിക്കൽ കോളനി	അല്ല	ഇല്ല	10	38	ഇല്ല	ഇല്ല
	3	ചേറാടി കോളനി ഈസ്റ്റ്	അല്ല	ഇല്ല	ഇല്ല	25	ഇല്ല	ഇല്ല
III	4	വളവുങ്കൽ കോളനി	അല്ല	ഇല്ല	3	24	ഇല്ല	ഇല്ല
	5	കോഴികുന്നം കോളനി	അല്ല	ഇല്ല	23	25	ഇല്ല	ഇല്ല
IV	6	പൊതീപ്പാട് കോളനി	ഉണ്ട്	ഇല്ല	ഇല്ല	17	ഇല്ല	ഇല്ല
	7	ആനത്താനി കോളനി	ഉണ്ട്	ഇല്ല	ഇല്ല	15	ഇല്ല	ഇല്ല
	8	കുറിഞ്ഞിപ്പുഴ കോളനി	ഉണ്ട്	ഇല്ല	ഇല്ല	10	ഇല്ല	ഇല്ല
V	9	മുക്കുഴി കാട്ടുകല്ലുങ്കൽ കോളനി	ഉണ്ട്	ഇല്ല	10	5	ഇല്ല	ഇല്ല
	10	മുക്കുഴി അഞ്ചുസെൻറുകോളനി	ഉണ്ട്	ഇല്ല	10	6	ഇല്ല	ഇല്ല
VI	11	കടവുപുഴ കോളനി	ഉണ്ട്	ഉണ്ട്	ഇല്ല	15	ഇല്ല	ഇല്ല
	12	ചെങ്ങറ കോളനി	ഉണ്ട്	ഇല്ല	5	5	ഇല്ല	ഇല്ല
VII	13	ഏലക്കുളംസെറ്റിൽമെൻറുകോ:	ഉണ്ട്	ഇല്ല	5	20	ഇല്ല	ഇല്ല
	14	കാഞ്ഞരപ്പാറ കോളനി	ഉണ്ട്	ഇല്ല	11	15	ഇല്ല	ഇല്ല
VIII	15	പ്രിയദർശിനി സെറ്റിൽമെൻറ് കോളനി വെട്ടൂർ	ഇല്ല	ഇല്ല	ഇല്ല	12	ഇല്ല	ഇല്ല
	16	മുട്ടമൺപടിഞ്ഞാറേക്കര കോ:	ഉണ്ട്	ഇല്ല	5	5	ഇല്ല	ഇല്ല
IX	17	വെട്ടൂർ കിഴക്ക് ഹരിജൻ കോ:	ഉണ്ട്	ഇല്ല	8	5	ഇല്ല	ഇല്ല
	18	വടക്കുപുറം ഹരിജൻ കോളനി	ഉണ്ട്	ഇല്ല	4	10	ഇല്ല	ഇല്ല

സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക പദവി

മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽ ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടെ എണ്ണത്തേക്കാൾ കുറവായിരുന്നു. സ്ത്രീകൾ അക്കാലത്ത് പുരുഷന്മാരോടൊപ്പം എല്ലാവിധ കൃഷിപ്പണികളിലും സജീവമായി പങ്കെടുത്തിരുന്നു. കുടുംബവരുമാനത്തിന്റെ ഒരു നല്ലപങ്ക് സ്ത്രീകളുടെ അദ്ധ്വാനം മൂലമാണ് ലഭിച്ചിരുന്നത്. എന്നാൽ വിദ്യാഭ്യാസം നേടുന്നതിനുള്ള യാതൊരു സൗകര്യവും ഗ്രാമത്തിൽ ഉണ്ടായിരുന്നില്ല. 1091 ൽ ആദ്യമായി ഒരു ഗവൺമെന്റ് പ്രൈമറി വിദ്യാലയം ഇവിടെ ഉണ്ടായതിനുശേഷമാണ് നാട്ടിൽ കുട്ടികൾക്ക് പഠിക്കാൻ സൗകര്യം ഉണ്ടായത്. അക്കാലത്തും പെൺകുട്ടികൾ വളരെ കുറച്ചുമാത്രമേ സ്കൂളിൽ പോയിരുന്നുള്ളൂ. ആ സാഹചര്യത്തിലും പിന്നോക്ക ജാതിക്കാരിലും ഹരിജനങ്ങളിലുംപെട്ട പെൺകുട്ടികൾക്ക് സ്കൂളിൽ പഠിക്കുവാൻ സമൂഹം തടസമായിരുന്നു. സാമൂഹ്യപുരോഗതിയോടൊപ്പം ഗ്രാമത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണം വർദ്ധിക്കുകയും കൂടുതൽ പെൺകുട്ടികൾക്ക് പഠിക്കുവാൻ സാഹചര്യം ഉണ്ടാകുകയുംചെയ്തു.

1953 ൽ പഞ്ചായത്തുഭരണം നിലവിൽ വന്നപ്പോഴും അതിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം ഉണ്ടായിരുന്നില്ല. 1964 ൽ നിലവിൽവന്ന പഞ്ചായത്ത് ഭരണസമിതിയിൽ ഒരു സ്ത്രീയെ നാമനിർദ്ദേശം ചെയ്യുന്നതിന് വ്യവസ്ഥയുണ്ടായിരുന്നു. പിന്നീട് 1979 ലെ തെരഞ്ഞെടുപ്പിൽ ഒരു സ്ഥാനവും 1938 ലെ തെരഞ്ഞെടുപ്പിൽ രണ്ട് സ്ഥാനങ്ങളും 1995 ലെ തെരഞ്ഞെടുപ്പിൽ മൂന്നു സ്ഥാനങ്ങളും സംവരണംചെയ്തു. ഇപ്പോൾ പഞ്ചായത്തിന്റെ പ്രസിഡന്റ് സ്ഥാനവും വനിതയ്ക്കു സംവരണം ചെയ്തിരിക്കുന്നു.

ഇന്നും വനിതകളുടെ സാമൂഹ്യരംഗത്തുള്ള പദവി പുരുഷന്മാക്കൊപ്പം എത്തിയിട്ടില്ല. പൊതുരംഗത്ത് സ്ത്രീകളുടെ സ്ഥാനവും പങ്കാളിത്തവും മെച്ചപ്പെട്ടെങ്കിൽ മാത്രമേ നമ്മുടെ പഞ്ചായത്തിന് സാമൂഹ്യപുരോഗതി നേടാൻ കഴിയുകയുള്ളൂ.

1991 ലെ സെൻസസ് അനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 17923 ആണ്. ഇതിൽ 4280 പേർ സ്ത്രീകളാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലംകൊണ്ട് ജനസംഖ്യ 20100 ആയി വർദ്ധിച്ചിട്ടുണ്ട്. അതിൽ 10452 പേരും സ്ത്രീകളാണ്. ജനസംഖ്യയിൽ 52% സ്ത്രീകളാണ്.

ഇന്ന് പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിയിലും സ്ത്രീകളാണ് മുൻപന്തിയിൽ. ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്ന 2256 കുട്ടികളിൽ 1137 പേർ പെൺകുട്ടികളാണ്. ഇതിൽ പഞ്ചായത്ത് ഹൈസ്കൂളിലെ 454 കുട്ടികളിൽ 228 പേർ പെൺകുട്ടികളാണ്. ആകെയുള്ള 345 പട്ടികജാതി വിദ്യാർത്ഥികളിൽ 183 പേരാണ് പെൺകുട്ടികൾ.

1991 ലെ സെൻസസ് പ്രകാരം 9280 സ്ത്രീകളിൽ 7574 പേരും സാക്ഷരരാണ്. സാക്ഷരരായ പുരുഷന്മാരുടെ എണ്ണത്തേക്കാൾ 290 പേർ കൂടുതൽ. ഗ്രാമപഞ്ചായത്തിൽ

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒന്നും ഇല്ല. അത് സ്ത്രീകളുടെ തൊഴിൽ, സാമ്പത്തിക പുരോഗതി ഇവയെ കാര്യമായി ബാധിച്ചിട്ടുണ്ട്.

ജനസംഖ്യയിൽ പകുതിയിലധികം വരുന്ന സ്ത്രീകളിൽ നല്ല ഒരു വിഭാഗം കഠിന രോഗങ്ങളും മാരകരോഗങ്ങളും മൂലം കഷ്ടപ്പെടുന്നവരാണ്. സ്ത്രീകൾക്കാവശ്യമായ ചികിത്സ ലഭിക്കുന്നതിനു പര്യാപ്തമായ ആരോഗ്യകേന്ദ്രങ്ങളും ഗ്രാമത്തിൽ ഇല്ല. നാലാം ഗ്രാമത്തിൽ പ്രവർത്തിക്കുന്ന P H C-ൽ ചികിൽസക്കാവശ്യമായ സംവിധാനങ്ങളും ഇല്ല. ഇതിനായി ഇപ്പോഴുള്ള ആശുപത്രിയിൽ കൂടുതൽ സൗകര്യങ്ങളും ഏർപ്പെടുത്തുക അനിവാര്യമാണ്.

കാർഷികമേഖലയിൽ ജോലിചെയ്യുന്ന ഒരു വിഭാഗം സ്ത്രീകളും പഞ്ചായത്തിന്റെ എല്ലാഭാഗത്തും ഉണ്ട്. എന്നാൽ അവർക്ക് പുരുഷന്മാർക്ക് ലഭിക്കുന്നത്ര കൂലിയില്ല, പുരുഷന്മാരായ കർഷകത്തൊഴിലാളികൾക്ക് 100 രൂപവരെ കിട്ടുമ്പോൾ സ്ത്രീകൾക്ക് കിട്ടുന്നത് 75 രൂപാ മാത്രമാണ്. നിർമ്മാണതൊഴിലാളികളുടെ കൂലിയിനത്തിലും വളരെ വ്യക്തമായി കാണാൻ കഴിയും.

സാധാരണ കുടുംബജോലികളും കൂടാതെ വീട്ടിൽതന്നെ മറുജോലികളിൽ ഏർപ്പെടുന്ന സ്ത്രീകളും പഞ്ചായത്തിൽ ധാരാളമുണ്ട്. കന്നുകാലിവളർത്തൽ, തയ്യൽ, പച്ചക്കറികൃഷി വിറകുശേഖരണം മുതലായവ. (പട്ടിക 1 നോക്കുക)

പുരുഷന്മാരുടെ മദ്യപാനംമൂലം ദുരിതമനുഭവിക്കുന്ന സ്ത്രീകളും ഇവിടെ ധാരാളമുണ്ട്. സ്ത്രീധനം കൊടുക്കാൻ കഴിയാത്തതുമൂലം വിവാഹം നടത്തുവാൻ കഴിയാത്ത സാഹചര്യവും വിരളമല്ല.

സ്ത്രീകൾക്ക് സാമൂഹ്യസാംസ്ക്കാരികരംഗത്ത് പ്രവർത്തിക്കുന്നതിനുള്ള സൗകര്യം കുറവാണ്. സാമൂഹ്യപ്രവർത്തനത്തിനാവശ്യമായ പരിശീലനസൗകര്യം വേണ്ടത്ര ഇല്ലാ എന്നതും വലിയ പോരായ്മതന്നെയാണ്.

പട്ടിക 1

തൊഴിൽമേഖല	സ്ത്രീകളുടെ എണ്ണം	പുരുഷന്മാരുടെ എണ്ണം
കാർഷികമേഖലയിലെ കൃഷിക്കാർ	147	1685
കർഷകത്തൊഴിലാളി	227	906
മൃഗസംരക്ഷണം	326	626
ചെറുകിട വ്യവസായം	—	53
കെട്ടിടനിർമ്മാണം	3	91
ഗതാഗതം, വാർത്താവിനിമയം	37	412
വ്യാപാരം	6	127
മറ്റ് മേഖലകളും	262	361

(1991 ലെ സെൻസസ്)

തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണെന്നസത്യം പട്ടിക പരിശോധിച്ചാൽ ബോധ്യമാകുന്നതാണ്. മൃഗസംരക്ഷണം, ചെറുകിടവ്യവസായം, സ്വയം തൊഴിൽ സംരംഭങ്ങൾ, അടുക്കളത്തോട്ടം നിർമ്മാണം, കോഴിവളർത്തൽ ആദിയായ മേഖലകളിൽ സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കിയാൽ ഇതിന് ഒട്ടൊക്കെ പരിഹാരം കാണാൻകഴിയും. ഇതിനാവശ്യമായ വിദ്യാഭ്യാസവും സംഘടിത പ്രസ്ഥാനവും പഞ്ചായത്തിലെ വനിതകൾ ഇന്ന് ആർജ്ജിച്ചിട്ടുണ്ട്.

മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽ 22 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 44 സ്ത്രീകൾ ജോലിക്കാരായുണ്ട്. എന്നാൽ അവരുടെ വേതനനിരക്ക് വളരെ തുച്ഛമാണ്. ഈ സ്ഥാപനങ്ങളിൽ പഠിക്കുന്ന 1000—ൽ പരം കുട്ടികൾക്കാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒട്ടും തൃപ്തികരമല്ല. മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും വേണ്ടത്ര പോഷകാഹാരം ലഭിക്കുന്നില്ല. അംഗൻവാടികളെ സംബന്ധിച്ച വിവരം പട്ടിക 2—ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2

1	പഞ്ചായത്തിലെ ആകെ ജനസംഖ്യ	20100
	a) പുരുഷന്മാർ	9653
	b) സ്ത്രീകൾ	10447
2	പട്ടികജാതി ജനസംഖ്യ	1507
3	അങ്കണവാടികളുടെ എണ്ണം	22
4	a) ഒരുവയസിനുതാഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം	213
	b) 1—2 വയസുവരെ പ്രായമുള്ള കുട്ടികളുടെ എണ്ണം	206
	c) 2—3 വരെ വയസു പ്രായമുള്ള കുട്ടികളുടെ എണ്ണം	218
	d) 3—5 വരെ വയസു പ്രായമുള്ള കുട്ടികളുടെ എണ്ണം	446
5	ആകെ ഗർഭിണികളുടെ എണ്ണം	92
6	മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം	94
7	കഴിഞ്ഞ വർഷത്തെ ആകെ ജനനങ്ങൾ	156
8	a) അനുപൂരകപോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം	764
	b) അനുപൂരകപോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം	80
	c) അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാർ	84

(അവലംബം ദ്വിതീയ വിവരം)

ആകെ 5 അംഗൻവാടികൾക്ക് മാത്രമേ സ്വന്തം കെട്ടിടം ഉള്ളൂ.

പഞ്ചായത്തിലെ പ്രൈമറിസ്കൂളുകളിലും ഹൈസ്കൂളിലുമായി ആകെ 98 അദ്ധ്യാപകരുള്ളതിൽ 82 പേർ സ്ത്രീ അദ്ധ്യാപികമാരാണ്. ഈ സ്കൂളുകളിൽ അത്യാവശ്യം വേണ്ട മൂത്രപ്പുരകളോ കക്കൂസുകളോ ഇല്ലാത്ത അവസ്ഥയാണ് ഇന്നുള്ളത്.

സ്ത്രീകളും കുടുംബനാഥകളായുള്ള കുറെ കുടുംബങ്ങളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. കുടുംബ സംരക്ഷണത്തിന് വളരെയധികം സാമ്പത്തിക പ്രയാസം അവർക്ക് നേരിടേണ്ടതായുണ്ട്. ഇവരിൽ അധികവും തൊഴിൽ രഹിതരാണ്. വിധവാ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണവും കുറവാണ്. ആകെ പേർക്കാണ് ഇപ്പോൾ വിധവാ പെൻഷൻ ലഭിക്കുന്നത്. ഇവരുടെ ജീവിത സാഹചര്യങ്ങളും പ്രത്യേകമായി അന്വേഷിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതാണ്.

പ്രശ്നങ്ങൾ

1 കുടുംബപരമായ ജോലിഭാരവും മറ്റ് അനുബന്ധ ജോലികളിലും ഏർപ്പെടുന്നതുമൂലം സ്ത്രീകൾക്ക് ജോലിഭാരം വർദ്ധിക്കുന്നു. അതിനാൽ പൊതുരംഗങ്ങളിലും സാമൂഹ്യസേവനങ്ങളിലും പ്രവർത്തിക്കാൻ അവർക്ക് സമയം കിട്ടുന്നില്ല.

2 സാങ്കേതിക വിദ്യാഭ്യാസത്തിനും തൊഴിൽ ചെയ്യുന്നതിനും നമ്മുടെ സ്ത്രീകൾക്ക് പഞ്ചായത്തിൽ ആവശ്യമായ സൗകര്യങ്ങളൊന്നും ഇല്ല.

3 സാമൂഹ്യ രംഗത്തു പ്രവർത്തിക്കുന്നതിനു തയ്യാറുള്ള സ്ത്രീകൾക്ക് വേണ്ടത്ര പരിശീലനം ലഭ്യമല്ല.

4 വിവിധ തൊഴിൽ മേഖലയിൽ സർക്കാർ തലത്തിൽ നൽകുന്ന പരിശീലന പരിപാടികളിൽ വനിതകൾക്ക് വേണ്ടത്ര അവസരം ലഭിക്കുന്നില്ല.

5 സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനു സ്ത്രീകൾ സാമ്പത്തികമായി വിഷമിക്കുന്നു.

6 തൊഴിൽ നിയമങ്ങളെക്കുറിച്ച് കൂടുതൽ സ്ത്രീകളും അജ്ഞരാണ്.

7 പുരുഷന്മാരും സ്ത്രീകളും ചെയ്യുന്ന ഒരേ രീതിയിലുള്ള തൊഴിലിനു വ്യത്യസ്ത രീതിയിലാണ് കൂലികിട്ടുന്നത്.

8 സ്ത്രീകൾക്കുവേണ്ടിയുള്ള തൊഴിൽ മേഖലകളുടെ അഭാവം.

9 വിധവകളായ സ്ത്രീകൾ നേരിടുന്ന സാമ്പത്തികപ്രശ്നം അവരുടെ പെൺകുട്ടികളെ വിവാഹത്തിനു നേരിടുന്ന സാമ്പത്തികപ്രയാസം.

10 പതിവായി അടുക്കള ജോലി ചെയ്യുന്ന സ്ത്രീകൾ പുക ഏല്ക്കുന്നതു മൂലം പല രോഗങ്ങൾക്കും ഇരയാകുന്നു.

11 ചികിത്സാ സൗകര്യങ്ങളുള്ള ആരോഗ്യകേന്ദ്രങ്ങളുടെ കുറവ്.

12 കാർഷിക രംഗത്ത് നെൽകൃഷിയും മറ്റു കൃഷികളും കുറഞ്ഞുവന്നതുമൂലം കാർഷിക മേഖലയിൽ സ്ത്രീകൾക്ക് ജോലി കുറവാണ്.

13 കാലിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് ചെലവ് കൂടുതലും വരുമാനം കുറവുമാണ്.

14 സ്ത്രീകൾക്ക് ചെയ്യുവാൻ കഴിയുന്ന ചെറുകിട വ്യവസായങ്ങൾ വളരെ കുറവാണ്.

15 അങ്കണവാടികളിലെ അദ്ധ്യാപകരുടെ ശമ്പളം തുച്ഛമാണ്.

16 അങ്കണവാടികളിലും പ്രൈമറിസ്കൂളുകളിലും പ്രാഥമിക സൗകര്യങ്ങൾ ഇല്ല.

17 5 അങ്കൺവാടികൾക്കുമാത്രമേ സ്വന്തമായി കെട്ടിടം നിർമ്മിച്ചിട്ടുള്ളൂ.

18 അർഹമായ പല വിധവകൾക്കും വിധവാപെൻഷൻ ലഭിച്ചിട്ടില്ല.

പരിഹാരനിർദ്ദേശങ്ങൾ.

1 അടുക്കളജോലിയുടെ ഭാരം കുറയ്ക്കുന്നതിന് പുകയില്ലാത്ത അടുപ്പും മറ്റ് ആധുനിക പാചക സൗകര്യങ്ങളും ഉണ്ടാകണം.

2 പൊതുരംഗത്തും സാമൂഹ്യമേഖലകളിലും പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് ആവശ്യമായ പരിശീലനം നൽകണം.

3 സ്ത്രീകൾക്കായുള്ള സാങ്കേതിക തൊഴിൽ പരിശീലനവും അവസരങ്ങളും വർദ്ധിപ്പിക്കാൻ കഴിയണം.

4 വനിതകളുടെ തൊഴിൽ വർദ്ധിപ്പിക്കുന്നതിന് കാലിവളത്തൽ, കോഴിവളർത്തൽ, അടുക്കളത്തോട്ടം നിർമ്മണം, കറിപൗഡർ നിർമ്മാണം, ഹോം നേഴ്സിംഗ്, ബാഗ് നിർമ്മാണം, മുതലായകാര്യങ്ങളിൽ പരിശീലനം നടത്തുക. ഇവയ്ക്കാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണം.

5 ഇപ്പോൾ മലയാലപ്പുഴയിലുള്ള P H. C. സെൻറർ Mother P. H. C ആക്കി ഉയർത്തുക. ശിശുസംരക്ഷണം സ്ഥാപിക്കുക.

6 കാലിവളർത്തലിൽ നിന്നുമുള്ള ആദായം വർദ്ധിപ്പിക്കുന്നതിന് മെച്ചപ്പെട്ട കാലികളെ നൽകുകയും ചെലവുകുറഞ്ഞ രീതിയിൽ തീറ്റനിർമ്മിക്കുന്നതിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

7 സ്ത്രീകൾക്കായി ചെറുകിട വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിൽ സ്ഥാപിക്കണം.

8 അങ്കണവാടികളിലെ അദ്ധ്യാപികമാർക്ക് പുതിയ ശമ്പളസ്കെയിലും മറ്റ് ആനുകൂല്യങ്ങളും നൽകുക.

9 പഞ്ചായത്തിലെ എല്ലാ പ്രൈമറിസ്കൂളുകളിലും അങ്കണവാടികളിലും പ്രാഥമിക സൗകര്യങ്ങൾ അനിവാര്യമാണ്.

10 സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം ഉണ്ടാകണം.

11 അർഹരായ വിധവകളെ തെരഞ്ഞെടുത്ത് മുൻഗണനാക്രമത്തിൽ വിവിധ ആനുകൂല്യങ്ങൾ നൽകണം.

12 വിവാഹംകഴിക്കുന്നതിന് സാമ്പത്തിക വിഷമം അനുഭവിക്കുന്ന പെൺകുട്ടികൾക്ക് ആവശ്യമായ സാമ്പത്തികസഹായം ലഭ്യമാക്കണം.

13 കായികപരിശീലനത്തിന് അവസരം നൽകുക.

14 മഹിളാസമാജങ്ങളുടെ പ്രവർത്തനം പഞ്ചായത്തുതലത്തിൽ ഏകോപിപ്പിക്കുക.

15 സ്ത്രീധനം വാങ്ങാതെ വിവാഹം കഴിക്കാൻ സന്നദ്ധതയുള്ള യുവാക്കളുടെ സംഘടന രൂപീകരിക്കണം.

16 വെട്ടൂരിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഗാന്ധിസ്മാരക വ്യവസായ യൂണിറ്റിന്റെ പ്രവർത്തനം പുനരുദ്ധരിക്കണം.

17 വെട്ടൂർപ്രദേശത്തുള്ള ആളുകളുടെ സൗകര്യം പ്രമാണിച്ച് ഒരു പുതിയ P H സെൻറർ ഉണ്ടാകണം.

18 തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിന് അതാതു് തൊഴിൽ മേഖലകളിൽ ക്രഷുകൾ സ്ഥാപിക്കണം.

19 ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനാവശ്യമായ ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

20 അങ്കണവാടി കേന്ദ്രീകരിച്ച് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഉണ്ടാകണം.

21 മലയാലപ്പുഴ ദേവീക്ഷേത്ര പരിസരത്ത് സ്ത്രീകൾക്ക് വെയിറ്റിംഗ്ഷെഡും കംഫർട്ട് സ്റ്റേഷനും ഉണ്ടാകണം.

22 സമ്പൂർണ മദ്യനിരോധനം ഏർപ്പെടുത്തുക.

23 തുല്യജോലിക്ക് തുല്യവേതനം നടപ്പിലാക്കുക.

24 പഞ്ചായത്തിലെ ഹൈസ്കൂളിൽ പെൺകുട്ടികൾക്കുവേണ്ടി കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന് സൗകര്യം ഉണ്ടാക്കുക.

25 പഞ്ചായത്തിലെ അങ്കണവാടികളുടെയും മഹിളാസമാജങ്ങളുടെയും പ്രവർത്തനത്തിന് പഞ്ചായത്ത് മേൽനോട്ടം വഹിക്കണം.

ജനകീയ ആസൂത്രണ പരിപാടിയുടെ വിജയകരമായ നടത്തിപ്പിന് സ്ത്രീകളുടെ സജീവമായ പങ്കാളിത്തം ആവശ്യമാണ്. അങ്ങനെ ഒരു സാമൂഹ്യമാറ്റത്തിനുവേണ്ടി അവർ തങ്ങളുടെ ഉത്തരവാദിത്വം നിർവഹിക്കേണ്ടതാണ്.

4.10

സംസ്ക്കാരം

അച്ചൻകോവിലാറും കാല്ലാറും സമീപഗ്രാമങ്ങളും അതിരൊരുക്കുന്ന മലയാലപ്പുഴക്ക് അതിപുരാതനമായ ഒരു സാംസ്ക്കാരിക പാരമ്പര്യമാണ് ഉള്ളത്. കിഴക്കൻ ചക്രവാളങ്ങൾക്ക് പ്രാരംഭം കുറിക്കുന്ന ഈ മലയോരഗ്രാമത്തിൽ കുടിയിടങ്ങളും കെട്ടി കുടിപാർപ്പു തുടങ്ങിയിട്ട് മൂവായിരത്തിലധികം വർഷങ്ങളായിക്കാണുമെന്ന് ന്യായമായും കണക്കാക്കപ്പെട്ടിരിക്കുന്നു. കാടുവെട്ടിത്തെളിച്ച് വന്യമൃഗങ്ങളോട് മല്ലടിച്ച് കൃഷിയിടങ്ങളും ഒരുക്കിയ കാരണവന്മാർ കരുത്തിന്റെ പ്രതിരൂപങ്ങളായിരുന്നു. തല്ലാനും കൊല്ലാനും വരെ അധികാരമുണ്ടായിരുന്ന സവർണ്ണ നാടുവാഴി പ്രഭുക്കന്മാരുടെ അധികാരദുരക്കെതിരെ ചെറുത്തുനില്പിനു് ഒരുമ്പെട്ടപ്പോഴൊക്കെ നമ്മുടെ പൂർവ്വികന്മാർക്ക് ഉണ്ടായ തിക്താനുഭവങ്ങളുടെയും ഇക്കാര്യത്തിൽ അവർ അനുക്രമം കൈവരിച്ച നേട്ടങ്ങളുടെയും പട്ടികചേർത്ത് കരുപ്പിടിപ്പിച്ച ചരിത്രം നമ്മുടെ സാംസ്ക്കാരിക പൈതൃകത്തെ വർണ്ണോജ്ജ്വലമാക്കുന്നു. രാജഭരണത്തിനും ബ്രിട്ടീഷ് ആധിപത്യത്തിനു മെതിരെ സംഘടിപ്പിക്കപ്പെട്ട പോരാട്ടങ്ങളിൽ അണിചേർന്ന കാലഘട്ടം ആവശ്യപ്പെട്ട ചരിത്രപരമായ കടമ നിറവേറ്റുന്നതിൽ അലംഭാവം അല്പവും കാണിച്ചിട്ടില്ലാത്തവരാണ് നമ്മുടെ പൂർവ്വികർ.

പിന്നിട്ട കാലഘട്ടത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോഴും നാം എത്തിനിൽക്കുന്ന സംസ്ക്കാരികപശ്ചാത്തലത്തിന് പല ഉറവിടങ്ങളും കാണാം. അവയിൽ പ്രഥമപ്രധാനം വിദ്യാദാനം തന്നെ. തീണ്ടലും തൊടീലും നിലനിന്നിരുന്ന കാലത്തുതന്നെ നമ്പൂതിരിയില്ലങ്ങളിൽ പലതും അനൗപചാരിക വിദ്യാദാന കേന്ദ്രങ്ങളായിരുന്നു എന്നുകാണാം. നിറവാർന്ന സംസ്കൃത പാണ്ഡിത്യത്തിന്റെ ഭണ്ഡാരപ്പുരകളും ആഗ്രഹിച്ച് എത്തിയവരെ തുറന്നുകാണിച്ചു കൊടുക്കാനും അവിടെനിന്നും അമൂല്യരത്നങ്ങളും ആകാവുന്നത്രശേഖരിക്കുന്നതിന് അത്ഥിക്ക് അവസരം നൽകാനും ആ പണ്ഡിതവരേണ്യർ കാണിച്ച ഹൃദയവിശാലതയുടെ ആഴവും പരപ്പും അളവറ്റതുതന്നെ. നാല്പതുകളിലും അൻപതുകളുടെ ആദ്യഘട്ടങ്ങളിലും സ്വാതന്ത്ര്യപ്രേമികളും ദേശീയബോധ പ്രചോദിതരുമായ ഒരുപറ്റം ചെറുപ്പക്കാർ രാഷ്ട്രഭാഷയായഹിന്ദി പഠിക്കാനും പഠിപ്പിക്കാനും നിതാന്തജാഗ്രത പുലർത്തിയിരുന്നതും അനൗപചാരിക വിദ്യാഭ്യാസം തന്നെയായിരുന്നു.

കൊല്ലവർഷം 1091 ൽ ആരംഭിച്ച പ്രൈമറിസ്ക്കൂൾ ആയിരുന്ന മലയാലപ്പുഴയിലെ ആദ്യത്തെ ഔപചാരിക വിദ്യാലയം. മലയാലപ്പുഴ ഗവൺമെൻറ് എൽ.പി. സ്കൂൾ എന്ന പേരിൽ ഇന്നും ഈ സ്ഥാപനം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 1936 ൽ മലയാപ്പുഴ ക്ഷേത്രത്തിന് സമീപം ആദ്യത്തെ മിഡിൽസ്കൂൾ സ്ഥാപിതമായി. 1966 ൽ ആണ് ആദ്യമായി മലയാലപ്പുഴയിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിതമായത്. സാമാന്യം പ്രച്ചപ്പെട്ട നിലവാരം പുലർത്തിവരുന്ന ഈ സ്ക്കൂൾ പഞ്ചായത്തിന്റെ മാനേജ്മെൻറിലുള്ളതും ഇന്നും പഞ്ചായത്തിലെ ഏറ്റവും ഉയർന്ന വിദ്യാഭ്യാസ സ്ഥാപനവുമാണ്. ഈ സ്ക്കൂൾ അനുവദിച്ചുകിട്ടുന്നതുവരെ ഇവിടെനിന്നും കുട്ടികൾ പത്തനംതിട്ട, മൈലപ്ര, കുമ്പളാംപൊയ്ക, അട്ടച്ചാക്കൽ തുടങ്ങിയ സ്ഥലങ്ങളിൽ പോയാണ് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയിരുന്നത്. ഇന്ന് ഈ പഞ്ചായത്തിൽ 22 അങ്കൺവാടികളും, 3 ബാലവാടികളും, 9 എൽ. പി. സ്ക്കൂളുകളും, 3 യു. പി. സ്ക്കൂളുകളും, ഒരു ഹൈസ്ക്കൂളും പ്രവർത്തിക്കുന്നു.

സാംസ്ക്കാരിക പുരോഗതിക്ക് ഗണ്യമായ സംഭാവനചെയ്ത മഹത്തായ സ്ഥാപനങ്ങളാണ് ഗ്രന്ഥശാലകളും, മലയാലപ്പുഴ ക്ഷേത്രത്തിനു സമീപം പ്രൈമറിസ്ക്കൂളിനോടനുബന്ധിച്ച് ഗവൺമെൻറുടമയിൽ പ്രവർത്തിച്ചിരുന്ന വായനശാലയാണ് ഈ ഗ്രാമത്തിലെ ആദ്യത്തെ ഗ്രന്ഥശാല. 1950 മുതൽ ഗ്രാമസേവിനിഗ്രന്ഥ ശാലയുടെ പ്രവർത്തനം തുടങ്ങി. സർക്കാർ വായനശാല വക 750 ൽ പരം പുസ്തകങ്ങളും, ഉപകരണങ്ങളും ഈ ഗ്രന്ഥശാലക്ക് സംഭാവനയായി ലഭിച്ചു. ശ്രീ കുഴിക്കാട്ട് ശ്രീധരൻ നായർ സൗജന്യമായി നൽകിയ സ്ഥലത്ത് നാട്ടുകാരിൽനിന്നും സംഭാവന പിരിച്ചും. പൊതുപ്രവർത്തകർ ശ്രമദാനം ചെയ്തും കോന്നി എൻ. ഈ. എസ്. ബ്ലോക്കിന്റെ സഹായത്തോടെയും 1958 ൽ വായനശാലക്ക് സ്വന്തം കെട്ടിടം ഉണ്ടായി. പ്രവർത്തനരഹിതമായി കിടന്നിരുന്ന ഈ സ്ഥാപനം അറ്റകുറ്റപണികൾ നടത്തി പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള പരിശ്രമങ്ങൾ നടന്നുവരുന്നു. ശ്രീ റവ. എൻ. നാണുനായർ സംഭാവന ചെയ്ത സ്ഥലത്ത് എൻ ഈ. എസ്. ബ്ലോക്കിന്റെ സഹായത്തോടെ നാട്ടുകാർ നിർമ്മിച്ച വായനശാലയാണ് വെട്ടൂർ ദേശീയവായനശാല. പ്രവർത്തനമില്ലാതെ കിടന്നിരുന്ന ഈ വായനശാലയുടെ കെട്ടിടത്തിലാണ് ഇപ്പോൾ ഗവൺമെൻറ് ആയുർവ്വേദ ആശുപത്രി പ്രവർത്തിക്കുന്നത്.

അടുത്തകാലത്ത് വായനശാലയുടെ പ്രവർത്തനം വാടക കെട്ടിടത്തിൽ ആരംഭിച്ച് പുനരുദ്ധാരണ ശ്രമങ്ങൾ നടത്തിവരുന്നു. സ്വന്തംസ്ഥലവും കെട്ടിടവുമുള്ള മറ്റൊരുസ്ഥാപനമാണ് പൊതീപ്പാട് ലാൽബഹദൂർഗ്രന്ഥശാല. നടത്തിപ്പ് താരതമ്യേന മെച്ചമാണെങ്കിൽത്തന്നെ പ്രവർത്തനം കാര്യക്ഷമമല്ല. ഇലക്കുളംപുലരിഗ്രന്ഥശാല വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഇതിന്റെയും പ്രവർത്തനംമെച്ചമല്ല. പഞ്ചായത്തിലെ നാലു വായനശാലകളിൽ ലാൽബഹദൂർ, പുലരി എന്നിവയ്ക്കുമാത്രമെ ഗ്രന്ഥശാലാസംഘത്തിന്റെ ഗ്രാന്റ് ലഭിക്കുന്നുള്ളൂ. ഗ്രാമസേവിനിഗ്രന്ഥശാലക്ക് വീണ്ടും അഫിലിയേഷൻ ലഭിക്കാനുള്ള നടപടികൾ നടന്നിട്ടുണ്ട്. സംസ്ക്കാരികരംഗത്ത് നാം കണ്ടിക്കുന്ന അലംഭാവത്തിന്റെ മകുടോദാഹരണങ്ങളാണ് നമ്മുടെ ഗ്രന്ഥശാലകളും നാലും.

സംസ്ക്കാരികോന്നമനത്തിന് വഴിയൊരുക്കുന്ന തരത്തിലുള്ള മഹത്തായ പ്രവർത്തനമാണ് കലാ, സാംസ്ക്കാരികരംഗങ്ങളിൽ നടന്നിട്ടുള്ളത്. ഓണപ്പാട്ടുകൾ, കൊയ്ത്തുപാട്ടുകൾ, തിരുവാതിര, തുമ്പിതുള്ളൽ, ഭജന, കാക്കാരിശ, ചവിട്ടുനാടകം, മുടിയാട്ടം, പന്നികളി, കോലടി. പരിചമുട്ട്, ചെണ്ടമേളം, പാണ്ടിവാദ്യം, കുടംതുള്ളൽ, കാവടിയാട്ടം, കെട്ടുകാഴ്ച, പടയണി തുടങ്ങിയപ്രാചീനകലകളിൽ പലതും നാമാവശേഷമായികഴിഞ്ഞിരിക്കുകയാണ്. ആധുനികകലകളുടെ അരങ്ങേറ്റത്തോടെയാണ് കലാരംഗത്ത് സംഘടിതശ്രമങ്ങൾക്ക് തുടക്കം കുറിച്ചത്. 1956 ൽ ''കലാ-സാംസ്ക്കാരിക സമതി'' എന്ന സംഘടന മലയാലപ്പുഴ കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ചു. മാതൃകാപരമായ പ്രവർത്തനമാണ് ഈ സംഘടന നടത്തിയിരുന്നത്. അഭ്യസ്തവിദ്യരും വാസനാസമ്പന്നരുമായ ഒരുവിഭാഗം ചെറുപ്പക്കാർ കലാ, സാംസ്ക്കാരികരംഗങ്ങളിൽ അർപ്പണബോധത്തോട് കൂടി നടത്തിയ പ്രവത്തനങ്ങൾ സാംസ്ക്കാരികപുരോഗതിക്ക് വളരെയധികം ഉപകരിച്ചിട്ടുണ്ട്. ഈ സംഘടനയുടെ പ്രവർത്തനകാലേയളവിനെ നാടിന്റെ സാംസ്ക്കാരിക നവോത്ഥാനകാലഘട്ടം എന്നു വിശേഷിപ്പിക്കാം. നിർഭാഗ്യകരമെന്നു പറയട്ടെ, വർഷങ്ങൾക്കുശേഷം ഈ സംഘടനയുടെ തുടർപ്രവർത്തനം നടക്കാതെ വന്നതു് സാംസ്ക്കാരികമുരടിപ്പ് ഉളവാക്കിയിട്ടുണ്ട്. മലയാലപ്പുഴ ഗ്രാമപഞ്ചായത്തിലെ ഒൻപതുവാർഡുകളിലായി 16 കലാസമിതികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ഒന്നുപോലും നല്ലനിലയിൽ പ്രവർത്തിക്കുന്നില്ല. ഇവയിൽ ചിലതെല്ലാം ചിലപ്പോഴൊക്കെ സംഘടിച്ച് ശ്രമദാനങ്ങളും മറ്റും നടത്തുന്നുണ്ടെങ്കിൽ തന്നെയും പലതും അങ്ങനെപോലും ചെയ്യുന്നില്ല. ചിലപ്രത്യേക ഉത്സവാഘോഷങ്ങളോ അതതുസംഘടനയുടെ വാർഷികാഘോഷങ്ങളോ നടത്തുന്ന തൊഴിച്ചാൽ മറ്റൊന്നും ചെയ്യാത്തവയാണ് അധികം സംഘടനകളും. ചിലസംഘടനകളെങ്കിലും നിക്ഷിപ്ത താൽപര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നതായി കാണാം. അവ സാംസ്ക്കാരിക പുരോഗതിക്ക് ഉതകുന്നില്ല എന്നുമാത്രമല്ല സാംസ്ക്കാരിക ച്യുതി വരുത്തിക്കൂട്ടുകയും ചെയ്യുന്നു. ജന്മസിദ്ധമായ വാസനാവൈഭവമുള്ളവരെ കണ്ടെത്തി സമിതികളിൽ അണിചേർത്തു. അവരുടെ സർഗ്ഗചേതനകളെ പരിപോഷിപ്പിക്കുന്നതിനു് അവസരം സൃഷ്ടിക്കുന്നതിനു പകരം പ്രൊഫഷണൽ ട്രൂപ്പുകളുടെ പരിപാടി അവതരിപ്പിച്ചു മാത്രം സംതൃപ്തികണ്ടെത്തുന്ന പ്രവർത്തന ശൈലിക്ക് മാറ്റം വന്നേമതിയാവൂ.

സാഹിത്യ രംഗത്ത് ചുവടുറപ്പിച്ചു നിന്ന പ്രതിഭാധനന്മാർ ഇവിടെ വളരെ കുറവായിരുന്നു. ഒട്ടനവധി മുക്തകങ്ങളും സ്തവങ്ങളുമൊക്കെ വിരചിച്ച സംസ്കൃത പണ്ഡിതന്മാരായിരുന്നു ശാരദാമഠം പരമേശ്വരൻ നമ്പൂതിരി, കെ. എൻ, രാമൻ ജ്യോത്സ്യർ, ഇരവിമംഗലം നാരായണൻ നമ്പൂതിരി, പുതുക്കുളം പത്മനാഭൻവൈദ്യർ തുടങ്ങിയവർ. സാഹിത്യഗുണം തികഞ്ഞ ഇവരുടെ അമൂല്യരചനകളും ഒന്നും തന്നെ പ്രസിദ്ധീകൃതമായിട്ടില്ല അവയുടെ കൈയ്യെഴുത്തു പ്രതികളും അന്വേഷിച്ചു കണ്ടെത്തിയാൽ

അത് ഒരു വലിയ മുതൽ കൂട്ടായിത്തീരും. കഥാപ്രസംഗ കലയുടെ ആചാര്യനും, ഭാഷാ പണ്ഡിതനുമായിരുന്ന വിദ്വാൻ കെ. കെ. വാദ്ധ്യാർ ദീർഘകാലം ഇവിടെ താമസിച്ചിരുന്നു. സാഹിത്യമർജ്ഞനും, ഭാഷാശാസ്ത്രകാരനുമായിരുന്ന അദ്ദേഹത്തിന്റെ തദ്വിഷയകങ്ങളായ പ്രബന്ധങ്ങളും, ലേഖനങ്ങളും, "വൃത്തവിചാരം" എന്ന വൃത്തശാസ്ത്രഗ്രന്ഥവും മലയാള ഭാഷയ്ക്കുതന്നെ വിലപ്പെട്ട സംഭാവനകളാണ്. മലയാലപ്പുഴയിലെ പല അനുഗ്രഹീത കലാകാരന്മാർക്കും അദ്ദേഹം ഗുരുവും, വഴികാട്ടിയുമായിരുന്നു. രചനാ സൗകുമാര്യംകൊണ്ടും, സവിശേഷശൈലികൊണ്ടും അതുല്യമെന്ന് വിശേഷിപ്പിക്കാവുന്ന നിരവധി മുക്തകങ്ങളും, ചില പുസ്തകങ്ങളും പെരുപ്പത്തിൽ തന്നെ എഴുതി പ്രസിദ്ധീകരിച്ച ശ്രീ ഭാസ്കരസിംഗ് ഇന്ന് വിശ്രമജീവിതം നയിക്കുന്നു. ആംഗല സാഹിത്യത്തിൽ ധീരമായ കൈവയ്പ് നടത്തിയ പ്രൊഫസർ തോളൂർ പരമേശ്വരൻപിള്ള ജനിച്ചുവളർന്നത് മലയാലപ്പുഴ മണ്ണിലാണ്. അകാലത്തിൽ പൊലിഞ്ഞുപോയവരും പരേക്കൻ ജീവിതയാഥാർത്ഥ്യങ്ങളോടേറ്റു മുട്ടി പകച്ചു വഴിമാറിപ്പോയവരുമായ കലാ, സാഹിത്യപ്രതിഭകളും എണ്ണത്തിൽ ഏറെയാണ്. ഭീതിദമായ കുമ്പഴ ബസ്സപകടം പല പ്രതിഭാശാലികളെയും അപഹരിച്ചതു നിമിത്തം നാടിനുണ്ടായനഷ്ടം തീർത്തുപ്പെടുത്താവുന്നതല്ല.

മലയാലപ്പുഴ ദേവീക്ഷേത്രത്തിന് ഏതാണ്ട് ഒന്നര കി: മീ: ചുറ്റളവിലെങ്കിലും ഹിന്ദുക്കൾ മാത്രമാണ് അധിവസിക്കുന്നത്. ഒരു പക്ഷേ, ഇതു മറ്റെങ്ങും കാണാത്ത ഒരു സ്ഥിതി വിശേഷവുമാവാം. മൊത്തത്തിൽ ഈ പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിപക്ഷവും ഹിന്ദുക്കളാണ്. സുപ്രസിദ്ധമായ മലയാലപ്പുഴ ദേവീക്ഷേത്രം ഉൾപ്പെടെ 4 ക്ഷേത്രങ്ങളും, ആറാം വാർഡിലെ 2 അമ്മൻകോവിലുകളും, 13 ക്രിസ്ത്യൻ പള്ളികളും, ഒരു മുസ്ലീം പള്ളിയും, 5 ശ്രീനാരായണഗുരുമന്ദിരങ്ങളും, പല മലദൈവങ്ങളും, സർപ്പക്കാവുകളും, മൂഹൂർത്തിക്കാവും, കൊച്ചുകൊച്ചു ആരാധനാലയങ്ങളും ഈ പഞ്ചായത്തിലുണ്ട്. കേരളത്തിന്റെ തനതുകലകളും ഉൾപ്പെടെ പല കലാപരിപാടികളും ഹിന്ദുക്ഷേത്രങ്ങളിലും മറ്റ് ആരാധനാലയങ്ങളിലും നടക്കുന്ന ഉത്സവങ്ങളോടനുബന്ധിച്ച് നടത്തിവരുന്നു. പഴയ പ്രതാപൈശ്വര്യങ്ങളോടെയല്ലെങ്കിലും വെട്ടൂർ ആയിരവില്ലൻ ക്ഷേത്രത്തിൽ അനുഷ്ഠാന കലയായ പടയണിയും, കെട്ടുകാഴ്ചയും ഇന്നും പതിവായി നടത്തുന്നു. പൊതുവെ ആരാധനാലയങ്ങളോടനുബന്ധിച്ച് മത-സാംസ്കാരിക സമ്മേളനങ്ങളും സംഘടിപ്പിക്കാറുണ്ട്. ഓണഘോഷത്തോടനുബന്ധിച്ച് നാടൻകലകളും ഉൾപ്പെടെ പലതരം കലാപരിപാടികളും ഇവിടെ ഇപ്പോഴും സംഘടിപ്പിക്കുക പതിവാണ്. ക്രിസ്മസ്, പെരുന്നാൾ തുടങ്ങിയ ആഘോഷങ്ങളും അനുക്രമം നടക്കുന്നു. മുകളിൽ പറഞ്ഞ ഉൽസവങ്ങളെല്ലാം ജാതി മത സ്പർദ്ധകളില്ലാത്ത മലയാലപ്പുഴ നിവാസികൾ സഹകരിച്ചു നടത്തുന്നു എന്നത് മതസൗഹാർദ്ദത്തിന്റെ ഉത്തമമോദ്ദാഹരണമാണ്.

1950 ന് മുമ്പ് ഈ ഗ്രാമത്തിലെ അധികം പേരും ദേശീയ പ്രസ്ഥാനമായ ഇൻഡ്യൻ നാഷനൽ കോൺഗ്രസിനോട് ആഭിമുഖ്യമുള്ളവരായിരുന്നു. അൻപതുകളിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇവിടെയും ശക്തിയാർജിച്ചു. കോൺഗ്രസ്സും, ഇരു കമ്മ്യൂണിസ്റ്റ് പാർട്ടികളുമാണ് ഇന്നും ഇവിടുത്തെ പ്രബല രാഷ്ട്രീയകക്ഷികൾ. ബി. ജെ. പി., കോൺഗ്രസ് (എസ്സ്) ജനതാദൾ, കേരളാ കോൺഗ്രസ്സ് എന്നീ കക്ഷികളും ഇവിടെ പ്രവർത്തിക്കുന്നു. എന്നാൽ രാഷ്ട്രീയ പ്രബുദ്ധമായ ഈ ഗ്രാമത്തിൽ രാഷ്ട്രീയ വിദ്വേഷമോ, സംഘട്ടനങ്ങളോ അന്യമാണെന്നു തന്നെ പറയാം.

കായികരംഗം

കറ്റിപ്പന്ത്, കഴിപ്പന്ത്, കിളിത്തട്ട്, കബഡ്ഡി, ഒളിച്ചുകളി, അടിച്ചേച്ചോട്ടം, ചതുരംഗം, പകിട, ഇരുപത്തെട്ടുനായും പുലിയും തുടങ്ങിയ നാടൻ കളികൾ ക്രിക്കറ്റിന്റെ അതിപ്രസരമുള്ള ഈ കാലഘട്ടത്തിൽ വഴി മാറിക്കൊണ്ടിരിക്കുന്നു എന്നത് ഒരു ദുഃഖസത്യമാണ്.

ധാരാളം സ്പോർട്സ് ക്ലബ്ബുകൾ നാടിന്റെ നാനാഭാഗങ്ങളിലും രൂപംകൊണ്ടിരുന്നു. വേണ്ടത്ര സൗകര്യമുള്ള കളിസ്ഥലങ്ങൾ ഇല്ലെങ്കിൽ തന്നെ വോളിബോൾകളി. കഴിഞ്ഞകാലത്ത് വ്യാപകമായിരുന്നു. എന്നാൽ ഈ രംഗത്തു് പുവർത്തിച്ചു നിൽക്കുന്നത് വർഷങ്ങൾക്കു മുമ്പ് സ്ഥാപിതമായ എസ്സ്. ആർ. സി. മാത്രമാണ്. പ്രഗത്ഭരായ അനവധി കളിക്കാരെ വാർത്തെടുക്കാൻ ഈ ക്ലബ്ബിനു കഴിഞ്ഞിട്ടുണ്ട്. വർഷങ്ങൾക്കുമുമ്പ് പ്രവർത്തനം നിലച്ചുപോയ പൊതീപ്പാട് റൂറൽ സ്പോർട്ട്സ് സെൻറർ ഹോക്കി, വോളി എന്നീ കളികളിൽ വിദഗ്ദ്ധ പരിശീലനത്തിന് ഉപകരിച്ചിരുന്നു. ഹോക്കിയിൽ സംസ്ഥാനതലം വരെയെത്തിയ പല പ്രഗത്ഭതാരങ്ങളെയും വളർത്തിയെടുക്കാൻ കഴിഞ്ഞ ഈ സെൻറർ ഇന്നു് പ്രവർത്തിക്കുന്നില്ല. ഒരുപക്ഷെ, ദേശീയതലം വരെയെങ്കിലും എത്തിച്ചേരാൻ കഴിയുമായിരുന്ന നമ്മുടെ കുട്ടികൾ കുടിപകകളുടെ രക്തസാക്ഷികളായി എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. കളിക്കളങ്ങളിൽ തിളക്കമാർന്ന വിജയം കരഗതമാക്കാൻ കഴിയുമായിരുന്ന കായികപ്രതിഭകൾ പരിശീലന, പ്രോൽസാഹനങ്ങളുടെ അഭാവംകൊണ്ട് അനാഥരായി നിരാശരായികഴിയുന്ന കാഴ്ച കായികകേരളത്തിന് തന്നെ അപമാനം വരുത്തിക്കൂട്ടിയിരിക്കുന്നു. പഴയകറ്റിപ്പന്തിന്റെ സ്ഥാനത്തേക്ക് ഇന്നു് കടന്നു കയറ്റം നടത്തിയിരിക്കുന്ന ക്രിക്കറ്റിനു് ഭാസുരമായ ഒരു ഭാവി രൂപപ്പെടുത്താൻ അടുത്ത കാലത്തെങ്ങും കഴിയുമെന്ന് തോന്നുന്നില്ല. ചുറ്റുപാടുകളുള്ള കുട്ടികളുണ്ടെന്നിരുന്നാലും കളിക്കളമൊരുക്കാൻ കഴിയാതെ പോകുന്നതാണ് ഇതിന് മുഖ്യകാരണം. പട്ടികവർഗ്ഗത്തിൽപ്പെട്ട

കുട്ടികളിൽ കായികാഭിരുചി വളർത്തുന്നതിനു വേണ്ടി സർക്കാർ നിയന്ത്രണത്തിൽ സ്ഥാപിതമായ വനമാലിക സ്പോർട്ട്സ് ഹോസ്റ്റലിന്റെ പ്രവർത്തനവും പ്രതീക്ഷിച്ച ഫലം ഉളവാക്കുന്നില്ല. കാലംകഴിയുന്തോറും ഈ സ്ഥാപനത്തിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നതായികാണുന്നു. പരിശീലനവും തൃപ്തികരമല്ല.

പ്രശ്നങ്ങൾ

1 1, 2, 5, 6, 9 വാർഡുകളിൽ ഗ്രന്ഥശാലകളും ഇല്ല. 7-ാം വാർഡിലെ പുലരിഗ്രന്ഥശ്ശാ സ്വന്തംകെട്ടിടമില്ല. 8-ാം വാർഡിലെ ദേശിയവായനശാലക്ക് സ്വന്തംകെട്ടിടം ഉണ്ടെങ്കിൽതന്നെയും അതു ആയുർവ്വേദാശുപത്രിയുടെ നടത്തിപ്പിനു ഉപയോഗിക്കുന്നു.

2 കായിക, കലാ-സാംസ്ക്കാരികരംഗങ്ങളിൽ പഞ്ചായത്തുതല സംഘടനാ സംവിധാനമില്ല.

3 പൊതുഉപയോഗത്തിനു ടെലിവിഷൻ സെറ്റുകളില്ല. പല പ്രദേശങ്ങളിലും റേഡിയോ കിയോസ്ക്കുകളും പോലുമില്ല.

4 സാംസ്ക്കാരിക നിലത്തിന്റെ പണിപൂർത്തീകരിക്കപ്പെട്ടിട്ടില്ല.

5 രണ്ടാം ഘട്ടംസാക്ഷരതാ പ്രവർത്തനം ഇപ്പോളും നടക്കുന്നില്ല. നവസാക്ഷരർക്കുവേണ്ടി രൂപീകരിച്ച ജനവിദ്യാകേന്ദ്രങ്ങളും പ്രവർത്തനരഹിതമാണ്.

6 പ്രാചീനകലകളും അനുഷ്ഠാനകലകളും നാമാവശേഷമായിക്കൊണ്ടിരിക്കുന്നു.

7 കലാരംഗത്തു് അഭിരുചിയുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും അവരുടെ സർഗ്ഗശക്തികളെ പരിപോഷിപ്പിക്കാനും സംവിധാനമില്ല.

8 കായികരംഗത്ത് പ്രാചീനകായിക വിനോദങ്ങളും നശോന്മുഖമായിക്കൊണ്ടിരിക്കുന്നു.

9 സ്റ്റേഡിയങ്ങളോ സൗകര്യമുള്ള പൊതുകളിസ്ഥലങ്ങളോ ഇല്ല.

10 കായികരംഗത്ത് വിദഗ്ധപരിശീലനത്തിനു് സംവിധാനമില്ല.

11 പഞ്ചായത്താസ്ഥാനത്ത് ഒര Information Centre ഇല്ല.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

1 പഞ്ചായത്താസ്ഥാനത്ത് ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു Information Centre ആരംഭിക്കണം.

2 1, 2, 5, 6, 9 വാർഡുകളിൽ ബഹുജനസഹകരണത്തോടെ വായനശാലകൾ സ്ഥാപിക്കുക. 8-ാം വാർഡിലെ വായനശാലാകെട്ടിടത്തിൽ നിന്നും ആശുപത്രിമാറി സ്ഥാപിച്ച് വായനശാലയുടെ പ്രവർത്തനം സുഗമമാക്കുക. 7-ാം വാർഡിലെ വായനശാലക്ക് സ്വന്തംകെട്ടിടം നിർമ്മിക്കുക. നിലവിലുള്ള വായനശാലകളിൽ ആവശ്യാനുസരണം ഉപകരണങ്ങൾ ഉണ്ടാക്കാൻ ധനസഹായം ചെയ്യുക.

3 വായനശാലാകെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് വർഷംതോറും ഗ്രാന്റെ ലഭ്യമാക്കുക.

4 ജനങ്ങളുടെ വായനാശീലം വളർത്തുന്നതിന് ആവശ്യമായ കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുക.

5 കലാ, സാംസ്ക്കാരികരംഗത്തെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കലോത്സവങ്ങൾ സംഘടിപ്പിക്കുന്നതിനും പഞ്ചായത്തുതല സംഘടനാ സംവിധാനം രൂപപ്പെടുത്തുക. നിലവിലുള്ള കലാ, സാംസ്ക്കാരികസംഘടനകൾ ഈ പഞ്ചായത്തുതല സംഘടനയിൽ അഫിലിയേറ്റുചെയ്യുക. കലാ, സാംസ്ക്കാരിക പ്രസ്ഥാനങ്ങളുടെ സംഘടനാ പ്രവർത്തനം കാര്യക്ഷമമാക്കുക.

6 കലാ, സാംസ്ക്കാരികരംഗത്ത് ശില്പശാലകൾ, സെമിനാറുകൾ മുതലായവ സംഘടിപ്പിക്കുക.

7 നാടൻകലകളെ സംരക്ഷിച്ച് പ്രോത്സാഹിപ്പിക്കുന്നതിന് ഒരു ഫോക്ലോർ സ്ഥാപിക്കുക.

8 കലാ, സാംസ്ക്കാരിക സമിതികൾക്ക് ധനസഹായം ഉറപ്പുവരുത്തുക.

9 നിലവിലുള്ള റേഡിയോ കിയോസ്ക്കുകൾ പ്രവർത്തന ക്ഷമമാക്കുന്നതോടൊപ്പം വാർഡുകളിൽ ആവശ്യാനുസരണം റേഡിയോ കിയോസ്ക്കുകൾ നിർമ്മിക്കുക.

10 വാർഡിൽ കുറഞ്ഞത് 3 എന്ന ക്രമത്തിൽ ടെലിവിഷൻസെറ്റ് സ്ഥാപിക്കുക.

1	ക്രമനമ്പർ
SCB O 378 Ltd. മലയാലപ്പുഴ	സംഘത്തിന്റെ പേര്
1967	പ്രവർത്തനം ആരംഭിച്ച വർഷം
മലയാലപ്പുഴപഞ്ചായത്ത്	പ്രവർത്തന പരിധി
4836	വ്യക്തി അംഗത്വം
427410	ഓഹരി മൂലധനം
	കടം
147892. S.B 1780444 F.D	നിക്ഷേപം
2680039	കാർഷികം (ഉൽപ്പാദനം)
796679	കാർഷികേതരം (ഉൽപ്പാദനം)
	പ്രവർത്തന മൂലധനം
	ലാഭം (വായ്പാ ഇടപാടുകൾ)
881009	നഷ്ടം (വായ്പാ ഇടപാടുകൾ)
3	ജീവനക്കാർ

പട്ടിക 1

4-11(2)

മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്

സ്ഥലപരിശോധന

122

1912 ലെ സഹകരണ നിയമമനുസരിച്ച് രൂപീകൃതമായ പരസ്പര സഹായ സംഘമാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ പ്രസ്ഥാനം അതിന്റെ ആദ്യകാല പ്രവർത്തകരിൽ പ്രമുഖർ താനുവേലിൽ ശ്രീ ഗോവിന്ദകുറുപ്പ്, ശ്രീ ഡി. നാരായണൻനമ്പൂതിരി എന്നിവരായിരുന്നു. സംഘം രേണത്തിന്റെ കെട്ടുകാര്യസ്ഥതമൂലം പ്രവർത്തനം മന്ദീഭവിക്കുകയും 1960 ൽ അതിന്റെ പ്രവർത്തനം നിലയ്ക്കുകയും ചെയ്തു. 1967 ലാണ നിലവിലുള്ള സർവ്വീസ് സഹകരണ സംഘം പ്രവർത്തനമാരംഭിച്ചത്. ഇതിന്റെ ആദ്യകാല പ്രസിഡന്റ് വടശ്ശേരിൽ ശ്രീ എം. ജി. നാരായണൻ നായർ ആയിരുന്നു. മലയാലപ്പുഴ പഞ്ചായത്തു് മൊത്തം ഇതിന്റെ പ്രവർത്തന പരിധിയിൽപ്പെടുന്നു. 250 അംഗങ്ങളുമായി പ്രവർത്തനം ആരംഭിച്ച സംഘത്തിൽ ഇപ്പോൾ 4836 അംഗങ്ങളുണ്ട്.

സഹകരണ പ്രസ്ഥാനങ്ങളേ വായ്പാ മേഖല, വായ്പേതര മേഖല എന്നു രണ്ടായി തരംതിരിക്കാം. കാഷ്കിക വായ്പാ മേഖലയിൽ പ്രവർത്തിക്കുന്ന പഞ്ചായത്തിലെ പ്രധാന സ്ഥാപനം ക 378-ാം നമ്പർ മലയാലപ്പുഴ സർവ്വീസ് സഹകരണ സംഘമാണ്. ആരംഭകാലത്ത് ഈ സംഘം സാമാന്യം തൃപ്തികരമായി പ്രവർത്തിച്ചിരുന്നു. പലകാരണങ്ങളാൽ ഇതിന്റെ പ്രവർത്തനം മന്ദീഭവിക്കുകയും 1980 മുതൽ യാതൊരുതരത്തിലുമുള്ള വായ്പാവിതരണവും നടത്താൻ കഴിയാത്ത സ്ഥിതിയിലെത്തുകയും ചെയ്തു. 1987 ൽ ലിക്വിഡേഷൻ നടപടികൾ ആരംഭിക്കുമ്പോൾ സംഘത്തിന്റെ ഡെഫിസിറ്റ് 5 ലക്ഷം രൂപയായിരുന്നു. 1987 ൽ നിലവിൽവന്ന ഭരണ സമിതിയുടെ പരിശ്രമ ഫലമായി സംഘത്തിന്റെ പ്രവർത്തനം ഇപ്പോൾ സാധാരണ നിലയിലായിട്ടുണ്ട്. കാർഷിക വായ്പയും കാർഷികേതരവായ്പകളും വിതരണം ചെയ്തുവരുന്നു. കൃഷി, കോഴിവളർത്തൽ, ഭവനനിർമ്മാണം, കിണർകുഴിക്കൽ തുടങ്ങിയ ആവശ്യങ്ങൾക്ക് ഹസ്വകാല, മദ്ധ്യകാലവായ്പകൾ വിതരണം ചെയ്യുന്നുണ്ട്. കൃഷിക്കാർക്കാവശ്യമുള്ള വളവ് സംഘംവഴി വിതരണം ചെയ്തുവരുന്നു. മുകളിൽ ചേർത്തിരിക്കുന്ന പട്ടികയിൽനിന്നും സംഘത്തിന്റെ പൊതുസ്ഥതി മനസിലാക്കാൻ കഴിയും.

മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽ 4035 ലധികം കർഷകകുടുംബങ്ങളുണ്ട്. ഈ പഞ്ചായത്തിലെ 9 ഗ്രാമങ്ങളിലേയും കർഷകരുടെ വായ്പാവശ്യങ്ങൾ നിറവേറ്റാൻ ഈ സംഘത്തിന് ഇപ്പോൾ കഴിയുന്നില്ല. ഇന്നുള്ള നിക്ഷേപം ഗണ്യമായി വർദ്ധിപ്പിക്കുകയും സംഘം സ്വയം പര്യാപ്തമാവുകയും ചെയ്താൽ മാത്രമേ കൃഷിക്കാർക്ക് ആവശ്യമായ വായ്പ യഥാസമയം വിതരണം ചെയ്യാൻ കഴിയുകയുള്ളൂ. വായ്പ എടുക്കുന്ന സഹകാരികൾ കൃത്യസമയത്ത് അവ തിരച്ചടക്കാത്തതും സംഘത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്.

മലയാലപ്പുഴ ഗ്രാമപഞ്ചായത്ത് പത്തനംതിട്ട കാർഷിക ഗ്രാമവികസനബാങ്കിന്റെ പ്രവർത്തനപരിധിയിൽപെട്ടതാണ്. ഈ പഞ്ചായത്തിലെ 210 അംഗങ്ങൾക്ക് ഭവികസന വായ്പയായി 6,50,000 രൂപയും, പദ്ധതിവായ്പകളായി 30,20,000 രൂപയും, ചെറുകിട വ്യവസായവായ്പയായി 3,90,000 രൂപയും, ഭവനനിർമ്മാണവായ്പയായി 3,50,000 രൂപയും, വാഹനവായ്പയായി 6,50,000 രൂപയും വിതരണം ചെയ്തിട്ടുണ്ട്. കോന്നി ഹൗസിംഗ് സഹകരണസംഘത്തിൽനിന്നും പഞ്ചായത്തിലെ 9 പേർക്കായി 4,31,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. പത്തനംതിട്ട ജില്ലാ സഹകരണബാങ്കിന്റെ ഒരു ശാഖ അഞ്ചാം വാർഡിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ ഇപ്പോഴുള്ള ആകെ നിക്ഷേപം 125 ലക്ഷം രൂപയാണ്. 80 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്തിട്ടുള്ളതിൽ 5 ലക്ഷം രൂപ കുടിശികയുണ്ട്.

ക്ഷീരമേഖല.

മലയാലപ്പുഴ പഞ്ചായത്തിൽ രണ്ടു ക്ഷീരോല്പാദക സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വെട്ടൂർ ക്ഷീരോല്പാദക സഹകരണസംഘം നമ്പർ PT 115 (D) അപ്കോസ് 8, 9 വാർഡുകളിൽ പ്രവർത്തിക്കുന്നു. 3, 4, 5, 7 വാർഡുകളും മലയാലപ്പുഴ ക്ഷീരോല്പാദക സംഘം നമ്പർ Q 18 (D) യുടെ പ്രവർത്തനപരിധിയിലാണ്. വെട്ടൂർ സംഘത്തിൽ ശരാശരി 200-ഉം മലയാലപ്പുഴ സംഘത്തിൽ 70 മുതൽ 100 വരെ ലിറ്റർ പാലുമാണ് ശേഖരിക്കുന്നത്. വെട്ടൂർ സംഘത്തിൽ കൂടുതൽ പാൽ ശേഖരിക്കാൻ കഴിയുമെങ്കിലും വേണ്ടത്ര പാൽ ലഭിക്കുന്നില്ല. മലയാലപ്പുഴ സംഘത്തിൽ ലഭ്യമായ പാൽ മുഴുവൻ ശേഖരിക്കാനും കഴിയുന്നില്ല.

ക്ഷീരസഹകരണസംഘങ്ങൾ.

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗങ്ങൾ	ഓഹരി മൂലധനം	കടം	നിക്ഷേപം	പ്രവർത്തന മൂലധനം	വ്യാപാര ഇടപാടുകൾ	ലാഭമോ നഷ്ടമോ		ജീവനക്കാർ	
									ലാഭം	നഷ്ടം	പുരുഷൻ	സ്ത്രീ
മലയാലപ്പുഴ ക്ഷീരോല്പാദക സഹകരണസംഘം നമ്പർ Q 18	1972	3, 4, 5, 7 വാർഡുകൾ	102	2350								
വെട്ടൂർ ക്ഷീരോല്പാദക സഹകരണസംഘം PT 115 (D) അപ്കോസ്	1995	8, 9 വാർഡുകൾ	51	811			811	5000				

മലയാലപ്പുഴ ക്ഷീരോല്പന്നനിർമ്മാണ യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. വെട്ടൂരിൽ ഉണ്ടായിരുന്ന കൺസ്യൂമർ സൊസൈറ്റി പ്രവർത്തനം നിലച്ച് ലിക്വിഡേഷനിലാണ്. മലയാലപ്പുഴ അമ്പലം ജംഗ്ഷനിൽ ഉണ്ടായിരുന്ന സൂപ്പർ മാർക്കറ്റും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലി സ്റ്റോർ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

വിവിധ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ.

കാർഷികമേഖല.

1. മലയാലപ്പുഴ സർവ്വീസ് സഹകരണസംഘം ഇപ്പോൾ 8,81,009 രൂപാ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ നഷ്ടം നികത്താതെ വികസനപ്രവർത്തനങ്ങളൊന്നും നടത്താൻ സാധിക്കുകയില്ല. അതിനാൽ നഷ്ടം നികത്തുന്നതിനായി ഈ തുക സർക്കാർ ഓഹരി മൂലധനമായി അനുവദിക്കുക.
2. അംഗത്വം വർദ്ധിപ്പിച്ച് ഓഹരിമൂലധനം വർദ്ധിപ്പിക്കുക.
3. നിക്ഷേപ, ഉയർത്തി ഓഹരിമൂലധനം വർദ്ധിപ്പിച്ച് ടി തുക ലാഭകരമായവിധത്തിൽ വിനിയോഗിക്കുക. കൺസ്യൂമർവായ്പ, സ്വർണ്ണപ്പണ്ടപണയവായ്പ, ഭവനനിർമ്മാണവായ്പ തുടങ്ങിയ പുതിയ പദ്ധതികളും ആരംഭിക്കുക.
4. സഹകരണസംഘം ചിട്ടിയിടപാടുകളും തുടങ്ങുക. ഇതിനു തടസ്സമുണ്ടാക്കുന്ന നിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ ഡിപ്പാർട്ടുമെന്റ് വേണ്ടനടപടി സ്വീകരിക്കുക.
5. കർഷകരെ സംബന്ധിച്ച പൂർണ്ണവിവരങ്ങളോടുകൂടിയ ലാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുക. അതിനനുസരിച്ച് ഓരോ വർഷത്തിലേക്കും ആവശ്യമായ വായ്പാ തുക തിട്ടപ്പെടുത്തുക.
6. വിത്തും വളവും കീടനാശിനിയും സൗജന്യനിരക്കിൽ വിതരണംചെയ്യുക. ഇവയുടെ വിതരണം സഹകരണസംഘങ്ങളംവഴിയും കൃഷിഭവൻവഴിയും മാത്രമാക്കുക.
7. കാർഷികോല്പന്നങ്ങളും സംഭരിച്ച് വിപണനം നടത്താനുള്ള സൗകര്യം ഉണ്ടാക്കുക.
8. ഭാവിവിളവിന്റെ ഈടിന്മേൽ വായ്പകളും അനുവദിക്കണം. പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ചാൽ കടം എഴുതിതള്ളുന്നതിനുള്ള വ്യവസ്ഥയുണ്ടാവണം. സംസ്ഥാന ഗവണ്മെന്റിന്റെ ഫണ്ടിൽനിന്നും അതിനുള്ള തുക അനുവദിക്കുക.
9. വായ്പകളും അതാതു് ആവശ്യങ്ങൾക്കുമാത്രമായി വിനിയോഗിക്കുന്നു എന്നു് ഉറപ്പു വരുത്തുക.
10. പച്ചക്കറി കൃഷിവികസനത്തിനുള്ള പദ്ധതി സഹകരസംഘങ്ങളംവഴി നടപ്പാക്കണം. അതോടനുബന്ധിച്ച് പച്ചക്കറി വിപണനകേന്ദ്രം ആരംഭിക്കുക.

11. പഞ്ചായത്തിലെ വിവിധ ജനവിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ പദ്ധതികൾ സഹകരണസംഘംവഴി നടപ്പാക്കുക.

12. മലയാലപ്പുഴ പഞ്ചായത്തിലെ 8, 9 വാർഡുകളിലെ കൃഷിക്കാരുടെ സൗകര്യം പരിഗണിച്ച് ആ പ്രദേശത്ത് പുതിയ കാർഷികവായ്പ സഹകരണസംഘം രജിസ്റ്റർചെയ്ത പ്രവർത്തനമാരംഭിക്കുക.

13. സർക്കാർ സ്ഥാപനങ്ങളിലേയും പഞ്ചായത്തിലേയും നിക്ഷേപങ്ങളും പണമിടപാടുകളും സഹകരണസംഘംവഴി ആക്കുക.

14. സഹകരണസംഘങ്ങളും പഞ്ചായത്തും അവയുടെ മുതലകൾ പരസ്പരം യോജിപ്പോടുകൂടി ശക്തമാക്കുക.

15. സേവനസന്നദ്ധതയുള്ള അനദ്യോഗസ്ഥാംഗങ്ങളുടെ സേവനം ഓണറിയായി സംഘത്തിൽ ഉപയോഗപ്പെടുത്തുക.

ക്ഷീരമേഖല.

ക്ഷീരോല്പാദക സഹകരണസംഘങ്ങൾവഴി നല്ലയിനം കറവമാടുകളെ വിതരണംചെയ്യുന്നതിനുള്ള നടപടി ഉണ്ടാവണം. സംഘങ്ങളുടെ നേതൃത്വത്തിൽ ഒരു ഡയറിഫാം തുടങ്ങുന്നത് അഭികാമ്യമാണ്. കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ വിതരണംചെയ്യുകയും ഇൻഷ്വറൻസ് പദ്ധതി ലഘൂകരിക്കുകയും ചെയ്യണം. തീറ്റപ്പുൽകൃഷി വികസിപ്പിക്കണം. കാലിവളത്തൽ ആദായകരമാക്കിത്തീർക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പാക്കണം.

മലയാലപ്പുഴയിൽ പ്രവർത്തിക്കുന്ന Q 18-ാംനമ്പർ സംഘത്തിൽ പ്രതിദിനം 70 മുതൽ 100 വരെ ലിറ്റർ പാൽ മാത്രമേ ശേഖരിക്കുന്നുള്ളൂ. ക്ഷീരകർഷകർ ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും ശേഖരിക്കുന്നതിനുള്ള ക്രമീകരണം അവിടെ ഉണ്ടാവണം. സാധാരണ ഉപഭോഗം കഴിഞ്ഞ് മിച്ചംവരുന്ന പാൽ വിവിധ ഉല്പന്നങ്ങളാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കണം. അതിനാവശ്യമായ സാമ്പത്തികസഹായം ചെയ്തുകൊടുക്കണം.

ഇപ്പോൾ ഒരു സംഘത്തിന്റേയും പരിധിയിൽ വരാത്ത ഒന്നും രണ്ടും വാർഡുകൾ ചേർത്ത് പുതിയ ക്ഷീരോല്പാദകസഹകരണസംഘം രൂപീകരിക്കുക. 5, 6 വാർഡുകൾചേർത്ത് മറ്റൊരു സംഘവും രൂപീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗവിഭാഗം.

മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽ 3000-ൽ അധികം ജനങ്ങൾ ഈ വിഭാഗത്തിലുണ്ട്. ഇവരുടെ ക്ഷേമത്തിനായി അനുയോജ്യമായ സഹകരണസംഘം ഉണ്ടാക്കേണ്ടതാണ്.

വനിതാരംഗം.

അഭ്യസ്ഥവിദ്യരായ വനിതകളുടെ സഹകരണ സംഘങ്ങൾ ഉണ്ടാക്കി ചെറുകിടവ്യവസായയൂണിറ്റുകൾ ആരംഭിക്കണം. കോഴിവളർത്തൽ, മെഴുകുതിരി നിർമ്മാണം, തീപ്പെട്ടി നിർമ്മാണം, സോപ്പുനിർമ്മാണം, തേനീച്ചവളർത്തൽ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കറിപൗഡർ നിർമ്മാണം തുടങ്ങിയവ സാദ്ധ്യതയുള്ള മേഖലകളാണ്. ഇതിനായി സാമ്പത്തികസഹായം ഉറപ്പുവരുത്തുകയും വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുകയും വേണം.

തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കേരകർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും കേരകർഷക സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്. പുറത്തേക്കു പോകുന്ന നാളികേരം ഇവിടെത്തന്നെ സംഭരിച്ച് കൊപ്രയാക്കുന്നതിനും തെങ്ങിൻെറ വിവിധയിനങ്ങൾ കൊണ്ടുള്ള വ്യവസായയൂണിറ്റുകൾ ആരംഭിക്കുന്നതിനുംകഴിയും. സഹകരണാടിസ്ഥാനത്തിൽ റബ്ബറധിഷ്ഠിത വ്യവസായയൂണിറ്റുകൾ തുടങ്ങേണ്ടതാണ്. മേൽപ്പറഞ്ഞ സംരംഭങ്ങൾക്ക് വിവിധ ധനകാര്യസ്ഥാപനങ്ങളിൽനിന്നും സാമ്പത്തികസഹായം ഉണ്ടാവണം.

ഉപസംഹാരം.

മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽ ഇപ്പോഴുള്ള സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും കൂടുതൽ മേഖലകളിലേക്ക് സഹകരണപ്രസ്ഥാനം വ്യാപിപ്പിക്കുകയും ചെയ്താൽ കാർഷിക, വ്യാവസായിക, സാമ്പത്തികരംഗങ്ങളിൽ പുത്തൻഉണർവ് സൃഷ്ടിക്കുവാൻ കഴിയുന്നതാണ്.



വിഭവസമാഹരണം

മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സമ്പത്ത് മനുഷ്യവിഭവം തന്നെയാണ്. പഴയായി പോകുന്ന മനുഷ്യവിഭവശേഷി ജാതി മത രാഷ്ട്രീയ ചിന്തകൾക്ക് അതീതമായി നാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗ യോഗ്യമാക്കുകയെന്നത് ഒരു മഹത്തായ ആശയമാണ്. ഇവിടത്തെ ജനങ്ങളുടെ പ്രധാന വരുമാനമാർഗം കൃഷിയാണ്. എന്നാൽ വർഷങ്ങളായി കൃഷിമേഖലയിൽ മുരടിപ്പ് അനുഭവപ്പെടുന്നു. പഞ്ചായത്തിലെ ഏക വ്യവസായ കേന്ദ്രം ആയിരത്തോളം തൊഴിലാളികൾ ജോലിചെയ്യുന്ന കുമ്പഴതോട്ടമേഖലയാണ്. പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 67% തൊഴിൽ രഹിതരാണ്. കാർഷിക മേഖലയിലെ ഉല്പാദന ക്ഷമത വർദ്ധിപ്പിച്ച് അതിന്റെ അടിസ്ഥാനത്തിലുള്ള വ്യവസായങ്ങൾ സ്ഥാപിക്കുന്നതിലൂടെ തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കാനും പഞ്ചായത്തിന് കൂടുതൽ സാമ്പത്തിക പുരോഗതി നേടാനും സാധിക്കും.

കഴിഞ്ഞ 5 വർഷത്തെ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച വിശദവിവരം പരിശോധിച്ചാൽ ഈ രംഗത്തുള്ള സാദ്ധ്യതകളും മനസ്സിലാക്കാൻ കഴിയുന്നതാണ്. (പട്ടിക 1, പട്ടിക 2)

കഴിഞ്ഞ 5 വർഷത്തെ വരവിന്റെയും ചെലവിന്റെയും കണക്കുകൾ

പട്ടിക 1 വരവ്

ഇനം	91—92	92—93	93—94	94—95	95—96
1 കെട്ടിടനികുതി	154394 20	141533 20	126299 —	277213 —	201444 —
2 തൊഴിൽനികുതി	68342 00	60350 —	66210 —	81836 —	92270 —
3 ചന്തവരവ്	60659 00	43825 —	52534 —	135327 —	227387 —
4 ലൈസൻസ്ഫീസ്	3379 00	2672 —	2609 —	2605 —	2585 —
5 വസ്തുകൈമാറ്റനികുതി 75%	90009 00	166075 —	136828 —	142919 —	109357 —
6 ,, 25%	40000 00	40000 —	52290 —	106651 —	77816 —
7 ഉപാധിരഹിത ഫണ്ട്	150000 —	164774 —	191000 —	265500 —	275000 —
8 ഡെപ്പോസിറ്റ്	7351 —	2210 ...	2000 ...	4600 ...	7850 ...
9 മറ്റുള്ളവ	117071 45	70152 80	108271 50	110794 ...	444069 40
ആകെ	691205 65	691592 ...	738941 50	1127445 ...	1437778 40

പട്ടിക 2 ചെലവ്

ഇനം	91...92	92...93	93...94	94...95	95...96
1 ഭരണം	211082 50	261208 ...	295355 ...	356517 ...	388153 ...
2 പൊതുമരാമത്ത്	60018 00	78114 ...	99633 ...	62813 ...	20474 ...
3 വിദ്യാഭ്യാസം	5243 00	14299 ...	16198 ...	3800 ...	3350 ...
4 ജലവിതരണം പൊതു ജനാരോഗ്യം	1045 00	18736 ...	9180 ...	4792 ...	16167 ...
5 തെരുവ്വിളക്ക് കത്തിക്കുന്നതിനു്	96594 90	63597 ...	60271 ...	60480 ...	61404 ...
6 മറ്റുള്ളവ	268684 00	243734 60	515421 ...	321362 ...	534362 ...
ആകെ	642667 40	679688 60	996058 ...	809764 ...	1023910 ...

കഴിഞ്ഞ 5 വർഷത്തെ ഗ്രാമപഞ്ചായത്തിലെ വരുമാനത്തിലെ വ്യത്യാസം പട്ടിക 3–ൽ കൊടുത്തിരിക്കുന്നു.

പട്ടിക 3

നമ്പർ	ഇനം	1991–92	1995–96	വ്യത്യാസം
1	കെട്ടിടനികുതി	154394 20	201444 —	47049 80
2	തൊഴിൽ നികുതി	68342 —	92270 —	23928 —
3	ചന്തവരവ്	60659 —	227387 —	166728 —
4	ലൈസൻസ് ഫീസ്	3379 —	2585 —	794 —
5	വസ്തു കൈമാറ്റ നികുതി 75%	90009 —	109357 —	19348 —
6	,, 25%	40000 —	77816 —	37816 —
7	ഡെപ്പോസിറ്റ്	7351 —	7850 —	499 —
8	ഉപാധി രഹിതഫണ്ട്	150000 —	275000 —	125000 —
9	മറ്റുള്ളവ	117071 45	444069 40	326997 95
	ആകെ	691205 65	1437778 40	748160 75

(അവലംബം:– പഞ്ചായത്ത് രജിസ്റ്റർ)

1991–92 ലെ ആകെ വരുമാനം 691205 രൂപാ 65 പൈസയാണ്. 95–96 ആയപ്പോഴേക്കും വരുമാനം 1437778 രൂപാ 40 പൈസ ആയി വർദ്ധിച്ചു. പഞ്ചായത്തിന്റെ 91–92 ലെ തനതു വരുമാനമായ 286774 രൂപ 20 പൈസയിൽനിന്നും 95–96 ആയപ്പോഴേക്കും 523686 രൂപയായി വർദ്ധിച്ചു. എല്ലാ ഇനങ്ങളിലുമുള്ള വരുമാനം ഇരട്ടിയിലധികമായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ലൈസൻസ് ഫീസിൽ കുറവ് ഉണ്ടായിട്ടുണ്ട്.

1995–96 വർഷത്തിൽ സർക്കാരിൽനിന്നും ലഭിച്ചിട്ടുള്ള ഗ്രാൻറുകളുടെ വിവരങ്ങൾ പട്ടിക 4 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4

VRM	MI	VTC	അടിസ്ഥാനസൗകര്യ നികുതി 25%	75%	സ്പെഷ്യൽ ഗ്രാൻറ്	JRY	ഉപാധിരഹിത ഫണ്ട്	ആകെ
41297 00	4000	351,893	77816	109351	25273	230,324	275000	11,14960

(അവലംബം: പഞ്ചായത്ത് റജിസ്റ്റർ)

പഞ്ചായത്തുരാജ് നിയമം നിലവിൽ വന്നതിനുശേഷം മറുവകുപ്പുകളിൽനിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ പട്ടിക 5 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 5

നമ്പർ	വകുപ്പ്	തുക പദ്ധതിവിഹിതം	പദ്ധതിയേതരവിഹിതം	ആകെ
1	മൃഗസംരക്ഷണം	...	3000	3000
2	ആരോഗ്യം	1600	35390	36990
3	കൃഷി	165535	...	165535
4	പി. ഡബ്ല്യു. ഡി.	15870	19900	35700
5	ഹരിജനക്ഷേമം	...	162	162
6	മറ്റുള്ളവ	...	...	...
	ആകെ	183005	58452	241457

(അവലംബം: പഞ്ചായത്ത് റജിസ്റ്റർ)

ധനകാര്യ അവകാശങ്ങൾ.

1 കാർഷികാദായനികുതി ഗ്രാമപഞ്ചായത്തിനു ലഭിക്കണം.

2 ഭൂനികുതിയുടെ വരുമാനം ഗ്രാമപഞ്ചായത്തിനു നൽകണം.

3 ഗ്രാമപഞ്ചായത്തിലൂടെ മൈനർ ഇറിഗേഷൻ, മണ്ണുസംരക്ഷണം എന്നിവയുടെ ഫണ്ട് വിനിയോഗിക്കണം.

4 പഞ്ചായത്തിൽ നിന്നും കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളും ബോണ്ടിലൂടേയും കടപ്പത്രങ്ങളിലൂടേയും സമാഹരിക്കുന്ന തുകയുടെ 50% പഞ്ചായത്തിനു നൽകണം.

5 ഉപാധിരഹിത ഫണ്ട് പഞ്ചായത്തിൻെറ ഗ്രേഡ് നോക്കാതെ സാമ്പത്തിക നില അടിസ്ഥാനമാക്കി ലഭിക്കണം.

6 വരൾച്ച വെള്ളപ്പൊക്ക ദുരിതാശ്വാസസഹായങ്ങളും ഗ്രാമ പഞ്ചായത്തിലൂടെ വിനിയോഗിക്കണം.

7 കെട്ടിടങ്ങളുടെ നികുതി വാർഷികമായി പുതുക്കി നിശ്ചയിക്കണം.

8 കെട്ടിടനികുതി നിർണ്ണയിക്കുന്നതിൽ മാനദണ്ഡങ്ങളും കർശനമായി പാലിക്കണം.

9 ഇഷ്ടിക ചൂളകൾക്ക് നിർമ്മാണത്തിനു ആനുപാതികമായി ലൈസൻസ്ഫീസ് ഈടാക്കണം.

10 വളർത്തു നായ്ക്കളുടെ ലൈസൻസ്ഫീസ് വർദ്ധിപ്പിക്കണം. ലൈസൻസ് എടുക്കാത്തവരോട് പിഴ ചുമത്തണം.

ധനകാര്യസ്ഥാപനങ്ങളുടെ പ്രവർത്തനം.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങളും ജില്ലാസഹകരണബാങ്കിൻെറ പുതുക്കുളം ശാഖ, BST യുടെ മലയാലപ്പുഴ ശാഖ, മലയാലപ്പുഴ 371–ാം നമ്പർ സഹകരണ കാർഷിക വായ്പ സംഘം എന്നിവയാണ്. SBT ശാഖ കൊടുക്കുന്ന വ്യാവസായിക കിർഷിക വായ്പകളും നിക്ഷേപത്തിൻെറ ചെറിയൊരു ശതമാനം മാത്രമാണ്. പുതുക്കുളത്ത് പ്രവർത്തിക്കുന്ന ജില്ലാ സഹകരണ ബാങ്കിൻെറ ശാഖ നിക്ഷേപത്തിൻെറ 64% വായ്പയായി നൽകുന്നുണ്ട്. സഹകരണ മേഖലയിലുള്ള ധനകാര്യസ്ഥാപനങ്ങളുടെ പ്രവർത്തനം കൃഷിക്കാരുടെ സാമ്പത്തികാവശ്യങ്ങളും നിറവേറുന്നതിനു പര്യാപ്തമല്ല. മാത്രമല്ല ഇവിടെ നിന്നും വായ്പ എടുക്കുന്നവരിൽ ഭൂരിഭാഗവും വായ്പ തുക ഫലപ്രദമായ രീതിയിൽ വിനിയോഗിക്കാത്തതിനാൽ തുക തിരിച്ചടയ്ക്കാൻ കഴിയുന്നില്ല. ഗ്രാമപഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്ക് അനുഗുണമായ രീതിയിൽ ഇവിടെയുള്ള ധനകാര്യസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടേണ്ടത് അനിവാര്യമാണ്.

SBT ശാഖയുടെ നിക്ഷേപത്തിന്റേയും വായ്പയുടേയും വിവരങ്ങൾ പട്ടിക–6 ൽ സൂചിപ്പിച്ചിരിക്കുന്നു.

വർഷം	നിക്ഷേപം	വായ്പകൾ			മറ്റ് വായ്പ	SC/ST വിഭാഗത്തിൽപെട്ടവർക്ക് നൽകിയ വായ്പ
		കാർഷികം	വ്യവസായം	സ്വയംതൊഴിൽ		
91-92	19332000	145000	...	60000	240000	120000
92-93	24407000	180000	...	70000	260000	140000
93-94	27300000	265000	...	30000	650000	130000
94-95	31200000	1125000	...	120000	926000	161000
95-66	33284000	702000	...	329000	1480000	149000

നിക്ഷേപസമാഹരണത്തിനുവേണ്ടി കൃഷിക്കാരുടെയും തൊഴിലാളികളുടെയും സാമ്പത്തികാവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്തതുമൂലം സ്വകാര്യപണമിടപാടുകാരെ ആശ്രയിക്കേണ്ടതായി വരുന്നു. അതിന്റെ ഫലമായി ഇവർ വൻസാമ്പത്തികബാദ്ധ്യതയിൽപെട്ട് നട്ടം തിരിയുന്നു. ഇവർക്ക് ആശ്വാസം ലഭിക്കാൻ സഹകരണപ്രസ്ഥാനങ്ങളുടെ വളർച്ച ഉറപ്പാക്കണം.

നമ്മുടെ ഗ്രാമപഞ്ചായത്തിൽനിന്നും വിദേശനാടുകളിൽ 430 തോളം പേർ ജോലി ചെയ്യുന്നു. ഇവരിൽ വളരെ ചുരുക്കംപേർക്കുമാത്രമെ ഉയർന്ന വരുമാനം ഉള്ളൂ. വരുമാനത്തിന്റെ സിംഹഭാഗവും വാണിജ്യബാങ്കുകളിലെ നിക്ഷേപമായും കെട്ടിടനിർമ്മാണത്തിനും ഉപയോഗിക്കുന്നു. കാർഷികവ്യവസായമേഖലകളിൽ കാര്യമായ സംഭാവന ചെയ്യുന്നില്ല. വിദേശങ്ങളിൽ ജോലിചെയ്യുന്നവരുടെ സമ്പാദ്യം കാർഷിക വ്യാവസായിക മേഖലകളിലേക്ക് തിരിച്ചുവിട്ടാൽ പ്രസ്തുത മേഖലകളിൽ പുരോഗതി നേടുന്നതിനു് സാധിക്കും.

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പണികൾ പ്രത്യേകച്ച് റോഡുകളുടെ നിർമ്മാണം ജനങ്ങളുടെ സന്നദ്ധ സേവനത്തിലൂടെയും സംഭാവനയിലൂടെയും ആണ് നിർമ്മിച്ചിട്ടുള്ളത്. കഴിഞ്ഞവർഷം ആലുനിൽക്കുന്ന്—മണലൂർ റോഡ് (4km) കോട്ടമുക്ക്—ആനശാരിക്കൽ റോഡ് (3km) ആനശാരിക്കൽ—മീൻമൂട്ടിക്കൽ റോഡ് (3km) ഹെൽത്ത് സെൻറർപടി—കോമാട്ട്പടി റോഡ് (1.5km) പൊതീപ്പാട്—മുക്കഴിറോഡ് എന്നിവയും പൊതീപ്പാട്—അംഗനവാടിയും S. N. D. P. U P S ഗ്രൗണ്ടും സന്നദ്ധപ്രവർത്തനം മുഖേന പുനരുദ്ധാരണ വേലകൾ നടത്തുകയുണ്ടായി. നിർമ്മാണ പ്രവർത്തനങ്ങളിൽ ഇടനിലക്കാരെ ഒഴിവാക്കി പൊതുജനങ്ങളുടെ സന്നദ്ധസേവനത്തിലൂടെയും സംഭാവനയിലൂടെയും നടത്തിയാൽ വികസന രംഗത്ത് ഒരു മുന്നേറ്റം ഉണ്ടാക്കാൻ സാധിക്കും. ഇതിനു് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെയും മറ്റ് ബഹുജനസംഘടനയുടെയും സഹായം നേടാവുന്നതാണ്.

പ്രശ്നങ്ങൾ

1 വർഷതോറും ഭരണച്ചിലവിലുള്ള വർദ്ധനവ്
2 നിർമ്മാണ പ്രവർത്തനങ്ങളിൽ ഇടനിലക്കാരുടെ ചൂഷണം
3 പൊതുഫണ്ടുകളുടെ അശാസ്ത്രീയ വിനിയോഗം
4 ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള തടസ്സം
5 വായ്പകളുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം
6 ഇടക്കിടെ ബാങ്കുകളിൽ വരുന്ന വായ്പ നിയന്ത്രണം
7 വരുമാന സാധ്യതകളും പൂർണ്ണമായി ഉപയോഗപ്പെടുത്താതിരിക്കൽ
8 സന്നദ്ധപ്രവർത്തനങ്ങളും നടത്തുന്നതിൽ പൊതുജനങ്ങളുടെ താല്പര്യക്കുറവ്.

നിർദ്ദേശങ്ങൾ

1 നിർമ്മാണ പ്രവർത്തനങ്ങളിൽ ഫലപ്രദമായി നടത്താൻ പഞ്ചായത്തുതല — വാർഡ്തല സമിതികളും രൂപീകരിക്കുക
2 പൊതുഫണ്ടുകളും ഗ്രാമപഞ്ചായത്തിന്റെ വികസന സാധ്യതയ്ക്ക് അനുസരിച്ച് മുൻഗണന ക്രമത്തിൽ വിനിയോഗിക്കണം
3 വികസന കാര്യങ്ങളെക്കുറിച്ചും അതിൽ സന്നദ്ധസേവനത്തിന്റെ പ്രധാന്യത്തെക്കുറിച്ചും വ്യാപകമായ ബോധവൽക്കരണം നടത്തി ബഹുജനങ്ങളുടെ സേവനവും സംഭാവനയും ആർജ്ജിക്കണം
4 കാലാകാലങ്ങളിൽ വികസന പ്രവർത്തനങ്ങളും നടത്തുന്നതിനുവേണ്ടി ക്രെഡിറ്റ് പ്ലാൻ തയ്യാറാക്കണം
5 ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളും അച്ചടിച്ച് പരസ്യപ്പെടുത്തണം
6 പുതിയ കെട്ടിടങ്ങൾക്ക് ഉടനടി നമ്പരിടുകയും നികുതി നിശ്ചയിക്കുകയും വേണം
7 ഗ്രാമപഞ്ചായത്തിലെ വരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യതകളും നല്ലവണ്ണം പ്രയോജനപ്പെടുത്തണം
8 കാർഷിക വിഭവങ്ങളുടെ ലഭ്യതയനുസരിച്ചുള്ള വ്യവസായങ്ങളും തുടങ്ങുക
9 പഞ്ചായത്തിലുള്ള പാറമടകൾക്കും ഇഷ്ടിക ചൂളകൾക്കും ലൈസൻസ്ഫീസ് ഈടാക്കുക
10 25 ഹെക്ടറിലധികം റബ്ബർതോട്ടം ഉള്ളവരിൽ നിന്ന് സെസ്സ് ഈടാക്കണം
11 തൊഴിലാളികളെ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിന്റെ കീഴിൽകൊണ്ടുവരിക
12 മലയാലപ്പുഴ ജംഗ്ഷനു സമീപമുള്ള ഗവ. പ്രൈമറിസ്കൂൾ സൗകര്യപ്രദമായ സ്ഥലത്തേക്കുമാറ്റി തൽസ്ഥാനത്തു് ബസ്സ്റ്റാൻഡും ഷോപ്പിംഗ് കോംപ്ലക്സും ലോഡ്ജും നിർമ്മിക്കുക.
13 മലയാലപ്പുഴ, കുമ്പളാംപൊയ്ക മാർക്കറ്റുകളിൽ സ്റ്റാളുകളും പണിയുകയും മറ്റു പ്രദേശങ്ങളിൽ പൊതുമാർക്കറ്റുകളും ആരംഭിക്കുകയും ചെയ്യുക.
14 ബാങ്കുകളുടെ നിക്ഷേപ–വായ്പ അനുപാതം വർദ്ധിപ്പിക്കുക.
15 വായ്പപദ്ധതികളുടെ വ്യവസ്ഥകളും ലഘൂകരിക്കുകയും വായ്പത്തുക ഫലപ്രദമായ രീതിയിൽ വിനിയോഗിയ്ക്കുന്നുണ്ടോ എന്നു് പരിശോധിക്കുകയും ചെയ്യുക.

അധികാരം ജനങ്ങളിലേക്ക്